Reg: No. M. 2689.
T. 32.

License No 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം ൧൯൪൫ ജനുവരി ൧൫-ാംനു | ലക്കം ൧൨൨
പേജ് ൧൨ | ൧൧൨൦ മകരം ൧-ാംനു തിങ്കളാഴ്ച | ഒറ്റപ്രതി ൨ അണ.

# ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാരുടെ വാദം

പ്രൊഫസർ സുധാംശുവിമൻമുക്കർജി എം. ഏ.

സൗത്ത് ആഫ്രിക്കൻയൂണിയന്റെ ഭരണസാരഥ്യം വഹിക്കുന്ന വെള്ളക്കാർ അവിടത്തെ ഇന്ത്യാക്കാരെപ്പറ്റി ചെയ്യുന്ന ആരോപണങ്ങൾ എന്തെല്ലാമെന്നും അവയുടെ യാഥാർത്ഥ്യം എന്തെന്നും അറിയുന്നതു് ഈ അവസരത്തിൽ പ്രയോജനകരമാണല്ലോ. എൺപതോളം വർഷങ്ങൾക്കു മുമ്പാണു് നേറ്റാൽഗവർമ്മെന്റിന്റെ അപേക്ഷപ്രകാരം ഇൻഡ്യൻ തൊഴിലാളികളെ ആ സ്ഥലത്തേക്കു കപ്പൽകയറുന്നതിനു ഇൻഡ്യാഗവർമ്മെന്റ് അനുവദിച്ചതു്. അന്നുമുതൽ ഇന്നുവരെ നേറ്റാൽ, ട്രാൻസ്‌വാൾ, കേപ്പ് എന്നീ സ്ഥലങ്ങളിലെ ഇൻഡ്യാക്കാർ ആ രാജ്യങ്ങളുടെ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി പ്രവൃത്തിചെയ്തുകൊണ്ടിരിക്കുകയാണു. സൗത്ത് ആഫ്രിക്കൻയൂണിയന്റെ ഐശ്വര്യത്തിനു കാരണഭൂതർ ഏറിയകൂറും ഇൻഡ്യാക്കാരാണെന്നു പറയുന്നതിൽ അതിശയോക്തി തെല്ലും ഇല്ലതന്നെ. എന്നാൽ ദുരധികാരപ്രമത്തരായ യൂണിയനിലെ വെള്ളക്കാർ ഈ വസ്തുത വിസ്മരിച്ചുകളഞ്ഞതായിത്തോന്നുന്നു. ഇൻഡ്യാക്കാരെ ഞെക്കിയും ഞെരുക്കിയും യൂണിയനിൽനിന്നു പുറത്തുചാടിക്കണമെന്നാണു് അവരുടെ ദുരാഗ്രഹം.

ആഫ്രിക്കയിലെ ഇന്ത്യാക്കാർക്കെതിരായി പുറപ്പെടുവിക്കുന്ന ഒരു വാദം അവർ വൈദേശികരാണെന്നാണു്. "അവരെ സ്വീകരിക്കുന്നതിനു വിസമ്മതിക്കുന്ന ഒരു വർഗ്ഗത്തിന്റെ ഇടയിൽ ബലാൽക്കാരമായി തള്ളിക്കയറുന്നവരാണു് ഏഷ്യാക്കാർ" എന്നത്രേ ഒരിക്കൽ മിൽനർപ്രഭു പ്രസ്താവിച്ചതു്. സൗത്ത് ആഫ്രിക്കയിലെ മിക്ക വെള്ളക്കാരും ഇതു വാസ്തവമാണെന്നു വിശ്വസിക്കുന്നു. എന്നാൽ യാഥാർത്ഥ്യം നേരെമറിച്ചാണു്. സൗത്ത് ആഫ്രിക്കയിലെ ഇന്ത്യക്കാരിൽ എൺപത്തിഅഞ്ചുശതമാനവും അവിടെ ജനിച്ചവരാണു്. അവരിൽ ഭൂരിപക്ഷത്തിനും ജന്മഭൂമിയായി മറ്റൊരു നാടില്ല. മാതൃഭൂമിയായ ഇന്ത്യയിലേക്കു മടങ്ങിവരണമെന്നു അവർ ഉദ്ദേശിക്കുന്നുമില്ല. ആ രാജ്യത്തിലെ സാമൂഹ്യവും സാമ്പത്തികവുമായ വ്യവസ്ഥിതിയിൽ അവർ ഒഴിച്ചുകൂടാൻപാടില്ലാത്ത ഘടകങ്ങളുമാണു്. സൗത്ത് ആഫ്രിക്കൻയൂണിയനിൽ അവർ വൈദേശികരാണെന്നു പറയുന്നതിൽ യാതൊരു വാസ്തവവുമില്ലെന്നു വ്യക്തമാണു്.

ചരിത്രപരമായി പരിശോധിച്ചാലും ഈ വാദം അസാധുവാണെന്നു കാണാവുന്നതാണു്. സൗത്ത് ആഫ്രിക്കൻ സംസ്കാരത്തിന്റെ അടിസ്ഥാനം ഇട്ടതു് ഇന്ത്യാക്കാരാണെന്നുള്ളതിനു ലക്ഷ്യങ്ങൾ ഉണ്ടു്. സിംബാബ്‌വെയിലെ നഷ്ടശിഷ്ടങ്ങൾ ഇന്ത്യൻസംസ്കാരത്തിന്റെ അവശിഷ്ടങ്ങളാണെന്നു പ്രൊഫസർ ഫർബേനിയസ് അഭിപ്രായപ്പെടുന്നു. നേറ്റാലിൽ ഇന്ത്യക്കാർ പ്രവേശിച്ചതു് ഇംഗ്ലീഷുകാർ അവിടെ കുടിയുറപ്പിച്ചു ൨൦ വർഷംമാത്രം കഴിഞ്ഞശേഷമാണു്. ഡച്ചുകാർ ട്രാൻസ്‌വാളിൽ പ്രവേശിച്ചു ൨൦ സംവത്സരം കഴിഞ്ഞപ്പോൾ ഇന്ത്യക്കാരും അവിടെ എത്തി. ഇന്ത്യക്കാരെ വിദേശികളെന്നും അതിനുശേഷം ആയിരക്കണക്കിനു ചെന്ന വെള്ളക്കാരെ സ്വദേശികളെന്നും വിളിക്കുന്നതു യുക്തിക്കു യോജിച്ചതാകുകയില്ല. സൗത്ത് ആഫ്രിക്കയിലെ വെള്ളക്കാരുടെ അപേക്ഷപ്രകാരമാണു ഇന്ത്യാക്കാർ ആ രാജ്യത്തേക്കു പുറപ്പെട്ടതു് എന്നുള്ളതും വിസ്മരിക്കാവുന്നതല്ല. ആകർഷണീയങ്ങളായ പല പ്രലോഭനങ്ങളും കാട്ടിയാണു് ദരിദ്രരായ ഇൻഡ്യാക്കാരെ അവിടെ വരുത്തിയതു്.

വെള്ളക്കാരോടു നീതിരഹിതമായ സാമ്പത്തികമത്സരത്തിൽ ഇൻഡ്യാക്കാർ ഏർപ്പെടുന്നു എന്നതാണു് മറ്റൊരു ആരോപണം. ഇൻഡ്യാക്കാരുടെ ജീവിതത്തോതു വളരെ താണതാണെന്നും വാദമുണ്ടു്. ഇതിൽ ആദ്യത്തെ ആരോപണം തികച്ചും അസാധുവാണു്. ഇൻഡ്യൻവ്യാപാരിയുടെ വിജയരഹസ്യം അവന്റെ മിതവ്യയശീലം, പരിശ്രമം, സംതൃപ്തി, മിതമായ വിലനിരക്കു്, മര്യാദയായുള്ള പെരുമാറ്റം ഇവയാണു്. ഇടത്തരക്കാർക്കും ദരിദ്രന്മാർക്കും കാനുഗ്രഹമാണു് ഇൻഡ്യൻവ്യാപാരികളുടെ വിലനിരക്കുകൾ. അതിനാൽ ആയിരക്കണക്കിനു അവർ അങ്ങോട്ടു ആകർഷിക്കപ്പെടുന്നു. യൂറോപ്യന്മാരെക്കാൾ കൂടുതൽ ന്യായമായ രീതിയിലും സൗജന്യങ്ങളോടുകൂടിയുമാണു് അവർ വില്പന നടത്തുന്നതു്. ഇൻഡ്യൻ വ്യാപാരശാലകളുടെ അഭിവൃദ്ധിയിലുള്ള കണ്ണുകടികൊണ്ടാണു അവർ അന്യായമായി വിലതാഴ്ത്തി വില്ക്കുന്നു എന്നും നീതിരഹിതമായി മത്സരിക്കുന്നു എന്നും മറ്റുമുള്ള ആരോപണങ്ങൾ വെള്ളക്കാർ ഉന്നയിക്കുന്നതു്. ഇൻഡ്യൻമുതലാളിമാർ അവരുടെ കീഴ്ജീവനക്കാർക്കു് വെറും പട്ടിണിക്കൂലിയാണു് കൊടുക്കുന്നതെന്നു അവർ പറഞ്ഞുപരത്തുന്നുണ്ടു്. ഇൻഡ്യൻ മുതലാളിമാർ അവരുടെ ജോലിക്കാർക്കു ശമ്പളത്തിനുപുറമെ അന്നവസ്ത്രാദികളും താമസസ്ഥലവും കൊടുത്തുവരുന്നുണ്ടെന്നുള്ള വസ്തുത പ്രസ്താവ്യമാണു്. ഇൻഡ്യൻസ്ഥാപനങ്ങളിലെ വെള്ളക്കാരികളായ ജോലിക്കാർക്കു ലഭിച്ചുവരുന്ന ശമ്പളം താരതമ്യേന യൂറോപ്യന്മാർ കൊടുക്കുന്നതിൽ കുറവുമല്ല. ലേബർഡിപ്പാർട്ടുമെന്റ് നടപ്പിൽ വരുത്തിയിട്ടുള്ള കൂലിനിശ്ചയനിയമം ഈ വാദത്തിന്റെ അടിത്തട്ടു തകർത്തുകളഞ്ഞുമിരിക്കുന്നു.

ഇൻഡ്യാക്കാരുടെ 'താണ ജീവിതത്തോതു്' എന്ന ആരോപണത്തിന്റെ അയാഥാർത്ഥ്യത്തെപ്പറ്റി അന്നു ഇൻഡ്യാസെക്രട്ടറിയായിരുന്ന ക്രൂവ്പ്രഭു ൧൯൧൧-ൽ ഇംപീരിയൻ കാൺഫറൻസിൽ ഇപ്രകാരം പ്രസ്താവിച്ചു. 'ഒരുവൻ അവനും ഭാര്യയും കുഞ്ഞുങ്ങളും സസ്യഭുക്കുകളും മദ്യപാനം ചെയ്യാത്തവരും ആയിരിക്കുന്നതിനാലും, യൂറോപ്യൻരീതി അനുകരിക്കുന്നവരെക്കാൾ കുറഞ്ഞ ചിലവിൽ അവർക്കു ജീവിക്കുന്നതിനു സാധിക്കുന്നതിനാലും യാതൊരു തെറ്റുമില്ലതന്നെ. ഒരുവൻ ചോറും വെള്ളവുംകൊണ്ടു തൃപ്തിപ്പെടുമെങ്കിൽ, അവനു പന്നിയുടെയും പശുവിന്റെയും മാംസവും മദ്യവും ആവശ്യമില്ലെങ്കിൽ, അവനും കുടുംബത്തിനും കുറഞ്ഞ ചിലവിൽ ജീവിക്കാവുന്നതാണു്. ഇൻഡ്യക്കാർക്കു് അന്യമായ ഒരു സാമ്പത്തികസിദ്ധാന്തത്തിലേക്കു, അവർക്കു അനിഷ്ടമായ ഒന്നിലേയ്ക്കു അവരെ പരിവർത്തനം ചെയ്യിക്കാമെങ്കിൽ മാത്രമേ അതു സാധിക്കുകയുള്ളു.' യൂറോപ്യന്റെ ജീവിതത്തോതിൽനിന്നു താരതമ്യേന കുറഞ്ഞതാണു ഇൻഡ്യാക്കാരന്റേതു എന്നു അവൻ സമ്മതിക്കുന്നില്ല. അങ്ങനെയാണെങ്കിൽതന്നെ അതിനു ഉത്തരവാദി യൂറോപ്യൻ ആണു. ൧൯൨൦-ൽ ഏഷ്യാറ്റിക്കു് എൻക്വയറികമ്മിഷൻ മെമ്പറായ സർ ബെൻജമിൻ റോബർട്ടുസൺ ബോധിപ്പിച്ചതിപ്രകാരമാണു്. 'ചുരുക്കിച്ചിലവുചെയ്യുന്നവനാണു ഏഷ്യാക്കാരൻ എന്നു പറഞ്ഞു അവനെ കുറ്റപ്പെടുത്തുന്നു; എന്നാൽ അവൻ ഏതെങ്കിലും മാർഗ്ഗത്തിൽക്കൂടി ചിലവുചെയ്യുന്നതിനു ഒരുമ്പെട്ടാൽ അതിൽ വൈരസ്യവും അതിനു തടസ്സവുമുണ്ടാകുന്നു. ചിലവു കൂടുതൽവേണ്ട ഹോട്ടലുകളിൽ താമസിക്കുന്നതിനോ നല്ല റസ്റ്റാറന്റുകളിൽ നിന്നു ആഹാരം കഴിക്കുന്നതിനോ അവനെ അനുവദിക്കുന്നില്ല. ചിലവുകുറഞ്ഞ, ശേഷപ്പെട്ട സ്ഥലങ്ങളെ അഭയം പ്രാപിക്കുന്നതിനു അവൻ നിർബ്ബന്ധിതനാകുന്നു. അവന്റെ അവശതകൾ ചിലവുചുരുക്കുന്നതിനു അവനെ നിർബ്ബന്ധിതനാക്കുന്നു."

ഇന്ത്യൻകർഷകത്തൊഴിലാളിക്കു നൽകിവരുന്ന കൂലി ആക്ഷേപാർഹമായവിധത്തിൽ കുറഞ്ഞതാണു്. ഇന്ത്യൻതൊഴിലാളികൾക്കു മില്ലുകളും തോട്ടക്കാരും താമസത്തിനു കൊടുത്തിട്ടുള്ള ഭവനങ്ങൾ ഏറ്റവും നിന്ദാർഹമായവിധത്തിലുള്ളവയാണു്. "അതിൽ സ്വല്പം ഭേദമായുള്ള ഭാഗം പുറത്തെ വെള്ളക്കുമ്മായംമാത്രമാണു്," എന്നൊരാൾ അഭിപ്രായപ്പെടുകയുണ്ടായി.

ആഫ്രിക്കൻവെള്ളക്കാരുടെ ഇന്ത്യൻവിരുദ്ധനയത്തിനു അനുകൂലമായി പറയപ്പെടുന്ന മൂന്നാമത്തെ വാദം, സൗത്താഫ്രിക്കയിലെ പാശ്ചാത്യപരിഷ്കാരത്തിന്റെ നിലനില്പിനും വികാസത്തിനും ഇന്ത്യാക്കാരേയും അവരുടെ സംസ്കാരത്തേയും അവിടെനിന്നും ബഹിഷ്കരിക്കേണ്ടതു അത്യാവശ്യമാണെന്നാണു്. ഇതും അർത്ഥമില്ലാത്ത ഒരു വെറുംവാദമാണു്. തെക്കേആഫ്രിക്കയിൽ, പാശ്ചാത്യപരിഷ്കാരം പ്രാബല്യത്തിലിരിക്കയാണെന്നുള്ളതു പരമാർത്ഥമാണു്. അതിന്റെ വേരുകൾ അവിടെ ദൃഢമായി ഊറച്ചുകഴിഞ്ഞിട്ടുള്ളതിനാൽ അവിടെനിന്നു അതിനെ ഇളക്കിമാറ്റിക്കളയുക അസാദ്ധ്യമാണെന്നുള്ളതും ഒരു പരമാർത്ഥമാണു്. അവിടുത്തെ വെള്ളക്കാരല്ലാത്ത സമുദായക്കാർ കഴിയുന്നിടത്തോളം പാശ്ചാത്യസംസ്കാരത്തോതിനു യോജിച്ചവിധത്തിൽ ജീവിക്കുന്നതിനു ശ്രമിച്ചുവരികയാണു്. ഇന്ത്യാക്കാരും ഇതിൽനിന്നു വ്യത്യസ്തമല്ല. സൗത്താഫ്രിക്കയിലെ ഇന്ത്യാക്കാരിൽ ഭൂരിപക്ഷവും പാശ്ചാത്യരുടെ രീതിയിൽ ജീവിക്കുകയാണു് ചെയ്തുവരുന്നതു്. അവരുടെ ജീവിതരീതി പൌരസ്ത്യമല്ല, കൂടുതൽ പാശ്ചാത്യമാണു്. സാമ്പത്തികമായി അവരോടു സാമ്യമുള്ള വെള്ളക്കാരുടേതിനേക്കാൾ കുറഞ്ഞതല്ല അവരുടെ ജീവിതരീതിയെന്നു അവർ അവകാശപ്പെടുകയുംചെയ്യുന്നുണ്ടു്.

സൗത്ത് ആഫ്രിക്കയിൽ ആകെയുള്ള ഏകദേശം രണ്ടേകാൽലക്ഷം ഇന്ത്യാക്കാരിൽ ൨ ലക്ഷത്തോളം നറ്റാലിലാണു്. പൊതുവെ നറ്റാലിലെ ഇന്ത്യാക്കാരെ ആഫ്രിക്കയിലെ ഇന്ത്യാക്കാരുടെ മാതൃകയായി ഗണിക്കാവുന്നതാണു്. നറ്റാലിലെ ഇന്ത്യാക്കാരെപ്പറ്റി ഇന്ത്യൻ കാളനൈസേഷൻ എൻക്വയറികമ്മിഷൻ (യംഗ്കമ്മിഷൻ) പ്രസ്താവിച്ചിരിക്കുന്നതു ഇപ്രകാരമാണു്.

'സാമാന്യമായി പറയുകയാണെങ്കിൽ നറ്റാലിൽ ജനിച്ച ഇന്ത്യൻ വിദ്യാഭ്യാസപരമായും സാമുദായികമായും അവന്റെ മാതാപിതാക്കന്മാരെക്കാളും വളരെ പുരോഗമിച്ചിട്ടുണ്ടു്...അവൻ അവന്റെ മതം ഉപേക്ഷിച്ചിട്ടില്ലെങ്കിലും അവൻ പാശ്ചാത്യരീതികൾ അനുകരിക്കുകയും, അവന്റെ പിതാവു ജീവിച്ചതുപോലെ അസമർത്ഥമായ തൊഴിലുകളിൽനിന്നു ലഭിക്കുന്ന മിതമായ ആദായംകൊണ്ടു ജീവിക്കുന്നതിൽ അതൃപ്തിയുള്ളവനും ആണു്,

പാശ്ചാത്യസംസ്കാരത്തെ സംരക്ഷിക്കുന്നതിനായി ഇന്ത്യാക്കാരെ യൂണിയനിൽനിന്നു ബഹിഷ്കരിക്കണമെന്നുള്ള വാദത്തിന്റെ അസാധുത ഇതിൽനിന്നു വ്യക്തമാകുന്നതാണല്ലോ.

ഈ വാദത്തിന്റെ പൊള്ളത്തരം ശ്രീമതി വിജയലക്ഷ്മിപണ്ഡിറ്റ് പൂർണ്ണമായി വ്യക്തമാക്കിക്കഴിഞ്ഞു. യു. എൻ. ഓ. യുടെ ഒരു യോഗത്തിൽ ശ്രീമതി വിജയലക്ഷ്മി ഇപ്രകാരം പ്രസംഗിക്കുകയുണ്ടായി.—'സൗത്ത് ആഫ്രിക്കയിൽ ഇന്ത്യാക്കാരുടെ സാന്നിദ്ധ്യം പാശ്ചാത്യപരിഷ്കാരത്തിനു ആപല്ക്കരമാണെന്നു പറയുന്നതിന്റെ അർത്ഥം അതു യൂറോപ്യൻമേധാവിത്വത്തിനു ആപല്ക്കരമാണെന്നാണു്. സംസ്കാരമല്ല ആപത്തിനെ അഭിമുഖീകരിക്കുന്നതു്. വെള്ളക്കാരുടെ മേധാവിത്വം എന്ന സിദ്ധാന്തമാണു്. വെള്ളക്കാരുടെ മേധാവിത്വം സംരക്ഷിക്കുക എന്നതു യഥാർത്ഥത്തിൽ ഒരുവർഗ്ഗത്തിനു മറ്റെല്ലാവർഗ്ഗങ്ങളുടെയുംമേലുള്ള മേധാവിത്വത്തിന്റെ സംരക്ഷണം എന്നതാണു്.' മിസ്സിസ് പണ്ഡിറ്റ് തുടരുന്നു: 'യൂറോപ്യരല്ലാത്ത ൮൦൦൦൦൦൦ ജനങ്ങളുടെമേൽ സാമ്പത്തികമായ അധികാരം ചെലുത്തുന്നതിനാണു പാശ്ചാത്യസംസ്കാരം എന്ന വാദം സൗത്ത് ആഫ്രിക്ക ഉന്നയിക്കുന്നതു്. സ്റ്റേറ്റ് അതു നിയന്ത്രിക്കുന്നവരുടെ ആഗ്രഹത്തെ പ്രതിഫലിപ്പിക്കുന്നു എന്നതിനു ഇതൊരു ദൃഷ്ടാന്തമാണു്..

ഇന്ത്യാക്കാരെ സൗത്ത് ആഫ്രിക്കയിൽ പ്രവേശിപ്പിക്കുന്നതുമൂലം അവർക്കു ക്രമേണ അവിടെ പ്രാബല്യം സിദ്ധിക്കുകയും വെള്ളക്കാരുടെ പ്രാബല്യം അസ്തമിക്കുകയും ചെയ്യുന്നതാണെന്നു വാദിക്കപ്പെടുന്നു. ഇതു തികച്ചും അടിസ്ഥാനരഹിതമാണു്. യൂണിയനിലെ യൂറോപ്യനും ഇന്ത്യനും ജനങ്ങളുടെ സംഖ്യ ഈ വാദത്തെ തകർക്കുന്നു. താഴെ ചേർത്തിട്ടുള്ള പട്ടിക അതു വ്യക്തമാക്കുന്നു.

| പ്രാവിൻസു | വർഷം | വെള്ള | ഇൻഡ്യൻ |
|---|---|---|---|
| കേപ്പ് | 1911 | 582.377 | 6609 |
| | 1921 | 650,609 | 6498 |
| | 1931 | 749.231 | 6500 |
| നറ്റാൽ | 1911 | 98,114 | 133030 |
| | 1921 | 136 835 | 141336 |
| | 1931 | 696.120 | 163400 |
| ട്രാൻസ്‌വാൾ | 1911 | 420.562 | 10,048 |
| | 1921 | 543.385 | 13,405 |
| | 1931 | 696.120 | 15,500 |
| ഓറഞ്ച് | 1911 | 175,189 | 106 |
| ഫ്രീസ്റ്റേറ്റ് | 1921 | 188 566 | 100 |
| | 1931 | 205,375 | 100 |

കേപ്പിലും ഓറഞ്ച്ഫ്രീസ്റ്റേറ്റിലും 1911-നുശേഷം

ഇന്ത്യാക്കാരുടെ ജനസംഖ്യയിൽ പറയത്തക്ക മാററം ഉണ്ടായിട്ടില്ലെന്നു് ഇതുകൊണ്ടു വ്യക്തമാകുന്നുണ്ടല്ലോ. ട്രാൻസ്‌വാളിൽ 1911-നും 21-നും ഇടയ്ക്കു 33·4 ശതമാനവും 1921-നുശേഷം 15·6 ശതമാനവും ആണു വർദ്ധനവു്. 1911-നും 21-നും ഇടയ്ക്കു നേറാലിൽ 6·2 ശതമാനവും 1921-നുശേഷം 15·6 ശതമാനവുമാണു്. ഇക്കാലത്തിനിടയ്ക്കു യൂണിയൻ ഒട്ടാകെ വെള്ളക്കാരുടെ ജനസംഖ്യാവർദ്ധനവു 43 ശതമാനവും ഇന്ത്യാക്കാരുടേതു 25 ശതമാനവുമാണു്. പ്രസ്തുതഘട്ടത്തിൽ ഇതരവർഗ്ഗങ്ങൾക്കുണ്ടായിട്ടുള്ള ജനസംഖ്യാവർദ്ധനവുമായി താരതമ്യപ്പെടുത്തുമ്പോൾ വെള്ളക്കാരുടെ വാദം നിരർത്ഥമാണെന്നു വ്യക്തമാകുന്നതാണു്. ഏഷ്യാക്കാരെ യൂണിയനിൽ പ്രവേശിപ്പിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള ൧൯൧൩-ലെ ഇമ്മിഗ്രേഷൻ റഗുലേഷൻ ആക്ററു്, ൧൯൧൪ ലെ സ്മട്ട്സ് ഗാന്ധികരാർ, ൧൯൨൭ ലെ കേപ്പ്ടൗൺ ഉടമ്പടി എന്നിവയ്ക്കുശേഷം ഇൻഡ്യാക്കാർ വെള്ളക്കാരെ ന്യൂനപക്ഷമാക്കിക്കളയുമെന്ന ഭീതിയ്ക്കു അർത്ഥമില്ല. ൧൯൧൪-നുശേഷം ഒരു ചെറിയസംഘം അദ്ധ്യാപകന്മാർക്കും മതപ്രസംഗകർക്കും മാത്രമേ 'അഭ്യസ്തവിദ്യരായ ഇൻഡ്യാക്കാർ എന്ന നിലയിൽ' പ്രവേശനം സിദ്ധിച്ചിട്ടുള്ളു. ലാങ്ങ്‌കമ്മിഷന്റെയും യംഗ്‌കമ്മിഷന്റെയും റിപ്പോർട്ടുകളും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. ൧൯൩൩-൩൪ വർഷത്തിൽ നേററാലിൽ ൧൪-ം കേപ്പിൽ ൧൪൯൦-ം ഇൻഡ്യാക്കാർ മാത്രമേ പാർലമെൻറിലേക്കു വോട്ടർമാരായുണ്ടായിരുന്നുള്ളു. ൧൯൪൬-ൽ ഓറഞ്ചു ഫ്രീസ്റ്റേററിൽ ൨൯ ഏഷ്യാക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ട്രാൻസ്‌വാളിലെ ഇൻഡ്യാക്കാരനു പാർലമെൻറിനോ മുനിസിപ്പാലിററിക്കോ വോട്ടുചെയ്യുന്നതിനോ ഭൂമിവാങ്ങുന്നതിനോ അവകാശമില്ല.

ഇവരാണോ സൗത്തു് ആഫ്‌റിക്കയിലെ വെള്ളക്കാരുടെ മേധാവിത്വത്തിനു പ്രതിബന്ധമായി വരുവുന്നതു്? സാമാന്യബുദ്ധി എന്ന ആ അസാമാന്യഗുണമുള്ള ആരാണു ഇതു വിശ്വസിക്കുന്നതു്?

ഇൻഡ്യാക്കാർക്കെതിരായി പറയപ്പെട്ടുവരുന്ന മറെറാരു ആരോപണം അവർ വെള്ളക്കാരുടെ സമുദായജീവിതവലയത്തിനുള്ളിൽ തള്ളിക്കയറി അവരിൽ അനാശാസ്യമായ സ്വാധീനം ചെലുത്തുന്നുണ്ടെന്നും അപ്രകാരം വെള്ളക്കാരുടെ താല്പര്യങ്ങൾക്കു ഹാനിവരുത്തുന്നു എന്നുമാണു്. മററുവാദങ്ങളെപ്പോലെതന്നെ ഇതിനും കഴമ്പൊന്നുമില്ലതന്നെ.

യൂണിയനിലെ ഇന്ത്യാക്കാർ യഥാർത്ഥ ഇന്ത്യാക്കാർതന്നെയാണു്. എങ്കിലും അവരുടെ ജീവിതരീതിയിൽ അവർ വെള്ളക്കാരെ അനുകരിക്കുകയാണു് ചെയ്തുവരുന്നതു്. തൊഴിൽപരമായിമാത്രമേ അവർക്കു പാശ്ചാത്യരുമായി സമ്പർക്കമുള്ളു ഇന്ത്യയിലെ വെള്ളക്കാരും നാട്ടുകാരുമായുള്ളതിനേക്കാൾ അകന്നതും ഔപചാരികമാത്രവുമാണു് അവർതമ്മിലുള്ള സമ്പർക്കം. ഇന്ത്യയിലെ ഒരുചെറിയ ഭൂരിപക്ഷംമാത്രമായ യൂറോപ്യർക്കു സാമുദായികമായി ഇന്ത്യാക്കാരുടെ സമ്പർക്കത്തിൽനിന്നു ദോഷമുണ്ടാകുന്നില്ലെങ്കിൽ പലവിധതടസ്സങ്ങളും പ്രതിബന്ധങ്ങളും അസമത്വങ്ങളും അനുഭവിക്കുന്ന ആഫ്രിക്കയിലെ ഒരു ന്യൂനപക്ഷമായ—വെള്ളക്കാരേക്കാൾ കുറഞ്ഞ ജനസംഖ്യമാത്രമുള്ള ഇന്ത്യാക്കാരിൽനിന്നു എന്താപത്താണു് അവർക്കുണ്ടാകാൻ പോകുന്നതു്. ഇന്ത്യാക്കാരും യൂറോപ്യൻസ്ത്രീകളുമായി അസാന്മാർഗ്ഗികമായ ബന്ധങ്ങളുള്ളതായി ചില വെള്ളക്കാർ ലാങ്ങ്‌കമ്മിഷൻമുമ്പാകെ ൧൯൩൦-ൽ മൊഴികൊടുക്കുകയുണ്ടായി. പക്ഷെ അതുസംബന്ധിച്ചു തെളിവു നൽകുന്നതിനു അവർക്കു സാധിച്ചില്ല. പുരോഹിതവർഗ്ഗത്തിൽപെട്ട ചിലർക്കു ചില തെളിവുകൾ കൊടുക്കുന്നതിനു സാധിച്ചുഎങ്കിലും അത്തരം ബന്ധത്തിലേപ്പെട്ട സ്ത്രീകൾ ദരിദ്രരും വിദ്യാഭ്യാസമില്ലാത്തവരുമാണെന്നും വെളിവാക്കപ്പെടുകയുണ്ടായി. കമ്മിഷൻ പ്രസ്തുത ആരോപണങ്ങളെപ്പററി ഗൌരവമായി ഗൌനിക്കുകപോലുമുണ്ടായില്ല. ൧൯൨൩-൨൩-ൽ നടന്ന ൩൯൨൩ വിവാഹങ്ങളിൽ യൂറോപ്യരും ഏഷ്യാക്കാരും തമ്മിലുണ്ടായതു ൭൪-ം യൂറോപ്യരും യൂറോപ്യരല്ലാ-

# ജയപ്രകാശനാരായൻ *

## അജയ്യനായ ഒരു വിപ്ലവകാരി

റ്റി എ അബ്ദുൽ ലത്തീഫ്

'എന്നെ സംബന്ധിച്ചിടത്തോളം നിയമലംഘനം ഒരു തൊഴിലാണു്. നിങ്ങളുടെ നിയമങ്ങളെ ഞാൻ ആദരിക്കുന്നില്ല. ഇതേ കാരണംകൊണ്ടുതന്നെയല്ലേ ഞാൻ ഇന്നു ഈ ജയിലിൽ ആകേണ്ടിവന്നതു്? ജയിലിനു വെളിയിലായിരുന്നപ്പോഴും ഞാൻ നിയമം ലംഘിച്ചിരുന്നു. ഇനിയും അപ്രകാരം ചെയ്യേണ്ടിവന്നാൽ അതിനു ഞാൻ മടിക്കുന്നതല്ല. അതിൽനിന്നുമുളവാകുന്ന ഭവിഷ്യത്തുകൾ നേരിടാൻ ഞാൻ തികച്ചും തയാറാണു്,

ഈ ധീരമായ വാക്കുകളാണു് ശ്രീ ജയപ്രകാശ് ഒരവസരത്തിൽ ജയിലധികാരിയുടെ ഭീഷണിക്കു മറുപടിയായി പറഞ്ഞതു്.

കാൺഗ്രസ്സ് സോഷ്യലിസ്‌ററുകക്ഷിയുടെ അനിഷേധ്യനേതാവായ ജയപ്രകാ



ശ് ഭാരതാംബയുടെ നിരവധി പ്രശസ്തസന്താനങ്ങളിൽ പ്രഥമഗണനീയനാണു്. ഇൻഡ്യയിൽ സോഷ്യലിസത്തിന്റെ ഒരു തീവ്രവാദി എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്ഥാനം സമുന്നതമാണു്. ൧൯൪൨-ലെ പ്രക്ഷോഭണകാലത്തു് ബ്രിട്ടീഷ് പോലീസിനു് ഇത്രയധികം ശല്യത്തിനു കാരണക്കാരനായ ഒരു വിപ്ലവകാരിയും ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം.

അഹിംസാപട്ടത്തിന്റെ അധിരാജനായ ഗാന്ധിജി പറയുന്നു, സോഷ്യലിസത്തിൽ ജയപ്രകാശ് ഒരു അതോറിട്ടിയാണെന്നു്. പടിഞ്ഞാറൻ സോഷ്യലിസത്തെപ്പററി അദ്ദേഹത്തിനറിഞ്ഞുകൂടാത്തതു് വേറാർക്കും അറിഞ്ഞുകൂടായെന്നും. സ്വരാജ്യത്തിന്റെ—ഭാരതത്തിന്റെ—മുക്തിക്കുവേണ്ടി സർവ്വവും ത്യജിച്ചു് രംഗത്തിറങ്ങിയ ഈ ധീമാൻ ഒരു സാധാരണ സോഷ്യലിസ്റ്റ്‌വാദിയല്ല. അദ്ദേഹം സുധീരനായ ഒരു സ്വാതന്ത്ര്യഭടനാണു്. എന്നാൽ ഒരുകാര്യം ഓർക്കേണ്ടതുണ്ടു്. റഷ്യയിലെ ഇസവും ജയപ്രകാശിന്റെ 'ഇസ'വുംതമ്മിൽ ഈഷദ്‌ബന്ധവുമില്ല. അദ്ദേഹത്തിന്റെ ആദർശത്തിനു് ഭാരതീയമായ ഒരു രൂപം അദ്ദേഹം പ്രദാനംചെയ്തു. അതിലാണു് അദ്ദേഹത്തിന്റെ വിജയരഹസ്യം അന്തർലീനമായിരിക്കുന്നതു്. അതിനാലാണു് ഇന്നദ്ദേഹം ഭാരതീയജനതയുടെ ഒരു ചെറുവിഭാഗത്തിന്റെയെങ്കിലും ബഹുമാനത്തിനു് പാത്രവാനായിത്തീർന്നതു്.

ഈ സ്വരാജ്യസ്നേഹിയുടെ കത്തിക്കാളുന്ന സ്വാതന്ത്ര്യപ്രേമമാകുന്ന അഗ്നിയിൽ ഏതൊരു ശത്രുവാണു് വെന്തു വെണ്ണീറാകാത്തതു്!

ഈയിടെ വിമോചിതനാക്കപ്പെട്ട അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതം ബോസിന്റെ പ്രവർത്തനത്തെ അല്പമാത്രമായിട്ടെങ്കിലും അനുസ്മരിപ്പിക്കുന്നില്ലേ? എന്നാൽ അവർ തമ്മിലുള്ള അന്തരമോ?

സുഭാഷിനെപ്പോലെ നമ്മുടെ കഥാപുരുഷൻ ഒരു കുലീനകുടുംബത്തിന്റെ അവകാശിയല്ല. പിന്നെയോ? അദ്ദേഹം ഒരു സാധുകർഷകന്റെ ഓമനസന്താനമാണു്. സുപ്രസിദ്ധപാശ്ചാത്യസാഹിത്യകാരനായ കാർലൈൻ ഒരിക്കൽ പറഞ്ഞിട്ടുണ്ടു്, മൂന്നുകൂട്ടർ മാത്രമാണു് മാന്യജീവിതം നയിക്കുന്നവരായിട്ടുള്ളതെന്നു്—കർഷകൻ, ഭടൻ, പണ്ഡിതൻ. ജയപ്രകാശ് കർഷകനായി ജനിച്ചു. (സ്വാതന്ത്ര്യ)ഭടനായി വളർന്നു. പാണ്ഡിത്യം ഉടലെടുത്തതാണദ്ദേഹം.

സംഭവബഹുലമായ അദ്ദേഹത്തിന്റെ മഹനീയജീവചരിത്രത്തിന്റെ ഏടുകൾ ഇവയ്ക്കു് എത്രയോ ദൃഷ്ടാന്തങ്ങളാണു് അനുവാചകരുടെ കൺമുമ്പിൽ നിരത്തുന്നതു്.

അമേരിക്കയിൽ സർവ്വകലാശാലയ്ക്കുള്ളിലും പുറമേ പ്രവൃത്തിരംഗത്തിലുമായി ജയപ്രകാശ് തന്റെ യുവത്വത്തിന്റെ ഏറിയകൂറും കഴിച്ചുകൂട്ടി. ആ ദിവസങ്ങൾ മാർക്സിന്റെ സിദ്ധാന്തങ്ങളുടെ സമഗ്രമായ പഠനത്തിന്നു് സഹായകമായിരുന്നു. സാർവ്വദേശീയമനോഭാവത്തിന്റെ ഒരു പ്രത്യക്ഷപ്രകാശനമായിമാത്രം ഇതിനെ വ്യാഖ്യാനിച്ചാൽ മതി. അങ്ങനെ മാർക്സിന്റെ തത്വങ്ങളിൽ അടിയുറച്ച വിശ്വാസത്തോടെ ഇൻഡ്യയിലേക്കു തിരിച്ചുവന്ന ജയപ്രകാശ് തനിക്കു സംസിദ്ധമായ വിജ്ഞാനശകലത്തിന്റെ സാരാംശം ജനതാമദ്ധ്യത്തിൽ പരത്താനാണു് തുനിഞ്ഞതു്. ഇതിൽ അദ്ദേഹത്തിന്റെ വിജയം തീർച്ചയായും നിസ്തുല്യമാണു്.

ജയിലിന്റെ ഉച്ചഭിത്തിക്കും, സി. ഐ. ഡി. ഉദ്യോഗസ്ഥന്റെ കനത്ത ഭീഷണിക്കും യാതൊന്നിനുംതന്നെ ജയപ്രകാശിന്റെ പ്രവർത്തനങ്ങൾക്കു് വിരാമമിടാൻ കഴിഞ്ഞില്ല. യൂസഫ്‌മെഹറാലി പറയുന്നതുപോലെ, ജീവിതത്തിന്റെ പ്രയാസങ്ങളെ ആദ്യമേതന്നെ അനുഭവിച്ചറിഞ്ഞ അദ്ദേഹത്തിനു് ഇതുവല്ലതും.

'സോഷ്യലിസം എന്തിനു്?' എന്ന തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം തെററിദ്ധാരണാപരമായ പല ആരോപണങ്ങൾക്കും നിശിതമായും എന്നാൽ നിപുണമായും മറുപടി നൽകുന്നുണ്ടു്. ചുരുങ്ങിയ ഒരു കാലഘട്ടംകൊണ്ടു് അദ്ദേഹം തന്റെ കക്ഷിയ്ക്കു് നേടിവച്ച നേട്ടം അമൂല്യമാണു്. തികഞ്ഞ വാമപക്ഷവാദികളായിരുന്ന ആചാര്യ നരേന്ദ്രദേവു് തുടങ്ങി, കമ്മ്യൂണിസ്‌റ്റുവിദഗ്ദ്ധകക്ഷിയുടെ ഒരു പ്രധാനപ്രതിനിധിയായിരുന്ന മസാനിവരെ ആളുകളെ ജയപ്രകാശ് ആദർശത്തിന്റെ തണലിൽ ഒന്നിച്ചുചേർത്തതു് ഓർക്കുമ്പോൾ ആ വിപ്ലവകാരിയുടെ അനന്യസാധാരണമായ വ്യക്തിപ്രഭാവത്തിന്റെ മുമ്പിൽ നമ്രശിരസ്കനാകാനേ തരമുള്ളു. ഗാന്ധിജി ദശാബ്ദങ്ങൾകൊണ്ടു സാധിച്ചനേട്ടങ്ങൾ ജയപ്രകാശ് കേവലം ദിവസങ്ങൾകൊണ്ടു് നേടുവാൻ പ്രാപ്തനാണെന്നു പറഞ്ഞാൽ അതിൽ ആശ്ചര്യത്തിനു് അല്പവും വകയില്ലതന്നെ.

ജയപ്രകാശിന്റെ വീക്ഷണം ഭാരതത്തിന്റെ ഹ്രസ്വപരിധിക്കുള്ളിൽ (അ

(ശേഷം പതിനൊന്നാംപേജിൽ)

* H. L Seth 'Red Fugitive.'

തവരുംതമ്മിൽ ൧൦൭൦-ം മാത്രമായിരുന്നു.

ഇന്ത്യാക്കാരുടെ സാന്നിദ്ധ്യം ഒരു ശല്യമാണു്; സ്വഭാവദൂഷ്യമുള്ള ഒരുസമുദായമാണു് അവരുടേതു്, എന്നും മററുമുള്ള ആരോപണങ്ങളെപ്പററി ഇംപീരിയൽ കാൺഫറൻസിലെ യൂണിയൻപ്രതിനിധിയായിരുന്ന മി: ഹെൻറിബാട്ടൻ ൧൯൨൩-ൽ പ്രസ്താവിച്ചതു് അവർ സത്സ്വഭാവികളും നിയമാനുസരിക്കുന്നവരും ശാന്തന്മാരുമാകുന്നുവെന്നാണു്. നമ്മേപ്പോലെ വികാരങ്ങളുള്ള ഒരുജനതയെന്നനിലയിൽ അവരോടു പെരുമാറേണ്ടതു നമ്മുടെകർത്തവ്യമാണു് എന്നു അദ്ദേഹം അവരെ അനുസ്മരിപ്പിക്കയുമുണ്ടായി. ഇന്ത്യാക്കാർ അനാശാസ്യമായ പെരുമാററമുള്ളവരാണെന്നുള്ള ആരോപണത്തിനു മറുപടി താഴെ കാണുന്ന പട്ടികയിൽ കാണാം.

| വർഗ്ഗം | ഗൗരവതരമായ കുററങ്ങൾക്കു ശിക്ഷ | |
|---|---|---|
| | 1934 | 1539 |
| യൂറോപ്യൻ | 3312 | 2093 |
| നാട്ടുകാർ | 23931 | 20376 |
| ഏഷ്യാക്കാർ | 322 | 272 |
| വർണ്ണമുള്ളവർഗ്ഗങ്ങൾ | 4258 | 3887 |

സൗത്തു് ആഫ്‌റിക്കയിലെയും മററു കാളനികളിലെയും ഇൻഡ്യാക്കാർക്കെതിരായുള്ള നയത്തിന്റെ രഹസ്യം മറെറാന്നുമല്ല. ബ്രിട്ടീഷുകളോനിയൽ ഇംപീരിയലിസം ഒരു പുതിയ സാമ്പത്തികനയത്തിലേക്കു ചാഞ്ഞുതുടങ്ങിയിരിക്കുന്നു എന്നതാണു രഹസ്യം

൧൯൨൭-നു മുമ്പു ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചു വ്യാപാരലാഭം നേടുന്നതിൽ രാജ്യതന്ത്രജ്ഞന്മാർ വ്യാപൃതരായിരുന്നു. തൊഴിലാളികളും ചെറിയ വ്യാപാരികളും പുതിയ രാജ്യങ്ങൾ വികസിപ്പിക്കുന്നതിനു അന്നു് അത്യാവശ്യമായിരുന്നു. ഇന്നു സാമ്രാജ്യവിസ്‌തൃതി വർദ്ധിപ്പിക്കുന്നതിനു കഴിവില്ല. ഉള്ളവയെ ഞെക്കിഞെരുക്കി കിട്ടുന്നത്ര ആദായം കരസ്ഥമാക്കണമെന്നുള്ളതാണു് ഇന്നത്തെ ബ്രിട്ടീഷുകാരുടെ നയം ചെറിയ കർഷകനെയും ഇടനിലയ്ക്കുന്നിന്നവനെയുമാണു ആദ്യമായി ഞെരുക്കിപ്പുറത്തള്ളേണ്ടതു. ഇതാണു ഇന്നു സാൻസിബാർ, ടാങ്കനിക, ഉഗാൻഡാ, മറീഷ്യസ് സൗത്തു് ആഫ്‌റിക്ക തുടങ്ങിയ ബ്രിട്ടീഷു കാളനികളിൽ നാം കാണുന്നതു.

(മോഡേൺറിവ്യൂ)

—o—

# നിശാനിശമനം

## അയിരൂർ

വെൺകതിരതിൻ തെളിമ മാത്ര മതിനാലേ
വൻപുകഴിയന്ന പകലില്ലതിലസൂയ
എങ്കിലുമഹോമനുജ നിൻപുകൾ ചിലപ്പോ-
ഴെങ്കലൊരു ശങ്കയുളവാക്കുമതിമാത്രം

വഞ്ചതിയതേ പുലരിപ്പൂങ്കവിൾ തുടിച്ചു
പുഞ്ചിരിപ്പുരോഭുവി ചൊരിഞ്ഞുനിലകൊൾകേ
മുൻപലൊരുപോകമതു കണ്ണുകൾ നയിക്കീ
ട്ടൻപൊട്ടുപ്രഭാവലകൾ വീശ മ്പോൾ

നന്നിതുവിഭാത മിവാന്ധതകൾ പൊയ്പ്പോ
യെന്നൊരഭിഹന്ദന ധ്വയന്നുവരുമെന്നാൽ
വിണ്ണിലെരിതീക്കനലു പോലെ പലലോകം
മിനിയതു ഞാനതു മറന്നതറിവായി

ചെന്തെളിമലർക്കലകളെന്നു മിഹവാടം
തെന്മധുലകണ്ണാഭ്രി ചാർത്തിവിലസുമ്പോൾ
കണ്ടകസുമങ്ങളുടെ കാൽക്ഷണികകാന്ത-
ന്നെന്റെ മിഴിനീരിനുടെ ഹേതുവിതുമാത്രം

ഞാനിതരദുർല്ലഭ നിരാമയഭവിഷ്യത്
ജ്ഞാനമതുമാംസമിഴി കൊണ്ടറിവതോ നീ
മാനവതിയാകില്ല മൊരാർദ്രതയതാണ-
ന്യൂനമരികിൽ പ്രിയവതന്നുദിനവും ഞാൻ.

ചെറുകഥ

# സഖി

കെ. പി. രാമൻപിള്ള R. B. V.
മങ്കൊമ്പ്

വിവാഹകാര്യത്തെപ്പററി പലപ്രാവശ്യം അച്ഛൻ എന്നെ നിർബ്ബന്ധിച്ചു. അപ്പോഴെല്ലാം വേണ്ടാ എനിക്കു വിവാഹം ആവശ്യമില്ലെന്നുതന്നെ ഞാൻ മറുപടി പറഞ്ഞുകൊണ്ടിരുന്നു. പക്ഷെ കാരണം അതൊന്നുമല്ലായിരുന്നു.

ഒരുദിവസം അച്ഛൻ വീട്ടിൽവന്നതു് എന്റെ വിവാഹത്തീയതിപോലും നിശ്ചയിച്ചിട്ടാണ്. അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. ഞാൻ അതിനു വഴിപ്പെട്ടു. എന്റെ വിവാഹം നടന്നു. അമ്മാവന്റെ മകളെയാണു ഞാൻ വിവാഹം കഴിച്ചതു്. അമ്മാവൻ പത്തെഴുപതുമൈൽ അകലെയുള്ള ഒരു പട്ടണത്തിലെ വലിയൊരു ഫാക്ടറിയുടമസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ വിശാലമായ സമ്പത്തിനു ഏകാവകാശിനിയായിരുന്നു രാധ. രാധയ്ക്കു് അഴകുണ്ടായിരുന്നു. ഐശ്വര്യമുണ്ടായിരുന്നു. അവൾ അഭ്യസ്തവിദ്യയായിരുന്നു. പക്ഷെ ഇതൊക്കെയായാലും ഞങ്ങളുടെ ജീവിതത്തിനു് ഒരു പൊരുത്തമില്ലായിരുന്നു. വിവാഹം ഒരു ജീവിതകാലത്തിലെ നീണ്ട ബന്ധത്തിനു വേണ്ടിയുള്ളതല്ലേ? പല തലമുറകൾ സൃഷ്ടിക്കേണ്ട ബന്ധമല്ലേ അതു്? അതിലേപ്പെടുന്ന ജീവികൾ പരസ്പരവിരുദ്ധമായ വിചാരഗതികളോടുകൂടിയവരായാൽ.........? അവയ്ക്കു് തമ്മിലൊരാത്മീയൈക്യമില്ലാതെവന്നാൽ.........? എന്തിനു് ആ ജീവിതത്തിൽ എനിക്കു് അല്പംപോലും ആസ്വാദ്യത തോന്നിയില്ല. കാരണം. എന്റെ കുറ്റം മാത്രമല്ല. എനിക്കുപററിയ അമളി ഇത്രയേയുള്ളു. ഞാൻ കാളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു ധാരാളം ചെറുകഥകൾ എഴുതാറുണ്ടായിരുന്നു. സഹൃദയന്മാർ എന്റെ കഥകളെ അത്യാഹ്ളാദത്തോടുകൂടി വായിച്ചിരുന്നു. എനിക്കു ധാരാളം പ്രശംസാപത്രങ്ങൾ കിട്ടിക്കൊണ്ടിരുന്നു. അതെനിക്കുപററിയ അമളിയല്ല. അമളിയെന്തെന്നു പറയാം. ഞാൻ എഴുതാറുണ്ടായിരുന്ന പത്രങ്ങളിൽത്തന്നെ ഒരു 'സഖി'യുടെ കവിതകൾ കാണാറുണ്ടായിരുന്നു. ആ കവിതകൾ എന്നെ വല്ലാതാകർഷിച്ചു് അതിന്റെ രചയിത്രിയുടെ പാദസേവകനാക്കിത്തീർത്തെന്നു പറഞ്ഞാൽ മതിയല്ലോ? ഞാൻ എഡിറ്ററോടെഴുതി ചോദിച്ചു 'സഖി' ആരാണെന്നു്. അദ്ദേഹം അവൾ ആരാണെന്നു അറിയിച്ചു. എങ്കിലും അവ്യക്തമായ രീതിയിൽ! ഒരു കാളേജുവിദ്യാർത്ഥിനിയാണെന്നു. ഞാൻ വീണ്ടും അദ്ദേഹത്തിനെഴുതി. സഖിയുടെ കവിതകൾ അച്ചടിക്കുന്നതിന്റെ ഓരോ പ്രതി എനിക്കയച്ചുതരണമെന്നു്. ഇന്നെന്റെ കയ്യിൽ തികച്ചൊരുകെട്ടു കടലാസുണ്ടു്. സഖിയുടെ കവിതകൾ! ഞാൻ അവളെ എന്റെ ഹൃദയവേദിയിൽ പ്രതിഷ്ഠിച്ചാരാധിക്കാൻ തുടങ്ങി. അവൾക്കുവേണ്ടി ജീവിക്കാൻ തുടങ്ങി. ജീവിതത്തിൽ ഒരു നോക്കുപോലും കണ്ടിട്ടില്ലാത്ത ഒരു യുവതിക്കുവേണ്ടി. ഒരു വാക്കുപോലും സംസാരിച്ചിട്ടില്ലാത്ത ഒരു തരുണിക്കുവേണ്ടി. അവൾ എന്റേതാകുന്നതിലാണെനിക്കു ജന്മസാഫല്യമെന്നു ഞാൻ വിശ്വസിച്ചു. ആയിടയ്ക്കാണു് അച്ഛൻ എന്നെ വിവാഹത്തിനു നിർബ്ബന്ധിച്ചതും. ആയിരമായിരം ഒഴിവുകഴിവുകൾ പറഞ്ഞെങ്കിലും ഒടുവിൽ അച്ഛന്റെ ഹിതമനുസരിച്ചു് അമ്മാവന്റെ മകൾ രാധയെ ഞാൻ വിവാഹം കഴിച്ചതും. വിവാഹത്തിനുശേഷം കടലാസിൽ കണ്ട കാമിനിയിൽനിന്നു് ഹൃദയം അല്പമെല്ലാം വിടർത്തുന്നതിനു ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. എനിക്കതു സാധിക്കുമായിരുന്നു. ഞാൻ ഒരാത്മനിയന്ത്രണം വായത്തുകൊണ്ടല്ല. രാധയുടെ മോഹനകളേബരത്തിനു് ആരെയും അതിന്റെ അടിമയാക്കുവാനുള്ള കഴിവുണ്ടായിരുന്നു. പക്ഷെ പ്രേമം തുളുമ്പുന്ന ഒരു പുഞ്ചിരിപോലും—ആത്മാർത്ഥത നിഴലിക്കുന്ന ഒരു വാക്കുപോലും എനിക്കവളിൽനിന്നു ലഭിച്ചിരുന്നില്ല. രാധ ഒരിക്കലും ചിരിക്കുന്നതായിട്ടു ഞാൻ കണ്ടിട്ടില്ല. അവൾ അറിയാതെ നെടുവീർപ്പിടും. അതവളുടെ കുററമാണോ? ഞാൻ ചോദിക്കും—രാധേ നീ എന്താണിത്ര വിചാരഗ്രസ്തയായിക്കഴിഞ്ഞുകൂടുന്നതു്. അവൾ പറയും—'ഓ ഒന്നുമില്ല.' ഈ മറുപടി എത്രകണ്ടു സാധുവായിത്തീരുമെന്നു നിങ്ങൾതന്നെ പറയൂ.

ആശയുടെ കാഞ്ചനനിറം നിരാശയുടെ കരിനിഴലായിട്ടു മാറിയപ്പോൾ—മോഹനപ്രതീക്ഷകൾ അവയുടെ ആവശ്യമായ പരിണാമത്തിൽ എത്തിച്ചേരുന്നതിനുള്ള മട്ടില്ലെന്നു കണ്ടപ്പോൾ എന്റെ ജീവിതരീതി മറെറാരുവിധത്തിലായിത്തീർന്നു. ഞാൻ മദ്യപാനം തുടങ്ങി. ചില 'മററ' പ്രവൃത്തികളിൽ ഏർപ്പെട്ടുതുടങ്ങി. ആയിടെ ഞങ്ങളുടെ നാട്ടിൽ ഞാനൊരു സംസാരവിഷയമായിത്തീർന്നു. ലോകർ എന്നെ പഴിക്കാൻ തുടങ്ങി. ചിലർ പരിഹസിക്കാനും മററു ചിലർ സഹതപിക്കാനും. പക്ഷെ ആരെല്ലാമെന്തെല്ലാം പറഞ്ഞാലും മദ്യം എത്രതന്നെ നീചമെന്നോ നിന്ദ്യമെന്നോ പുഃസായിലും പിഃസായിലും ഉള്ളിടത്തോളം അസഭ്യപദങ്ങൾ കൊണ്ടു് അതിനെ അധിക്ഷേപിച്ചാലും എനിക്കതമൃതമാണു. എന്റെ തപ്തഹൃദയത്തിൽ ഒരു പനിനീർ പ്രവാഹംപോലെ അതു കടന്നു ഒഴുകിമറിയും. ആ നിമിഷങ്ങളിൽ എന്റെ ഹൃദയത്തിനു് അല്പം സമാധാനമുണ്ടാകും. മദ്യത്തിന്റെ മാദകത വിട്ടുപോയാൽ വീണ്ടും വിചാരങ്ങൾക്കും വികാരങ്ങൾക്കും അധീനനാകും. ഒന്നു രണ്ടു പ്രാവശ്യം അക്കഥ അനുഭവപ്പെട്ടപ്പോൾ ഉദയാസ്തമനങ്ങൾക്കിടയിൽ കുറഞ്ഞതൊരഞ്ചുപ്രാവശ്യമെങ്കിലും വാരുണീസേവചെയ്യുക എന്റെ പതിവായിത്തീർന്നു. ലോകം പഴിച്ചാലെനിക്കെന്തു്. എനിക്കതിൽ നിന്നുണ്ടാകുന്ന ആനന്ദത്തിന്റെ പരിമാണമറിയുന്നവർ ആരുണ്ടു്.

അന്നൊരു ശനിയാഴ്ചയായിരുന്നു. കൂലിക്കാർക്ക് അവരുടെ കൂലി തീർത്തുകിട്ടുന്ന ദിവസം. അതാണു് ഞായറാഴ്ചയ്ക്കുമുമ്പു വരുന്ന ശനിയാഴ്ചയുടെ പ്രത്യേകത. ഞാൻ ഷാപ്പിൽ ചെന്നപ്പോൾ മണ്ണുനുള്ളിയിടാൻ സ്ഥലമില്ലാത്തവിധത്തിലുള്ള ജനബാഹുല്യമുണ്ടകത്തു്. ആ കാഴ്ച! മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ആ കാഴ്ച—എന്റെ ഹൃദയം തരിപ്പിച്ചു. ഭാര്യയും ഭർത്താവും ഒരു ബെഞ്ചിലിരുന്നു കുടിക്കുന്നു.

(ശേഷം നാലാം പേജിൽ)




ബ്ലോക്ക വേലക്കാരൻ

ഈ ബ്ലോക്ക് വേലക്കാരന്റെ ജോലി, അച്ചടിക്കുന്നവന് ചിത്രങ്ങളും രൂപങ്ങളും ഛായാപടങ്ങളും ഉണ്ടാക്കുന്നതിന്നാവശ്യമായ അച്ചടിത്തകിടുകളും, ബ്ലോക്കുകളും നിർമ്മിക്കുകയാണ്.

പല നിറത്തിലുള്ള ഛായാപടങ്ങൾക്കും, ഉറുപ്പികനോട്ടുകളിലുള്ളതുപോലെ വിഷമമേറിയ ചിത്രപ്പണികൾക്കും ആവശ്യമുള്ള അച്ചടിത്തകിടുകൾ കൊത്തിയെടുക്കുവാൻ ഒരു നല്ല കലാനൈപുണ്യം ആവശ്യമാണ്.

ഇന്ത്യക്ക് ലോകത്തിലെ മററു രാജ്യങ്ങളിലേതുപോലെ ഭംഗിയായി അച്ചടിക്കുവാൻ സാധിക്കുന്നുണ്ട്. ഇതിന്ന് ഇന്ത്യ ഇവിടത്തെ ബ്ലോക്കുവേലക്കാരോട് വളരെ കടപ്പെട്ടിട്ടുണ്ട്.

കാർഷികമായും വ്യവസായികമായും ഉള്ള പുരോഗമനത്തിന്ന് വളരെ ആവശ്യമായ, ഇന്ത്യയുടെ 80 ശതമാനം കർഷകജനതയുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാൻ, ഇവന്റെ ഉല്പാദനങ്ങൾ നല്ലവണ്ണം സഹായിക്കും.

ഇന്ത്യയിലെ ഗ്രാമങ്ങളേയും, സംസ്കാരിക വ്യാവസായിക കേന്ദ്രങ്ങളേയും കൂട്ടി യോജിപ്പിക്കത്തക്ക നല്ല റോഡുകൾ ഉണ്ടാക്കിയാൽമാത്രമെ വളരെ വേഗത്തിൽ പുരോഗമനം ഉണ്ടാവുകയുള്ളു.

വ്യാവസായിക പുരോഗതിക്ക് ഇന്ത്യക്ക് നല്ല റോഡുകൾ വേണമെന്ന വിശ്വാസത്താൽ ബർമ്മാ—ഷെൽ പ്രസിദ്ധീകരിക്കുന്നതു്.



BURMAH-SHELL OIL STORAGE AND DISTRIBUTING CO. OF INDIA LTD. (INCORPORATED IN ENGLAND) GA/BS/6

# ഫാക്ടറി ഇൻസ്പെക്ഷൻ

കെ. ശിവശങ്കരപ്പിള്ള ബി. എസ്സ്സി.
(ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ആഫ് സോഷ്യൽസയൻസ് ബോംബെ)

നാം പത്രങ്ങളിൽ വായിക്കുകയുണ്ടായി; തിരുവിതാംകൂർ ഗവമ്മെൻറ്, തൊഴിലാളിസംരക്ഷണാർത്ഥം, ആറ് ഫാക്ടറിഇൻസ്പെക്ടർമാരേ നിയമിക്കാൻപോകുന്നു എന്ന്. എന്നാൽ ആരാണ് ഈ ഫാക്ടറി ഇൻസ്പെക്ടർമാർ, എന്താണ് ഈ ഫാക്ടറി ഇൻസ്പെക്ഷൻ എന്നുള്ളത് അഭ്യസ്ഥവിദ്യരുടെ ഇടയിൽ പോലും ഒരു പുത്തരിയായിത്തന്നെ ഇരിക്കുന്നു. ഫാക്ടറിഇൻസ്പെക്ഷനേക്കുറിച്ചും; ഇൻസ്പെക്ടർമാരേക്കുറിച്ചും ഒരുപൊതുവിവരണം നൽകുകഎന്നുള്ളതാണ് ഈ ലേഖനംകൊണ്ട് ഉദ്ദേശിക്കുന്നത്.

തൊഴിലാളികളുടെ ന്യായമായ സംരക്ഷണം ഇന്ന് ഏതൊരു രാഷ്ട്രത്തിൻേറയും മൗലികധർമ്മങ്ങളിൽ ഒന്നു മാത്രമാണ്. മുതലാളിമാർ അതു് ഇഷ്ടപ്പെട്ടുകയില്ലായിരിക്കാം. 'ഞങ്ങൾ തൊഴിൽ ചെയ്യിക്കുന്നതിന് ഞങ്ങൾ കൂലികൊടുക്കുന്നു. അതിൽ രാഷ്ട്രവും പൊതുജനങ്ങളും എന്തിന് ഇടപെടണം'. ഇതാണ് ഭൂരിപക്ഷംമുതലാളിമാരുടേയും നില.

തൊഴിൽ നിബന്ധനകളും, കമ്പനി നിബന്ധനകളുമാണ് ഒരു രാഷ്ട്രത്തിന് തൊഴിലാളികളോടുള്ള നയത്തേ വ്യക്തപ്പെടുത്തുന്നതു്. ജനപ്രാധിനിധ്യമുള്ള രാഷ്ട്രങ്ങളിൽ അവകൾ പൊതുജനാഭിപ്രായത്തെ ഉൾക്കൊള്ളുന്നു. മററു ഏതൊരു പുരോഗമനരാജ്യത്തോടും ഒപ്പം തന്നെ തിരുവിതാംകൂറിലും തൊഴിലാളികളേയും, വ്യവസായത്തേയും സംബന്ധിക്കുന്ന ചില നിയമങ്ങൾ കാണുന്നുണ്ട്.

തൊഴിലാളികളും മുതലാളികളും തമ്മിലുള്ള മത്സരം ഇന്നത്തെ സമുദായഘടനയുടെ ഒരു പ്രത്യേകതയാണ്. അവരുടെ താല്പര്യങ്ങൾ രണ്ടും വിഭിന്നങ്ങളാണ്. എന്നാൽ രണ്ടുകൂട്ടരുടേയും പ്രവൎത്തനകേന്ദ്രം ഒരിടത്തുതന്നെ സ്ഥിതിചെയ്യുകയും ചെയ്യുന്നു. ഈ മാൽസര്യത്തിൽ നിന്നും ഉണ്ടാകുന്ന അനിഷ്ടഫലങ്ങളെ കഴിവോളം ദൂരീകരിക്കാനും, സാമ്പത്തികമായും സാമുദായികമായും കൂടുതൽ ശക്തനായ മുതലാളിയുടെ ചൂഷണത്തിൽനിന്നും തൊഴിലാളിയേ രക്ഷിക്കുകയും മററും ചെയ്യുകയാണ്, തൊഴിൽനിബന്ധനകൾ സാധിക്കുന്ന മഹാ കാര്യങ്ങൾ.

എന്നാൽ നിബന്ധനകൾകൊണ്ടുമാത്രം ആയില്ല. അവകളെ പരിപാലിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുകകൂടി ചെയ്യേണ്ടതു് രാഷ്ട്രത്തിൻെറ കർത്തവ്യമാണ്. കർശനമായ അന്വേഷണം ഇല്ലെങ്കിൽ ലാഭം മാത്രം എണ്ണുന്ന മുതലാളിനിയമങ്ങളെ വകവെയ്ക്കുക കൂടി ഇല്ല. അവകൾ വെറും, നാമമാത്രമായി അവശേഷിക്കും. ഫാക്ടറിഇൻസ്പെക്ഷൻ ഒന്നു മാത്രമാണ് തൊഴിൽനിബന്ധനകളുടെ ജീവൻ.

ഇന്നത്തെ ജനസമുദായത്തിൽ ബഹുഭൂരിപക്ഷവും ജീവസന്ധാരണത്തിനുവേണ്ടി കൂലിവേലചെയ്തു ജീവിക്കുന്നവരാണ്. ഇവർതന്നെയാണ് നാളത്തെ ജനസമുദായത്തിൻെറ ഉല്പാദകന്മാരും. നമ്മുടെ വ്യവസായശാലകളിൽനിന്നും ഒരു തൊഴിലാളി സമ്പാദിക്കുന്ന അനാരോഗ്യവും മഹാരോഗവും അവനേ മാത്രമല്ല അവൻ ജീവിക്കുന്നതും അവൻെറ സന്താനങ്ങൾ ജീവിക്കേണ്ടതുമായ സമുദായത്തെ മുഴുവൻ ബാധിക്കുന്നു. അതിനാൽ തൊഴിലാളികളുടെ താല്പര്യങ്ങളെ സംരക്ഷിക്കുകയും, ഉൽക്കർഷത്തിനുവേണ്ടി യത്നിക്കുകയും ചെയ്യേണ്ടതു അതിപ്രധാനമായ ഒരു സമുദായസേവനമാകുന്നു.

ഒരുപക്ഷേ ഈ സംഗതികൾ മനസ്സിലാക്കിയിട്ടായിരിക്കാം നമ്മുടെ ഗവമ്മെൻറ് ഇപ്പോൾ കൂടുതൽ ഫാക്ടറിഇൻസ്പെക്ടറന്മാരെ നിയമിക്കാം എന്ന് തീരുമാനിച്ചതു്. തൊഴിലാളിസേവകന്മാൎക്കും സമുദായസേവകന്മാൎക്കും ഒരു ചെറിയ ആശ്വാസം നൽകുന്ന സംഗതിയാണ് ഇതു്.

ഗവമ്മെൻറ് നിയമനിൎമ്മാണസമിതികൾ മുഖാന്തിരമോ സ്വമേധയായോ, നടപ്പിൽവരുത്തിയിട്ടുള്ള നിബന്ധനകൾ മുതലാളിമാർ എത്രകണ്ടു അനുസരിക്കുന്നു എന്നു കണ്ടുപിടിക്കാനും, എതിരായി ചെയ്യുന്ന മുതലാളിമാരെ അവരുടെ പിശകു മനസ്സിലാക്കി, നിബന്ധനകളെ നടപ്പിൽ വരുത്താനും അല്ലാത്തപക്ഷം കുററങ്ങൾ ചാർജ്ജുചെയ്തു കേസാക്കാനും മററുമാണ്. ഫാക്ടറിഇൻസ്പെക്ഷൻകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു്. ഇപ്പോഴുള്ള നിബന്ധനകളേ നടപ്പിൽ വരുത്തുന്നതിനോടൊപ്പംതന്നെ കൂടുതൽ ഉപയോഗപ്രദങ്ങളായ നിബന്ധനകൾ നിൎമ്മിക്കാനും അതു സഹായിക്കുന്നുണ്ടു. തൊഴിലാളികളുടെ രക്ഷയും സംരക്ഷണവും ഫാക്ടറി ഇൻസ്പെക്ഷനിൽ സ്ഥിതിചെയ്യുന്നു.

വിദ്യാലയങ്ങളിൽ കെമിസ്റ്ററിയോ, ഭൂമിശാസ്ത്രമോ പഠിപ്പിക്കാൻ അവകൾപാസ്സായിട്ടുള്ള അദ്ധ്യാപകന്മാരാണ് ആവശ്യമെങ്കിൽ ഫാക്ടറി ഇൻസ്പെക്ഷന്, ഇൻഡസ്ട്രിയൻലേബറിനേക്കുറിച്ചും. ലേബർ നിബന്ധനകളേക്കുറിച്ചും പഠിപ്പും പരിചയവും ഉള്ള ഒരു ഇൻസ്പെക്ടരെ നിയമിക്കേണ്ടതു അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം വണ്ടിവലിക്കാൻ പൂച്ചകളെ ഉപയോഗിക്കുന്നതുപോലെ ഇരിക്കും. ഇൻസ്പെക്ഷൻെറ സകല വിജയവും ഇൻസ്പെക്ടറിൽ സ്ഥിതി ചെയ്യുന്നു. അതിനാൽ ഫാക്ടറി ഇൻസ്പെക്ടരെ നിയമിക്കുന്നതിൽ അധികാരികൾ പ്രത്യേകം ഗൗനിക്കേണ്ടതാണ്. നല്ല ശേഷിയും സ്വഭാവഗുണവും ഫാക്ടറിഇൻസ്പെക്ടർക്ക് അത്യന്താപേക്ഷിതമാണ്. ഫാക്ടറിഇൻസ്പെക്ഷൻ ഒരു സമുദായസേവനമായതിനാൽ, ഇൻസ്പെക്ടർ തീർച്ചയായും ഒരു സമുദായസേവകനായിരിക്കണം. അപ്പോൾ തൊഴിലാളികളെക്കുറിച്ചും നിബന്ധനകളെക്കുറിച്ചും ഉള്ള പ്രത്യേകഅറിവിനു പുറമേ ഇൻസ്പെക്ടർക്കു മററു സാമുദായിക ശാസ്ത്രങ്ങളേക്കുറിച്ചും പൊതുവേ ഒരു ജ്ഞാനം ഉണ്ടായിരിക്കണം. അപ്രകാരം ഉള്ള ഒരു ഇൻസ്പെക്ടർ അദ്ദേഹത്തിൻെറ തൊഴിൽ ഫലപ്രദമായി ചെയ്യുന്നതിനുപുറമേ ലേബർ ഡിപ്പാർമെൻറിനു മുഴുവൻ പൊതുജനങ്ങളുടേയും പ്രത്യേകിച്ചു് തൊഴിലാളികളുടേയും ഇടയിൽ പേരും പെരുമയും സമ്പാദിച്ചുകൊടുക്കുകകൂടി ചെയ്യുന്നു.

അമേരിക്കയിലും ഇംഗ്ലണ്ടിലും മററും ഫാക്ടറിഇൻസ്പെക്ടർമാൎക്കു് ഇൻഡസ്ട്രിയൽലേബറിനേക്കുറിച്ചുള്ള അറിവു് അത്യന്താപേക്ഷിതമായി ഗണിച്ചുവരുന്നു.

ഫാക്ടറി ഇൻസ്പെക്ഷൻ ലേബർ ഡിപ്പാർട്ടുമെൻറിൻെറ ഒരു ഭാഗമായതിനാൽ ഇൻസ്പെക്ടരുടെ നിയമനം ലേബർഡിപ്പാർട്ടുമെൻറ് നേരിട്ടു നടത്തേണ്ടതാണ്. ഫാക്ടറിഇൻസ്പെക്ടരുടെ അപ്രാപ്തിയെ ഒരു മുതലാളിക്കു വളരെ വേഗം കണ്ടുപിടിക്കാൻ സാധിക്കുന്നു. കമ്പനിനിയമങ്ങൾ പ്രവൎത്തനത്തിൽ കൊണ്ടുവരാൻ അപ്രാപ്തനാണ് അയാൾ എന്നു കാണുമ്പോൾ അവരുടെ തൊഴിലാളിചൂഷണം പതിൻമടങ്ങു വൎദ്ധിക്കുകയും തൊഴിലാളിപ്രശ്നങ്ങൾ കൂടുതൽ വഷളാവുകയും; അതു് സമുദായത്തെ മുഴുവൻ ബാധിക്കുകയും ചെയ്യുന്നു. അങ്ങിനെ അപ്രാപ്തനായ ഒരു ഇൻസ്പെക്ടർമൂലം ലേബർഡിപ്പാർട്ടുമെൻറിനോടു് തൊഴിലാളികൾക്കു പൊതുജനങ്ങൾക്കും ഒരുപോലെ അവജ്ഞ ഉളവാകുന്നു.

ഫാക്ടറി ഇൻസ്പെക്ടറുടെ പ്രവൎത്തനവിജയങ്ങൾക്കു് അദ്ദേഹത്തിനുള്ള അറിവും പ്രാപ്തിയും കൂടാതെ തക്കതായ അധികാരവും അത്യന്താപേക്ഷിതമാണ്. നമ്മുടെ മുതലാളിമാരിൽ ഭൂരിപക്ഷവും ആധുനികവ്യവസായരീതികളേക്കുറിച്ചും തൊഴിലാളിമുതലാളിബന്ധത്തിൻെറ ആവശ്യകതയെക്കുറിച്ചും അജ്ഞരും വിമുഖരും ആയതിനാൽ പല സന്ദൎഭങ്ങളിലും ഇൻസ്പെക്ടൎക്കു അധികാരം ഉപയോഗിക്കേണ്ടതായി വരും. ഇതിൻെറ ആവശ്യം അത്രവളരെ ഉണ്ടായിരുന്നതിനാൽ ആദികാലങ്ങളിൽ അമേരിക്കയിലുള്ള ചില രാജ്യങ്ങളിൽ പോലീസു് ഉദ്യോഗസ്ഥന്മാരെയാണ് ഇൻസ്പെക്ടർമാരായി നിയമിച്ചുവന്നതു്.

ഇതുപോലെ ഉള്ള ഒരു ചെറിയ ലേഖനത്തിൽ ഫാക്ടറി ഇൻസ്പെക്ഷൻെറ വിവിധവിധങ്ങളെക്കുറിച്ചു് മതിയായ ഒരു വിവരണം നൽകുക സാദ്ധ്യമല്ല. ചില പ്രധാന തത്വങ്ങൾ സംക്ഷിപ്തമായി പറയാമെന്നേ ഇതുകൊണ്ടു് ഉദ്ദേശിക്കുന്നുള്ളു.

രാജ്യത്തേമുഴുവൻ വിവിധവ്യവസായകേന്ദ്രങ്ങളായി തിരിച്ചു് ഓരോകേന്ദ്രത്തിലേക്കും ഓരോ ഇൻസ്പെക്ടറേയും അനുദ്യോഗസ്ഥന്മാരേയും നിയമിക്കേണ്ടതാണ്. ചില വിദേശീയരാജ്യങ്ങളിൽ വ്യവസായങ്ങളെ തരംതിരിച്ചു് ഓരോ വ്യവസായത്തിനും ഓരോ ഇൻസ്പെക്ടറെ നിയമിക്കുന്ന രീതിയും നടപ്പിലിരിക്കുന്നുണ്ടു്. ഇതിനും പുറമേ മറെറാരു രീതിയുള്ളതു് വിവിധനിയമങ്ങൾക്കുവേണ്ടി പ്രത്യേക ഇൻസ്പെക്ടറന്മാരേ നിയമിക്കുക എന്നുള്ളതാണ്. ഈ ഇൻസ്പെക്ടറന്മാൎക്കു് എല്ലാംകൂടി ഒരു ചീഫ് ഇൻസ്പെക്ടർ ഉണ്ടായിരിക്കേണ്ടതാണ്. ഒടുവിൽ പറഞ്ഞ രണ്ടുരീതിയിലും ആദ്യത്തേതിനേ അപേക്ഷിച്ചു്, രാജ്യംമുഴുവൻ ചററിസ്സഞ്ചരിക്കേണ്ടതായും അപ്രകാരം ഇൻസ്പെക്ടർ രാജ്യത്തിൻെറ ഒരുഭാഗത്തു് സഞ്ചരിച്ചു് പരിശോധന നടത്തുമ്പോൾ കുറേ അധികം നാളത്തേക്കു് മറെറാരുഭാഗം പരിശോധനയിൽനിന്നു് ഒഴിഞ്ഞുനില്ക്കേണ്ടതായി വരികയും ചെയ്യുന്നു.

ഇൻസ്പെക്ഷൻ അതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഒരു പ്രത്യേകപദ്ധതി അനുസരിച്ചു് നടത്തേണ്ടതാണ്. ഈ പദ്ധതി ഓരോ ഇൻസ്പെക്ടറും സ്വയമേവ രൂപീകരിച്ചു് ചീഫ് ഇൻസ്പെക്ടർ അംഗീകരിച്ചിട്ടുള്ളതോ, അല്ലാത്തപക്ഷം രാജ്യത്തിനു് പൊതുവേ ഉള്ള ഒരു പദ്ധതിയോ ആകാവുന്നതാണ്.

ഫാക്ടറി ഇൻസ്പെക്ടരുടെ ജോലി മുഴുവൻ കമ്പനിനിബന്ധനകളേയും തൊഴിൽനിബന്ധനകളേയും കൂടാതെ വ്യവസായശാലകളേയും തൊഴിൽരീതികളേയും ആശ്രയിച്ചിരിക്കുന്നു. അതിനാൽ ആദ്യമായി. ഓരോ വ്യവസായശാലയേയും അതിലെ തൊഴിൽരീതികളേയും ശരിയായി പഠിക്കുകയും; അവകൾ എത്രമാത്രം നിബന്ധനകൾക്കു് വിധേയങ്ങളാകുന്നുണ്ടെന്നു് മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. ഇൻസ്പെക്ടരുടെ മറെറാരു വലിയ ജോലി തൊഴിലാളികളുടേയും, മുതലാളിമാരുടെയും; പൊതുജനങ്ങളുടെയും, സഹകരണം ആൎജ്ജിക്കുക എന്നുള്ളതാണ്. ഇതു് വൎത്തമാനപത്രങ്ങളിൽകൂടിയും, മാസികകളിൽകൂടിയും ലേഖനങ്ങൾവഴിയായും പ്രക്ഷേപിണിപ്രസംഗങ്ങൾ പൊതുപ്രസംഗങ്ങൾ മുതലായവകൾ മൂലവും സാധിക്കാവുന്നതാണ്.

ഇൻസ്പെക്ടർ പരിശോധന തുടങ്ങുന്നതിനുമുൻപുതന്നെ വ്യവസായശാലയേക്കുറിച്ചും മുതലാളിമാരേക്കുറിച്ചും ഒരു രഹസ്യാന്വേഷണം നടത്തുന്നതു് നന്നായിരിക്കും. ഇതിൽ മുൻപുണ്ടായിട്ടുള്ള ഇൻസ്പെക്ഷൻ റിക്കാർഡുകൾ പരിശോധിക്കുക, മുതലാളി തൊഴിലാളിബന്ധം മനസ്സിലാക്കുക; തൊഴിലാളികൾക്കു് പൊതുവേയുള്ള പരാതികൾ അറിയുക. മുതലായവകൾ ഉൾപ്പെടുന്നു.

മുതലാളിമാരുമായി ഇടപെടുമ്പോൾ ഇൻസ്പെക്ടർ വളരെ സംഗതികൾ ശ്രദ്ധിക്കേണ്ടതായുണ്ടു്. ഇവിടെയാണ്, ഇൻസ്പെക്ടരുടെ സാമൎത്ഥ്യവും സ്വഭാവവും വെളിപ്പെടുന്നതു്. ഒരു വിദ്യാൎത്ഥിയായ എന്നെപ്പോലും, ഒരു മില്ലിൽ തൊഴിൽസ്ഥിതികളേക്കുറിച്ചു് ഗവേഷണംനടത്തുന്ന കാലത്തു്, ചില ഉദ്യോഗസ്ഥന്മാർകൂടി സംശയദൃഷ്ട്യാ വീക്ഷിച്ചുവന്നു, കുററങ്ങൾ കണ്ടുപിടിക്കാൻ വരുന്ന ഒരു രഹസ്യപോലീസായിട്ടാണ് മുതലാളിമാർ സാധാരണ ഇൻസ്പെക്ടർമാരെ കരുതി

(ശേഷം 9-ാം പേജിൽ)

(മൂന്നാംപേജിൽനിന്നും തുടർച്ച)

കളല്ല്! അതെ—അവർ—അധഃകൃതരാണ്, അതുകൊണ്ടു് ഇരുവരുമൊത്തു കൂടിക്കുന്നതിന്ന ഒരു ശക്തിയും അവരെ തടസ്സപ്പെടുത്തുന്നില്ല. അവർ എന്തു വേണമെങ്കിൽ കഴിച്ചുകൊള്ളട്ടെ! എങ്കിലും അവരുടെ പരസ്പരപ്രേമം—വിശ്വാസം—ആത്മീയൈക്യം———അതോർത്തു എൻെറ ഹൃദയം നൊന്തുതുടങ്ങി. ഞാൻ കുടിച്ചില്ല. നേരെ വീട്ടിലേക്കു തിരിച്ചു. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി, അതേഎൻെറജീവിതത്തെ നരകസമാനമാക്കിത്തീർത്ത ആ ജന്തുവിനെ ഇനിഒരുനിമിഷംപോലും ലോകത്തിൽ വച്ചുകൊണ്ടിരിക്കരുതെന്നുള്ള അടിയുറച്ച വിദ്വേഷബുദ്ധിയോടുകൂടി ഞാൻ വീട്ടിൻെറ നടയിലെത്തി. തീരുമാനിക്കേണ്ടകാര്യം നേരത്തെ തീരുമാനിച്ചു കഴിഞ്ഞിരുന്നല്ലോ? ഒട്ടും ക്ഷമയില്ലാതെ രാധയുടെമുറിവാതുക്കൽ ചെന്നു—അഹോ—എനിയ്ക്കെല്ലാം മനസ്സിലായി. എൻെറ ഭാര്യ രാധ ഒരു ചാരുകസേരയിൽ കിടക്കുകയായിരുന്നു. ഒരു വലിയ കടലാസുതുണ്ടുണ്ടായിരുന്നു അവളുടെ കയ്യിൽ. കണ്ണീരിൽ മുങ്ങിയ നയനങ്ങളെക്കൊണ്ടു് അവൾ അതു വായിച്ചുകൊണ്ടിരുന്നു—'രാധേ', ഇടിവെട്ടുന്നതുപോലെ അവൾക്കു തോന്നി. എൻെറ വിളി അവൾ വല്ലാതെയൊന്നു ഞെട്ടി. സംഭ്രമത്തോടുകൂടി ആ കടലാസുതുണ്ടു് ബ്ലൗസിനകത്തൊളിച്ചു. ഞാൻ അങ്ങോട്ടു പാഞ്ഞടുത്തു. എൻെറ കയ്യിലിരുന്ന പിസ്റ്റൾ അവളുടെഹൃദയത്തിൽ തറഞ്ഞു. അവൾ പിടഞ്ഞു നിലത്തു വീണു. ഞാൻ ബ്ലൗസിനകത്തുനിന്നു ആ കടലാസു കരസ്ഥമാക്കി നിവർത്തു നോക്കി. 'By Babu' എൻെറ തല കറങ്ങി. ഞാനെന്താണു ചെയ്തതു്—അതെ ഞാനെഴുതിയിരുന്ന ഒരു ചെറുകഥതന്നെയാണവൾ വായിച്ചുകൊണ്ടിരുന്നതു്. വേഗം നിലത്തിരുന്നു ഞാൻ അവളുടെ ശിരസ്സെടുത്തു മടിയിൽവച്ചു—'തങ്കം ഞാൻ തന്നെയാണ് ബാബു. ഞാൻ...ഞാൻ... മഹാപാപി. അയ്യോ...നീ എന്നെ ആരാധിച്ചിരുന്നു. പക്ഷെ, എൻെറ ഹൃദയം സഖിയിൽ ലയിച്ചിരുന്നു......'അയ്യോ' അവളുടെ ക്ഷീണകണ്ഠത്തിൽനിന്നു പുറപ്പെട്ടു. പ്രാണനാഥാ. സഖി, അവൾതന്നെയാണ് അങ്ങയുടെ മടിയിൽ വിശ്രമിക്കുന്നതു്. ഹൃദയേശ്വരാ—ഞാൻ അങ്ങയെ ആരാധിച്ചിരുന്നു. പക്ഷേ അങ്ങു എൻേറതായിരുന്നിട്ടുപോലും എനിക്കു അങ്ങയെ സ്നേഹിക്കാൻ കഴിഞ്ഞില്ല. എൻെറ ഹൃദയം ബാബുവിൽ ലയിച്ചിരുന്നു. അങ്ങു്...ബാബു...... എനിക്കു മാപ്പുതരണേ:—

'സഖി ഞാൻ മഹാപാപി......നിൻെറ വേദന നീ എങ്ങനെ സഹിക്കും!

അവൾ സമാധാനം പറഞ്ഞു—'ഹൃദയേശ്വരാ, വേദന......വേദനയല്ല ഹാ എന്തൊരു പരമാനന്ദമാണു് ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്നതു്. പ്രാണനാഥാ ഈ അവസാനനിമിഷത്തിലെങ്കിലും എൻെറ അഭിലാഷം നിറവേറിയല്ലോ. ദൈവം പരമകാരുണികനാണ്. എനിക്കു...വിട—തരു———

— ം —

ഉദയാ പ്രസ്സ്, പുനലൂർ

ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ ഭാഷകളിലുള്ള എല്ലാംവിധ അച്ചടിജോലികളും, റൂളിംഗ്. ബൈൻറിംഗ് തുടങ്ങിയ പ്രസ്സ്സംബന്ധമായ ഇതരജോലികളും എറ്റവും ഭംഗിയായി കൃത്യസമയത്തു ചെയ്തുകൊടുപ്പാൻ തയാർ. കൂടാതെ തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ കമനീയമായ വാൾപോസ്ററുകളും അടിച്ചുകൊടുക്കപ്പെടും.

Apply to:
The Manager,
UDAYA PRESS, PUNALUR.

(പതിനൊന്നാംപേജിൽനിന്നും തുടർച്ച)

ളാക്കും ഇങ്ങനെതന്നെ ഉണ്ടാകണേ എന്നു ഞാൻ ഈശ്വരനോടു പ്രാർത്ഥിക്കുന്നു.

വിവിധദേശങ്ങളിലെ വനിതകളുടെ സൌന്ദര്യത്തെപ്പററി ലേഖക വിവരിക്കുമ്പോഴും, അപഗ്രഥിച്ചു് അളന്നും തൂക്കിയും തിട്ടപ്പെടുത്താവുന്ന ഒരു സാധനമാണു് വനിതാസൌന്ദര്യം എന്നു തോന്നിപ്പോകും. ഈ അളവുകൾവെച്ചുനോക്കിയിട്ടു ചില അസൂയക്കുക്ഷികൾ എനിക്കു സൌന്ദര്യമില്ലെന്നു് ഞാൻ കേൾക്കാതെ പറയുന്നതു് എന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്. എനിക്കു് ഈ നിരൂപകരോടു ദേഷ്യമല്ല, അവരുടെ അജ്ഞതയിൽ അനുകമ്പയാണു തോന്നുന്നതു്. ഓമനക്കുട്ടൻചേട്ടൻ എന്നെപ്പററി എന്തു വിചാരിക്കുന്നു എന്നതാണു് എനിക്കു മുഖ്യം. അദ്ദേഹം രഹസ്യമായി സൂക്ഷിക്കുന്ന ഒരു • ഡയറി ഞാൻ ഒരുദിവസം അദ്ദേഹം കാണാതെ എടുത്തു നോക്കി. അതിൽ എഴുതിയിരിക്കയാണു്, 'കുഞ്ഞിയുടെമുഖത്തു വിളയാടുന്ന കവിതയും കലാസൌന്ദര്യവും മനോഹാരിതയും കണ്ടാസ്വദിക്കുന്നതിനു ദൈവം എനിക്കു പ്രദാനംചെയ്തു കഴിവുകൾക്കു ഞാൻ എന്നും കൃതജ്ഞനാണു്. കുഞ്ഞി കുളിക്കാൻ പോകുമ്പൊഴത്തെ നടപ്പും, മുറിക്കുള്ള ഒരുക്കമ്പൊളത്തെ ഇരിപ്പും, തേങ്ങ തിരുമ്മുമ്പൊളത്തെ ചൊടിയും, വെററിലമുറുക്കുമ്പൊളത്തെ ചവയും, ഞാൻ ബെഡ്കാഫിക്കു നിർബന്ധിക്കുമ്പോൾ മൂക്കേൽ വിരൽവെച്ചുള്ള നിൽപും, ഞാൻ പകൽ അടുത്തുചെല്ലുമ്പോൾ പരിഭ്രമിച്ചു നാലുഭാഗത്തേക്കും നോക്കുന്ന നോട്ടവും, എന്നുവേണ്ട, ഒരായിരം സൌന്ദര്യവസ്തുക്കൾ കുഞ്ഞി എന്നു വിചാരിക്കുമ്പോൾ എന്റെ മനസ്സിൽ പ്രത്യക്ഷമാകുന്നു. സർവ്വേക്കാരെപോലെ കണ്ണിന്റെ നീളവും മൂക്കിന്റെ വണ്ണവും പല്ലിന്റെ വീതിയും മററും അളന്നു കുഞ്ഞിയെ വിരൂപ എന്നു പറയാൻ ഞാനത്ര ഭോഷനല്ല.' ഇതു വായിച്ചിട്ടു ഞാൻതന്നെ വായ്പൊളിച്ചു നിന്നുപോയി. ഓമനക്കുട്ടൻചേട്ടനെ വിചാരിച്ചുകൊണ്ടു ആ ഡയറിക്കു ഒരു നൂറുമ്മ ഞാൻ ഒരുമിച്ചുകൊടുത്തു.

വനിതയുടെ സൌന്ദര്യവും ആഹാരത്തിന്റെ രുചിയും തമ്മിൽ വളരെ സാമ്യമുണ്ടു്. കാളനും അവിയലും സാമ്പാറും കാണുമ്പോൾ എന്റെ നാക്കിൽനിന്നു വെള്ളംവരും. എന്റെ സ്നേഹിതർക്കാകട്ടെ, കരിമീനുംകോഴിക്കറിയും കാണുമ്പോളാണു ആ അവസ്ഥ നേരിടുക. വടക്കേ ഇന്ത്യാക്കാർക്കു് ഉണങ്ങിയ ചപ്പാത്തിയും ഡാളുമാണു വേണ്ടതു്. ചീനക്കാർക്കു് രുചികരമായ ആഹാരം ചേരയെ പുഴുങ്ങിയതും തവളയെ വറുത്തതും മററുമാണു്. രുചിയുള്ള ആഹാരം ഏതെന്നു് എങ്ങനെ ഒരു തീർപ്പു നിശ്ചയിക്കും.? രുചിയുടെ ഒരററം ആഹാരസാധനത്തിലാണെങ്കിൽ മറേറ അററം ഭോക്താവിന്റെ നാക്കിലാണു്. അതുപോലെ വനിതാസൌന്ദര്യത്തിന്റെ വാൽ സ്ത്രീയുടെ മുഖത്താണെങ്കിൽ അതിന്റെ തല പുരുഷന്റെ മനസ്സിലാണു്.

അതിനാൽ യൂറോപ്പിലെ സ്ത്രീകളിൽ കാണുന്ന ചെമ്പൻതലമുടിയേയും പൂച്ചക്കണ്ണിനേയും ആക്ഷേപിക്കാൻ പാടില്ല. അവയിൽ സൌന്ദര്യം കാണുന്ന യൂറോപ്യൻയുവാക്കന്മാർ ഉണ്ടു്. സ്പാനിഷ്‌വനിതകളുടെ നീണ്ടതാടികളുടെ ഭംഗികാണാൻ സ്പാനിഷ്‌യുവാക്കന്മാരുടെ കണ്ണുകളിൽക്കൂടെ നോക്കണം. ഐറിഷ്‌വനിതകളുടെ കോറപ്പല്ലുകൾ അവരുടെ അധരോഷ്ഠങ്ങൾക്കിടയിൽക്കൂടി എത്തിനോക്കുമ്പോൾ നൂറുകണക്കിനു ഐറിഷ്‌യുവജനഹൃദയങ്ങൾ സൌന്ദര്യമധു ആസ്വദിക്കും. ജർമ്മൻവനിതകളുടെ കഴിഞ്ഞ കവിൾതടങ്ങൾ സൌന്ദര്യമൂറുന്ന കിണറുകളായിജർമ്മൻയുവാക്കന്മാർ നിരൂപിക്കും. ടർക്കിഷ്‌വനിതകളുടെതലമുടിയില്ലായ്മയിലെ സൌന്ദര്യത്തിൽമത്തുപിടിച്ചു് ടർക്കിഷ്‌യുവാക്കന്മാർ കഷണ്ടിമാഹാത്മ്യകവിതകൾ എഴുതുന്നുണ്ടായിരിക്കും, കറുത്ത സൌന്ദര്യവതികൾ എന്നൊരുകൂട്ടർ ഉണ്ടെന്നു ലേഖകതന്നെ സമ്മതിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്.

സൌന്ദര്യം എന്നതു് എന്തെന്നു നിശ്ചയിച്ചു് അതു വനിതകളിൽ എത്രമാത്രം ഉണ്ടെന്നുനോക്കുക എന്ന മനഃസ്ഥിതിയെ ഉന്മൂലനംചെയ്തിട്ടു്, വനിതയിൽ കാണുന്നതെല്ലാമാണു സൌന്ദര്യം എന്നു് ഒരു വിശ്വാസം സകല പുരുഷന്മാരിലും, പ്രത്യേകിച്ചു് ഭർത്താക്കന്മാരിൽ വളർത്തുന്നതിനാണു അ: കേ: ഭാര്യാസംഘം അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നതു്. ഈ അവസരത്തിൽ മിസ് ലീലാബായി വനിതാസൌന്ദര്യത്തിനു് ഒരു തീർപ്പു പരോക്ഷമായിട്ടെങ്കിലും നിശ്ചയിക്കാൻ ഒരുമ്പെട്ടതു് നയതന്ത്രപരമായ മററൊരു മിസ്റ്റേക്കു് ആയിപ്പോയി എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ദേവസ്ത്രീകളെന്നു പറയുന്നതു് കാശ്മീരസ്ത്രീകളെയാണു് എന്നു ലേഖക എഴുതിയിരിക്കുന്നതിനെപ്പററി ഞാനൊന്നും പറയുന്നില്ല. കാശ്മീരവനിതകളെ കുറെ അധികം സ്തുതിക്കുന്നതിൽ എനിക്കു സങ്കടവുംഇല്ല. ഏതായാലും 'കാശ്മീരത്തു സ്ത്രീസൌന്ദര്യത്തെ ആസ്വദിക്കുന്നതിനായി ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും, ആളുകൾ ചെല്ലാറുണ്ടു എന്നു എന്നെ അറിയിച്ചതിനു് ഞാൻ ലേഖകയോടു് ഏററവും കൃതജ്ഞതയുള്ളവളായിരിക്കുന്നു. എന്തെന്നാൽ സൌകര്യംവരുമ്പോൾ ഒന്നു കാശ്മീരം സന്ദർശിക്കണമെന്നു് ഓമനക്കുട്ടൻചേട്ടൻ ഒരു പ്ലാൻ ഇട്ടിരുന്നു. ഞാൻ എനി അതു സമ്മതിക്കയില്ല. സ്ത്രീസൌന്ദര്യം ആസ്വദിക്കാൻ അദ്ദേഹത്തിനെ കാശ്മീരത്തേക്കു വിടുകയോ? നാരായണ, നാരായണ! ഞാൻ വേണേൽ കുറെ പൌഡറുംഇട്ടു് ലിപ്സ്റ്റിക്കും പുരട്ടി കാശ്മീരംമട്ടിൽ സാരിയും ഉടുത്തു് ഇരുന്നുകൊടുത്തേക്കാം. വേണ്ടതുകണ്ടു് ആസ്വദിച്ചോട്ടെ.

ഞാൻ ഇത്രയും പറഞ്ഞതിൽ മാന്യലേഖകയ്ക്കോമററുള്ളവർക്കോ വല്ലാതെ തോന്നുമോ എന്തോ? അരുതേ എന്നു് അപേക്ഷിക്കുന്നു. ഓമനക്കുട്ടൻചേട്ടൻ കച്ചേരിയിൽ നിന്നു വരാനുള്ള സമയമായി. ഞാൻ പോയി ചായക്കു വെള്ളംവെച്ചിട്ടുവരാം. നിങ്ങൾ ഇവിടെ ഇരിക്കൂ. ചായകഴിച്ചിട്ടേ പോകാവൂ.

—o—

# TENDER NOTICE

## TRAVANCORE P. W. D.

Name of work:- Constructing the Sri Avittam Thirunal Hospital for Children at Oollur, Trivandrum — App: III (c) Out patient Department.

Firm competitive tenders are invited for the above work so as to reach the Division Officer, Medical Buildings Division, Trivandrum before 3 P. M. on 1-7-1122/13 2-47.

Probable amount of contract Rs. 1¾ lakhs.

Printed Forms of tender, in uding plans etc, can be had from the above Division Officer on payment of B. Rs. 20/- per set.

K. Raja Raja Varma,
*Chief Engineer.*

ലിററിൽസ്

ഓറിയൻററൽബാം

വീക്കങ്ങൾക്കും വേദനകൾക്കും അത്യുത്തമം.




കൂടാതെ
തലവേദന,
ന്യൂറാൾഗിയാ,
മുതുകുവേദന,
സിയാററിക്കാ
വാതരോഗം
മസിൽവേദന
മുതലായവയെ
ഇല്ലതാക്കുന്നു.

ഒരിക്കൽ ഉപയോഗിച്ചാൽ ഉടൻതന്നെ അതിന്റെ ഗുണം അനുഭവപ്പെടും.

നമ്പ്യാരുടെ നൂറു തുള്ളൽക്കഥകൾ
വില രൂപാ ൪
ശ്രീരാമവിലാസം ബുക്കഡിപ്പോ, കൊല്ലം-

FAS
296

The first essentials




റീഡിംഗ്, 'റൈററിങ്ങ്', 'റിത്ത്മററിക്ക്', ഇവ നിങ്ങൾക്കു് ഗൌണും, ഹുഡും ധരിക്കാൻ വേണ്ടിവരുന്ന മൂന്നു് "റ" കാരങ്ങളാണു്. നിങ്ങളെ ആളുകളുടെ മുൻപിൽ ചെല്ലാൻ യോഗ്യരാക്കുന്ന സോപ്പ് മലബാർ ലിംഡായുമാണു്.






മലബാർ
ലിംഡാ സോപ്പ്
വെജിറബിൾ സോപ്പ് വർക്സ്
കോഴിക്കോട്
പ്രോപ്രൈറ്റേഴ്സ്: സേട് N.P.&Co., കോഴിക്കോട്. ബംബായ്.. മദ്രാസ്...

# സ്റ്റേററ്സ്കമ്മിററിയെ അധികാരപ്പെടുത്തുന്ന പ്രമേയം

## പണ്ഡിററ്നെഹ്റു കാൺസംബ്ളിയിൽ അവതരിപ്പിക്കും

ന്യൂഡെൽഹി, ജനുവരി ൧൮—പ്രത്യേകപ്രശ്നങ്ങൾ പരിശോധിക്കുന്നതിനു നിയോഗിക്കപ്പെടുന്ന നെഗോഷ്യേററിംഗ കമ്മിററിക്കു പുറമേ അതുസംബന്ധിച്ചുള്ള ആളുകളുമായും സ്റ്റേററുകളുമായും കൂടിയാലോചിക്കുവാൻ സ്റ്റേററ്സ്കമ്മിററിയെ അധികാരപ്പെടുത്തുന്ന ഒരു പ്രമേയം പണ്ഡിററ് നെഹ്റു ജനുവരി ൨൦-ാംനു കൂടുന്ന കാൺസംബ്ളിയിൽ അവതരിപ്പിക്കുന്നതാണ്. പ്രമേയം ഇപ്രകാരമാണ്:—

൧൯൪൬ ഡിസംബർ ൨൧-ാംതീയതിയിലെ പ്രമേയം അനുസരിച്ചു രൂപവൽകരിക്കപ്പെട്ടഈ കമ്മിററിയ്ക്കു നരേന്ദ്രമണ്ഡലം രൂപീകരിച്ചിട്ടുള്ള നെഗോഷ്യേററിംഗ്കമ്മിടെയുമായും ഇന്ത്യൻനാട്ടുരാജ്യങ്ങളുടെ മററു പ്രതിനിധികളുമായും ചില പ്രത്യേകകാര്യങ്ങൾക്കുവേണ്ടി കൂടിയാലോചനകൾ നടത്തുന്നതിനു പുറമേ ബൂട്ടാണിനേയും സിക്കീമിനേയും പോലെയുള്ള പ്രദേശങ്ങളേയും നാട്ടുരാജ്യങ്ങളേയും സംബന്ധിച്ച പ്രത്യേക പ്രശ്നങ്ങൾ പരിശോധിക്കുന്നതിനു കമ്മിററിയ്ക്കു ഉചിതമെന്നു തോന്നുന്ന ആളുകളുമായി കൂടിയാലോചന നടത്താനും അപ്രകാരമുള്ള പരിശോധനകളുടെ ഫലം അസംബ്ളിയിൽ റിപ്പോർട്ടുചെയ്യാനും അധികാരമുണ്ടായിരിയ്ക്കുമെന്നും ഈ അസംബ്ളി തീരുമാനിയ്ക്കുന്നു.

(എ. പി.)

—o—

### ഹൈദരി ആസ്സാം ഗവർണ്ണരോ

—o—

ഗൗഹതി ജനുവരി ൧൮—സർ അക്ബർഹൈദരിയെ ആസ്സാംഗവർണ്ണരായി നിയമിക്കാനിടയുണ്ടെന്നു ന്യൂഡെൽഹികേന്ദ്രങ്ങളിൽ പറയപ്പെടുന്നതായി ആസ്സാംട്രിബ്യൂണിൻെറ ന്യൂഡൽഹിലേഖകൻ പറയുന്നു.

—o—

### എന്തിനെയുംനേരിടും

—o—

കൽക്കട്ട ജനുവരി—൧൯—ആസ്സാം എന്തിനെയും നേരിടാൻ സന്നദ്ധമാണെന്നും, കാൺസംബ്ളിയെ ബായിക്കാട്ടു ചെയ്കയില്ലെങ്കിലും: ബലാൽക്കാരത്തിനു കീഴടക്കി അന്യരുടെ ഭരണവ്യവസ്ഥ സ്വീകരിക്കുന്നതല്ലെന്നും മി. ബാർദൊലോയി പ്രസ്താവിക്കുന്നു.

—o—

### സിക്കുകാർക്കു നിഷേധാധികാരം വേണം

—o—

ലാഹോർ ജനു ൧൮—പഞ്ചാബിലും, വടക്കുപടിഞ്ഞാറൻ ഗ്രൂപ്പിലും സിക്കുകാർക്കു സാമുദായികമായ നിഷേധാധികാരം നൽകുന്നില്ലെങ്കിൽ അവർ കാൺസംബ്ളിയിൽനിന്നു പിൻവലിയുന്നതാണെന്നു ജിയാനി കർത്തർസിംഗ്, സർദാർ ഉജ്ജലസിംഗ് എന്നീ കാൺസംബ്ളിമെമ്പാറന്മാർ പ്രസ്താവിക്കുന്നു.

—o—

### മി. ആസഫാലിയുടെ യാത്ര

—o—

ന്യൂഡൽഹി ൧൯—ഡൽഹികാൺഗ്രസ്കമ്മററി അമേരിക്കയിലേക്കു പുറപ്പെടുന്ന മി. ആസഫാലിയ്ക്കു ഒരു യാത്രയയപ്പ് നൽകിയിരിക്കുന്നു. താൻ അമേരിക്കയിലേക്കു പോവുന്നതു് ഭാരവാഹമായ ചുമതലകളോടുകൂടിയാണെന്നും ഇപ്പോൾ ഇന്ത്യയിൽ പ്രഭാതം ഉദിച്ചിരിക്കുന്നു, എങ്കിലും ചില മേഘങ്ങൾ അങ്ങിങ്ങു കാണപ്പെടുന്നു എന്നും അദ്ദേഹം പ്രസ്താവിച്ചു. ൧൫൦ വർഷം ഇന്ത്യഭരിച്ച ബ്രിട്ടീഷുകാർക്കു അതിനുള്ള സാമർത്ഥ്യമില്ലെന്നു അവർ ലോകത്തോടു സമ്മതിച്ചിരിക്കുന്നു. ഇന്ത്യ സ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനം സ്ഥാപിച്ചിരിക്കുന്നു. ഒരു ഇന്ത്യൻസ്വതന്ത്രറിപ്പബ്ളിക്കിൻെറ ഭരണഘടന തയാറാക്കാൻ അതിൻെറ പ്രതിനിധികൾ കാൺസംബ്ളി കൂടിയിരിക്കുന്നു എന്നു് അദ്ദേഹം തുടർന്നു.

—o—

### ചൈനയിൽ ആഭ്യന്തരസമരം

—o—

#### അവസാനിപ്പിക്കാനുള്ള ആശതകരുന്നു

നാങ്കിങ്ങ്, ജനു ൧൯—സന്ധിസംഭാഷണങ്ങൾ പുനരാരംഭിക്കുന്നതിനുള്ള ഒരു ന്യായമാർഗ്ഗത്തെപ്പററി ചർച്ചചെയ്യാൻ കമ്യൂണിസ്റ്റ് തലസ്ഥാനമായ യെണാനിലേയ്ക്കു ഒരു പ്രത്യേകദൂതനെ അയയ്ക്കുന്നതിനുള്ള ഗവ: നിർദ്ദേശം കമ്യൂണിസ്റ്റ്കക്ഷി നിരസിച്ചതോടെ ചൈനയിലെ ആഭ്യന്തരസമരം അവസാനിപ്പിക്കുന്നതിനുള്ള ആശ വിദൂരമാകയാണുണ്ടായതു്. ക്രമിൻറാംഗിനുള്ള കമ്യൂണിസ്റ്റ് മറുപടി ചൈനയിലെ യൂ. എസ്സ് സ്ഥാനപതിയാണ് ചിയാങ്ങ് കൈഷക്കിനെ ഏല്പിച്ചതു്. കമ്മ്യൂണിസ്ററുകളും മററും ബായിക്കാട്ടു ചെയ്തതും നാഷനൽ അസംബ്ളി അംഗീകരിച്ചതുമായ ഭരണവ്യവസ്ഥ പിൻവലിക്കുകയും ജനുവരി ൧൩-ാംനു-യിലെ നിലയനുസരിച്ചുള്ള സൈനികനില പുനരവലംബിക്കുകയും ചെയ്യണമെന്നുള്ള തങ്ങളുടെ രണ്ടു വാദങ്ങളും സമ്മതിച്ചതിനുശേഷമേ ഗവമ്മെൻറുമായി തങ്ങൾ സംഭാഷണം തുടരുകയുള്ളുവെന്നു് കമ്മ്യൂണിസ്ററുകാർപറയുന്നു. (റായ്ട്ടർ)

—o—

### അറസ്ററുചെയ്യപ്പെട്ടവരെ മോചിപ്പിക്കണം

—o—

ന്യൂഡെൽഹി ജനുവരി ൧൮—ആചാര്യകൃപലാനി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ തിരുവിതാംകൂറിലെ വിദ്യാർത്ഥി കാൺഗ്രസ്സ്സമ്മേളനം തിരു: ഗവ: നിരോധിച്ചതിനെ പരാമർശിക്കുകയും അപ്രകാരമുള്ള നിരോധനത്തിനു യാതൊരു ന്യായീകരണവുമില്ലെന്നും വിദ്യാർത്ഥികാൺഗ്രസ്സ് പ്രസിഡൻറിനെ തനിക്കറിയാമെന്നും തഴക്കമുള്ള ഒരു നേതാവായ മി. അശോകമേത്ത ധൃതിയിൽ പ്രവർത്തിക്കുന്ന ആളല്ലെന്നും അറസ്ററുചെയ്യപ്പെട്ട വിദ്യാർത്ഥികളെയും നേതാക്കന്മാരെയും തിരുവിതാംകൂർ അധികൃതർ മോചിപ്പിച്ച സമാധാനമായിസമ്മേളനം നടത്താൻ അവരെ അനുവദിക്കേണ്ടതാണെന്നും ഉൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

—o—

### ഘോഷയാത്രാദികളുടെ കാലംപോയി

—o—

പാററ്നാ, ജനു: ൧൮—പാററ്നാ സർവകലാശാല ഇന്നു പണ്ഡിററ്നെഹ്റുവിനു് ഡാക്ടർ അഫ് സയൻസ് എന്ന ബിരുദം നൽകിയപ്പോൾ സത്യാന്വേഷിയായ അദ്ദേഹത്തിനു് ഇതു നേരത്തെ ലഭിക്കേണ്ടതായിരുന്നു എന്നു രാജാജി അഭിപ്രായപ്പെട്ടു. പണ്ഡിററ്ജി സർവകലാശാലയ്ക്കു നന്ദിപറഞ്ഞുകൊണ്ടു ചെയ്ത പ്രസംഗത്തിൽ, സമ്മേളനങ്ങൾ, യോഗങ്ങൾ, ഘോഷയാത്രകൾ, മുദ്രാവാക്യങ്ങൾ മുതലായവയുടെ കാലംകഴിഞ്ഞുപോയെന്നും, ഇപ്പോൾ സൃഷ്ടിപരമായ പ്രവർത്തനത്തിനു് പരിശീലിപ്പിക്കപ്പെട്ട ആളുകളാണു വേണ്ടതെന്നും, ഇന്ത്യ അതിൻെറ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം തുറക്കുന്നു എന്നും പ്രസ്താവിച്ചു.

—o—

### ബ്രിട്ടൻ അപകടത്തിലേയ്ക്കു്

—o—

ലണ്ടൻ ജനു ൧൮—ഇതുവരെ അറിയപ്പെട്ടിട്ടുള്ളതിൽ ഏററവും വലിയ ധനപരമായ ആപത്തിലേയ്ക്കു് ബ്രിട്ടൻ നീങ്ങിക്കൊണ്ടിരിക്കുന്നതിനാൽ ൧൯ മാസത്തിനകം ഒരു സംയുക്തഗവമ്മെണ്ടു് ഉണ്ടാകുമെന്നും, ബ്രിട്ടൻെറ കയററുമതി ഇറക്കുമതിയുടെ മൂന്നിൽ രണ്ടുഭാഗം മാത്രമേ ഉള്ളു എന്നും, പാർലമെൻറുമെമ്പറായ മി. വാഡ്സ്വത്ത് പ്രസ്താവിക്കുന്നു.

—o—

### ഫ്റഞ്ച് ഗവമ്മെണ്ടു്

—o—

#### റമാഡിയറുടെ പ്രസ്താവന

പാരിസ് ജനു. 19—പുതിയ ഫ്റഞ്ചു സംയുക്തഗവമ്മെണ്ടു് ഒരു വിജയമായിരിക്കുമെന്നു് സോഷ്യലിസ്റ്റ് പ്രധാനമന്ത്രി എം. റമാഡിയർ പറയുന്നു. എം. ആർ. പി. പാർലമെൻററിഗ്രൂപ്പും, അതിൻെറ എക്സിക്യൂട്ടിവ് കമ്മററിയും ബ്ളും ഗവമ്മെണ്ടു് തുടരണമെന്നു് ആഗ്രഹിക്കുന്നു. ഒരു സംയുക്തഗവമ്മെണ്ടിൽ ചേരാൻ തയാറാണെന്നു് പ്രധാനമന്ത്രിയായിരുന്നിട്ടുള്ള എം. ബിഡോം എം. റമാഡിയറെ കണ്ടതിനുശേഷം പ്രസ്താവിക്കുന്നു. എന്നാൽ കമ്മ്യൂണിസ്ററുകളുമായി ഒരു സംയുക്തഗവമ്മെണ്ടിൽ ചേരുന്നതിനു് മന്ത്രിസഭയുടെ ദാർഢ്യത്തെപ്പററി ഉറപ്പുണ്ടായിരിക്കണമെന്നു് എം. ആർ. പി. നിർബന്ധിക്കുന്നതാണു്.

(റായിട്ടർ)

—o—

### മിസ് സലാമിൻെറ സ്ഥിതി

—o—

പർക്കോഴ്, ജനു ൧൯—നിരാഹാരവ്രതം ൨൧ ദിവസമായിരിക്കുന്ന മിസ് അംതസ്സലാമിനെ ഡാക്ടർ സുശീലാനയ്യർ ഇന്നു പരിശോധിച്ചു. അവരുടെ സ്ഥിതിക്കു തകരാറൊന്നുമില്ല. ബാംബെയിൽനിന്നു അവരുടെ സഹോദരൻ ഉൽക്കണ്ഠാപൂർവം അന്വേഷിക്കുന്ന കമ്പി ഗാന്ധിജിയ്ക്കു കിട്ടിയിരിക്കുന്നു. ഇന്നോ നാളെയോ അദ്ദേഹം അതിനു മറുപടി അയയ്ക്കുന്നതാണു്. (മിസ്. സലാം ഒരു ഉൽകൃഷ്ടമുസ്ലീംകുടുംബത്തിലെഅംഗമാണു്.)

ഒരു ഹിന്ദുകുടുംബത്തിൻെറ പൂജാഖഡ്ഗം ഏതോ മുസ്ലീം കവച്ചുചെയ്തതു് തിരിയെ കൊടുക്കുന്നതിനുവേണ്ടിയാണു് അവൻ നിരാഹാരവ്രതം അനുഷ്ഠിക്കുന്നതു്.

#### "വാളിനു് വാൾ"

വാളിനെ വാൾകൊണ്ടു നേരിടാമെങ്കിലും അതുകൊണ്ടു ഫലമൊന്നുമില്ലെന്നു ഗാന്ധിജി ഗ്രാമസേവാസംഘത്തിൽ നിന്നു ഉപദേശം സ്വീകരിക്കാൻവന്നെത്തിയ ൪൨ വാളൻറിയറന്മാരോടു് പ്രസ്താവിച്ചു. 'ഭയം കളഞ്ഞാൽ ൪൨ പേർ ൪൨,൦൦൦ പേർക്കു തുല്യരായിരിക്കും.' എന്നു അദ്ദേഹം തുടർന്നു.

ഇന്നത്തെ പ്രാർത്ഥനായോഗത്തിനു് വെളിയിൽ കുറെ മുസ്ലീങ്ങൾ വന്നുനിന്നപ്പോൾ അദ്ദേഹം അവരെ യോഗത്തിലേക്കു് ക്ഷണിക്കയും അവർ പ്രാർത്ഥനയും പ്രസംഗവും ശ്രദ്ധിക്കയും ചെയ്തു.

#### "ഈശ്വരൻ അനുഗ്രഹിക്കും"

മഹാത്മജി ഇന്നു് പർക്കോട്ടിൽനിന്നു് ബദാൽക്കോട്ടിലെത്തി. അദ്ദേഹത്തിൻെറ മാർഗ്ഗത്തെ എത്രയും സുഗമമാക്കിത്തീർത്ത ആൾ എന്നു് ഒരു മുസ്ലീമിനെ ഒരാൾ അദ്ദേഹത്തിനു് പരിചയപ്പെടുത്തിക്കൊടുത്തു. "ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കും" എന്നു് അദ്ദേഹം ആ മുസ്ലീമിനു് ആശംസനൽകി.

—o—

### ൧൯൪൨-ലെ അസ്വാസ്ഥ്യനിമിത്തം

—o—

#### തടവിലിരുന്നവരെയൊക്കെ മോചിപ്പിച്ചു

ലക്നൗ ജനുവരി ൧൮—൧൯൪൨-ലെ അസ്വാസ്ഥ്യം സംബന്ധിച്ച കുററങ്ങൾക്കു ശിക്ഷിക്കപ്പെട്ട എല്ലാ തടവുകാരെയും മോചിപ്പിച്ചിട്ടുണ്ടെന്നു് ഇന്നു യു. പി. അസംബ്ളിയിൽ ഒരു ചോദ്യത്തിനുത്തരമായി ആഭ്യന്തരമന്ത്രിയുടെ പാർലമെൻററിസെക്രട്ടറി പ്രസ്താവിച്ചു: യു. പി. ജയിലുകളിൽ ഇപ്പോൾ സെക്യൂരിററിതടവുകാരൊന്നുമില്ലെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു.

—o—

## ഫ്റഞ്ചുകാർ ബാംബും ഷെല്ലും പ്രയോഗിക്കുന്നു

### വിയററ്നാമീസിൻെറമേൽ

ഹനോയി, ജനു: ൧൯—സ്പിററ്ഫയർ വിമാനങ്ങളിൽനിന്നു ഫ്റഞ്ചുഷെല്ലുകളും ബാംബുകളും വിയററ്നാംകാർ ഒരു ദുർഗ്ഗമായി രൂപാന്തരപ്പെടുത്തിയിരിക്കുന്ന യൂണിവേഴ്സിററിക്യാമ്പുകളുടെമേൽ വർഷിക്കുകയുണ്ടായെന്നു് റായിട്ടരുടെ പ്രത്യേകലേഖകൻ കേബിൾചെയ്യുന്നു. പൈശാചികമായ ഒരു ചെറിയ സമരംതന്നെ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. വിയററ്നാംകാരിൽ ഭൂരിപക്ഷംപേരും ലഘുവായ ആയുധങ്ങൾകൊണ്ടു പൊരുതുമ്പോൾ അവർക്കെതിരായി ഫ്റഞ്ചുകാർ ബാംബും ഷെല്ലും മററു വലിയ ആയുധങ്ങളും ഉപയോഗിക്കുന്നതിനു അത്ര യോഗ്യമായിരിക്കുന്നില്ലെന്നു തോന്നാം. എന്നാൽ ആളപായം കുറയ്ക്കുന്നതിനുള്ള ഒരേ ഒരു മാർഗ്ഗം അതാണു്. ജ്വലിച്ചുകത്തുന്നതിൻെറ ഹൃദയാന്തർഭാഗത്തുകൂടി ശരീരം വേർപെട്ടുപോയ അന്നമൈററ്യുവാക്കന്മാരുടെ ശിരസ്സിനുമീതെക്കൂടിയാണു് താൻ മിക്കവാറും സഞ്ചരിക്കേണ്ടിവരുന്നതെന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. മുതിയടഞ്ഞ ഒരു അന്നമൈററ്ബാലിക ദേശീയവാദികളുടെ കടുംപ്രതിരോധത്തിനു പ്രയത്നിച്ചുകൊണ്ടു തൻെറ കൈയിൽ ഒരു വാളുമായി മരിച്ചുകിടക്കുന്നതായികണ്ടു. ആളപായം സംഭവിച്ച അന്നമൈററുകളുടെകൂട്ടത്തിൽ മുതിയടഞ്ഞനിരവധി കുട്ടികളുമുൾപ്പെടുന്നു. തെരുവുകളിൽ അവർ കൊല്ലപ്പെട്ടുകിടക്കുന്നതായിട്ടാണു കണ്ടതു്. ൩൦ അന്നമൈററുകളെ തടവുകാരായി പിടിച്ചു.

#### ഫ്റഞ്ചു പോഷകസൈന്യശക്തി വർദ്ധിപ്പിക്കുന്നു

പാരിസ്, ജനു: ൧൮—ഇൻഡോചൈനയെപ്പററിയുള്ള റിപ്പോർട്ടുകൾ കേട്ടശേഷം ഫ്രഞ്ചുനാഷനൽ ഡിഫൻസ്കൗൺസിൽ അവിടുത്തെ ഫ്റഞ്ചുസൈനികപോഷകസേനാബലം ൧൧൦൦൦൦ ആയി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചെന്നു് സ്വതന്ത്രവാമപക്ഷപത്രമായ കാംബാററ് പ്രസ്താവിക്കുന്നു.

—o—

# ഓരോ ജീവിതമണ്ഡലത്തിലും ഇന്നു വേണ്ടതു ജീവനാണ്

## പണ്ഡിതനെഹ്റുവിന്റെ ഉൽബോധനം

ന്യൂഡെൽഹി, ജനു: ൧൮—ആലിൻഡ്യാ ഫൈൻആർട്ട്സ് ആൻറ ക്രാഫ്റ്റ്സ് സൊസൈററിയുടെ ആഭിമുഖ്യത്തിൽ ഗോപാൽഘോഷിന്റെ ചിത്രങ്ങളുടെ ഒരു പ്രദർശനം ഇന്നു പണ്ഡിതജവഹർലാൽ ഉൽഘാടനംചെയ്തു. പണ്ഡിതജിയുടെ പ്രസംഗത്തിൽ ഈ രാജ്യത്തെ ചരക്കുകൾ ചൈതന്യരഹിതമായിരിക്കുന്നതിനെപ്പററി പ്രസ്താവിക്കയുണ്ടായി. അവ മനുഷ്യനെ ഉറക്കുവാൻപോരുന്നവയാണ്. ജീവിതത്തിന്റെ ഓരോഭാവത്തിലും ഇന്നു ഇൻഡ്യയ്ക്കാവശ്യമുള്ളതു് ജീവചൈതന്യമുളവാക്കലാണ്. ഗോപാൽഘോഷിന്റെ ചിത്രങ്ങളിൽ ആ ചൈതന്യം കാണ്മാനുണ്ട്.

സൊസൈററിയുടെ അദ്ധ്യക്ഷനായ സർ ഉഷാനാഥസേൻ സംഘത്തിനുവേണ്ടി പണ്ഡിതജിയ്ക്കു സ്വാഗതമരുളി.

(ഏ. പി)

## ബർമ്മാസംഭാഷണം

—o—

### തിങ്കളാഴ്ച തുടരും

ലണ്ടൻ ജനവരി ൧൮—സ്വയംഭരണ സംഭാഷണങ്ങൾക്കായി ഇവിടെ എത്തിയിട്ടുള്ള ബർമ്മീസ്സുനേതാക്കന്മാർ അടുത്ത വെള്ളിയാഴ്ച ബക്കിംഗാംകൊട്ടാരത്തിൽ വച്ചു ചക്രവർത്തിയും ചക്രവർത്തിനിയുമൊന്നിച്ചു വിരുന്നുകഴിക്കുന്നതാണ്. ഇന്നു പ്രധാനമന്ത്രിയുടെ വസതിയിൽവച്ചു നടത്തുവാൻ നിശ്ചയിച്ചിരുന്ന രണ്ടു സമ്മേളനങ്ങൾ [illegible]തിനെത്തുടർന്നു നേതാക്കന്മാർ [illegible] ബ്രിട്ടീഷുഗവൺമെൻറുമായി [illegible]ങ്ങൾ പുനരാരംഭിക്കുവാനുള്ള [illegible] അനൗപചാരികചർച്ചകൾ നട[illegible]. സംഭാഷണങ്ങൾ കുഴപ്പങ്ങൾക്കുടാതെ [illegible]ട്ടുപൊയ്ക്കൊണ്ടിരിക്കുന്നു എന്നാണു [illegible] കേന്ദ്രങ്ങൾ പറയുന്നതു്. [illegible] അവയ്ക്കുവിജയം എത്രമാത്രമായിരിക്കുമെന്നു പറവാൻ കാലമായിട്ടില്ലത്രെ. (റായിട്ടർ)

—o—

## ബിഹാർസഞ്ചാരം

—o—

### വിജയലക്ഷ്മി ഉദ്ദേശിക്കുന്നു

പാററ്നാ ജനവരി ൧൮—ശ്രീമതി വിജയലക്ഷ്മിപണ്ഡിററ ഫെബ്റുവരി ആരംഭത്തിൽ ബിഹാർസന്ദർശിക്കുന്നതും കാൺഗ്രസ്സ് സംഘടനാകാര്യങ്ങൾക്കായി ബിഹാറിലെ വിവിധഡിസ്ട്രിക്ടുകളിൽ സഞ്ചരിക്കുന്നതുമാണ്. എല്ലാ ഡിസ്ട്രിക്ടുകാൺഗ്രസ്സുകമ്മിററികളുടെയും പ്രസിഡൻറന്മാരുടെയും സെക്രട്ടറിമാരുടെയും ഒരു യോഗം ശ്രീമതി വിജയലക്ഷ്മിയുടെ സഞ്ചാരപരിപാടി തീരുമാനിക്കുവാനായി ബിഹാർ പ്രാദേശിക കാൺഗ്രസ്സ്കമ്മിററിയുടെ ഹെഡ്ക്വാട്ടേഴ്സായ സാദക്കത്ത് ആശ്രമത്തിൽവച്ചു ജനുവരി 25-ാംനു നടത്തുന്നതാണ്.

—o—

## ലീഗ് കാൺസംബ്ളിയിൽ ചേരണമെന്നു്

—o—

### മി. ജെ എൻ. മണ്ഡൽ

ബോംബെ ജനു: ൧൭—എന്റെ അഭിപ്രായത്തിൽ മുസ്ലീംലീഗ് കാൺസ്റ്റിററുവൻറ് അസംബ്ളിയിൽ പ്രവേശിക്കുവാൻ ഇപ്പോൾ തീരുമാനിക്കേണ്ടതും ഒരു സ്വതന്ത്രഇന്ത്യയുടെ ഭാവിഭരണഘടന രൂപീകരിക്കുന്നതിനുള്ള ജോലിയിൽ കാൺഗ്രസ്സുമായി സഹകരിക്കേണ്ടതുമാണ്, എന്നിപ്രകാരം ഇടക്കാലഗവ: ലാമെമ്പർ മി: ജെ. എൻ. മണ്ഡൽ ഒരഭിമുഖസംഭാഷണത്തിൽ പ്രസ്താവിക്കയുണ്ടായി.

(ഏ. പി)

## ബോംബെ ആര്യസമാജിന്റെ പിൻതുണ

ബോംബെ ജനു ൧൮—സിൻഡിൽ സത്യഗ്രഹപ്രസ്ഥാനം നടത്തുന്ന ഇൻറർനാഷനൽ ആര്യൻ ലീഗുപ്രസിഡൻറ് മഹാത്മാ നാരായണസ്വാമിയ്ക്കുള്ള ഒരു കമ്പിയിൽ ബോംബെയിലെ ആര്യസമാജനേതാക്കന്മാർ പറയുന്നതിപ്രകാരമാണ്:—'ബോംബെയിലെ ആര്യസമാജിസ്ററുകളായ ഞങ്ങൾ സത്യാർത്ഥപ്രകാശത്തിനുവേണ്ടി ഞങ്ങളുടെ ജീവൻ ബലികഴിക്കുവാൻ തയ്യാറാണ്. സത്യഗ്രഹം നടത്തുന്നതിനുള്ള താങ്കളുടെ ആഹ്വാനത്തെ ഉൽക്കണ്ഠാപൂർവം കാത്തുനിൽക്കുകയും ചെയ്യുന്നു.''

—o—

## ആസാമിലെ ഭൂരിപക്ഷം

—·—

### ബങ്കാളുമായുള്ള ഗ്രൂപ്പിംഗ് ഇഷ്ടപ്പെടുപ്പെടുമെന്നു സാദുള്ളാ

ഷില്ലാംഗ്, ജനു ൧൮—ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി യത്നിക്കുന്ന ഓരോ അഭ്യുദയകാംക്ഷിയും പ്രാവിൻസുകളുടെ ഗ്രൂപ്പിംഗ് സംബന്ധിച്ചു് ലീഗ് ആവശ്യപ്പെടുന്നവിധത്തിലുള്ളതും ബ്രി: ഗവൺമെണ്ടു ആവർത്തിച്ചുറപ്പിച്ചതുമായ വ്യാഖ്യാനം സ്വീകരിക്കുന്ന എ. ഐ. സി. സി. പ്രമേയത്തെ സ്വാഗതം ചെയ്യേണ്ടതാണെന്നു ആസാം അസംബ്ളിയിലെ പ്രതിപക്ഷനേതാവു മി. മഹമ്മദ് സാദുള്ളാ പ്രസ്താവിക്കുന്നു. കാൺഗ്രസ്സിന്റെ തീരുമാനം നിരുപാധികമായിരുന്നെങ്കിൽ അതു കൂടുതൽ വിവേകപൂർണ്ണമായിരുന്നേനെ. യാതൊരു പ്രാവിൻസിനെയും പ്രാവിൻസിന്റെ ഭാഗത്തെയും അതാതിന്റെ ഹിതത്തിനു വിപരീതമായി ഗ്രൂപ്പിൽ ചേരുവാൻ കാൺഗ്രസ്സു നിർബന്ധിക്കുന്നതല്ലെന്നു പ്രമേയം പറയുന്നു. ആസാമിലെ മിക്ക ന്യൂനപക്ഷങ്ങളും ഗ്രൂപ്പിംഗിനെ അനുകൂലിക്കുന്നു. സിൽഹെററ് കാൺഗ്രസ്സുപാർട്ടി ബംഗാളുമായുള്ള ഗ്രൂപ്പിംഗ് ഇഷ്ടപ്പെടുമെന്നു വിചാരിക്കുവാൻ എനിക്കു ന്യായങ്ങളുണ്ട്. ആസാമിലെ പ്രായപൂർത്തിവന്നവരുടെ ഒരു ഹിതപരിശോധന നടത്തിയാൽ ഒരു മഹാഭൂരിപക്ഷം ബംഗാളുമായുള്ളഗ്രൂപ്പിംഗ് ഇഷ്ടപ്പെടുമെന്നു പറവാൻ ഞാൻ ധൈര്യപ്പെടുന്നു. എന്തെന്നാൽ അതു ആസാംപ്രവിശ്യയുടെ ഉത്തമതാല്പര്യങ്ങൾക്കു യോജിച്ചതാണ്. (എ പി)

—o—

## സ്പിററ്സ്ബെർജൻ ഉടമ്പടി പുതുക്കാൻ

—o—

### സോവിയററ് വിദേശകാര്യമന്ത്രിയുടെ സംരംഭം

ഓസ്ലോ, ജനു ൧൭—കഴിഞ്ഞവർഷം ആഗസ്റ്റിൽ ന്യൂയാർക്കിൽവച്ചു നടന്ന സംഭാഷണങ്ങളിൽ സ്പിററ്സ് ബെർജൻ ഉടമ്പടി പുതുക്കുന്നതിനുള്ള പ്രഥമസംരംഭം സോവിയററ് വിദേശകാര്യമന്ത്രി എം. മൊളോറോവ് ആരംഭിക്കയുണ്ടായി. പ്രസ്തുത കാര്യം ഇപ്പോൾ നാർവീജിയൻ പാർലമെൻറുഗവൺമെൻറും പര്യാലോചിച്ചുവരുന്നതായി നാർവീജിയൻ വിദേശകാര്യാലയം ഇന്നു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. ൧൯൨൦-ൽ ഒപ്പുവച്ച ഉടമ്പടി തങ്ങളുടെ സഹകരണമില്ലാതെ ചെയ്തതാണെന്നും ഒപ്പുവച്ച രാജ്യങ്ങളുടെ കൂട്ടത്തിൽ ഇററലിയും ജപ്പാനും (സഖ്യകക്ഷികളുടെ ശത്രുക്കളായിരുന്ന രാജ്യങ്ങൾ) ഉൾപ്പെട്ടിരുന്നതുനിമിത്തം ആ ഉടമ്പടിയുടെ സാധുത സോവിയററ് യൂണിയനു സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നും റഷ്യാക്കാർ വാദിച്ചിരുന്നു.

—o—

# പവൻമിച്ചം

—o—

## പതിനായിരം ലക്ഷം പവൻ

ലണ്ടൻ ജനവരി ൧൭—ഇന്ത്യയുടെ പവൻമിച്ചത്തെപ്പററി ആലോചിക്കാനുള്ള ബ്രിട്ടീഷ് ഡെലഗേഷൻ ജനവരി ൨൯-ാം തീയതി ഇന്ത്യയിലെത്തുന്നതാണ്. ഈ പ്രശ്നത്തിന്റെ തീരുമാനത്തെക്കുറിച്ചുള്ള ബ്രിട്ടീഷ്ഗവൺമെണ്ടിന്റെ മനോഭാവം ഇതുവരെ വ്യക്തമല്ലെന്ന് ലണ്ടനിലെ ഫിനാൻഷ്യൽടൈംസ് പറയുന്നു. പവൻമിച്ചത്തിന്റെ തുക അതിമഹത്താണ്—൧൦൦൦൦൦൦,൦൦൦-പവൻ (നൂറുകോടി പവൻ) എന്ന് ഏററവും പുതിയ കണക്കുകൾകൊണ്ടറിയുന്ന പവൻമിച്ചം ൧൩൦൦൦-ലക്ഷംപവനാണെന്നു ഇന്ത്യൻ എക്സ്പ്രസ് ലേഖകൻ പറയുന്നു.

—o—

## കാൺഗ്രസ് കൊടിക്കീഴിൽ സംഘടിയ്ക്കണം

—o—

### പ്രൊഫസർ രംഗായുടെ ഉൽബോധനം

വർദ്ധാ, ജനു ൧൮—ഇന്നലെ വൈകുന്നേരം ചാർഡായിൽവച്ചു് നടന്ന വീവേഴ്സ് കാൺഫറൻസിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു് പ്രൊഫസർ എൻ. ജി. രംഗ, കുടിൽവ്യവസായങ്ങൾക്ക് ഏററവും വലിയ പ്രോത്സാഹനം നൽകുന്നതും ജനകീയകിസാൻ മാസ്ഡൂർരാജിനുവേണ്ടി പൊരുതുന്നതുമായ കാൺഗ്രസിന്റെ കൊടിക്കീഴിൽ രാജ്യവാസികളെല്ലാം സംഘടിക്കേണ്ടതാണെന്നു ഉൽബോധിപ്പിച്ചിരിക്കുന്നു. രംഗ ഇപ്രകാരം പ്രസ്താവിച്ചു: 'കഴിഞ്ഞ ൧൯൦-ാം വർഷം വഴങ്ങിക്കൊടുക്കുവാൻ വിസമ്മതിച്ചുകൊണ്ടു് ബ്രിട്ടീഷും വിദേശവും മുതലാളികൾക്കെതിരായി എതിർത്തുനിന്നു പൊരുതിയതു് നെയ്ത്തുകാരുടെ വിഭാഗമാണ്. ൧൯൦൮ലും പിന്നീട് ൧൯൨൧-ലും കാൺഗ്രസ്സുമുഖേന തങ്ങളുടെ പ്രശ്നം പരിഗണനയ്ക്കെടുത്തുകൊണ്ടു് മഹാഗാന്ധി അവരെ സഹായിച്ചു.'

—o—

## സിലോൺ നാഷനൽ കാൺഗ്രസ് വാർഷികം

—o—

കൊളംബു ജനു ൧൮—അഖിലഏഷ്യാററിക്കാൺഫറൻസിലേയ്ക്കു ക്ഷണിക്കപ്പെട്ടിട്ടുള്ള ഒരു രാജ്യമെന്നനിലയിൽ സിലോൺഭാവി ഏഷ്യയിൽ അതിന്റെ പൂർണ്ണമായ പങ്കു വഹിക്കുന്നതാണെന്നു് ആരോഗ്യമന്ത്രി മി. ജാർജ്ജ്സിൽവ സിലോൺ നാഷനൽ കാൺഗ്രസ്സിന്റെ വാർഷികസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു പ്രസ്താവിക്കയുണ്ടായി.

(ഏ. പി.)

## മൈസൂർമഹാരാജാവിന്റെ മറുപടി

—o—

ബാംഗ്ളൂർ ജനു ൧൭—ഉടൻ ഉത്തരവാദഭരണം സ്ഥാപിക്കണമെന്ന് മൈസൂർ സ്റ്റേററ്കാൺഗ്രസ്സ്പ്രസിഡൻറ് മഹാരാജാവിന് സമർപ്പിച്ച മെമ്മോറിയലിന് ജനവരി ൧൮-ാംതീയതിയിലെ തന്റെ പ്രഖ്യാപനം ശ്രദ്ധിക്കണമെന്ന് തിരുമനസ്സിലെ മറുപടി ലഭിച്ചിരിക്കുന്നു.

—o—

## ഗോവായിൽ സെൻസർഷിപ്പാരംഭിച്ചു

o

ബാംബെ, ജനു: ൧൭—ബാംബെ, പൂന തുടങ്ങി ബ്രിട്ടീഷ്ഇന്ത്യയിൽനിന്നു ഗോവായിൽ ലഭിക്കുന്ന എല്ലാ വർത്തമാനപത്രങ്ങളും പാഴ്സലുകളും ജനവരി ൧൫-ാം തീയതിമുതൽ സെൻസർചെയ്യുന്നതിനായി നോവാഗോവായിലെ ചീഫ്പോർട്ടുഗീസ സെൻസറിനയച്ചുകൊടുക്കണമെന്നു ആജ്ഞാപിക്കപ്പെട്ടിരിക്കുന്നതായി ഗോവാ നാഷനൽകാൺഗ്രസ്സിൽനിന്നറിയുന്നു.

(ഏ. പി)

## പ്രൊഫ: സ്ലേർട്ടെങ്കോയെ തിരിച്ചയച്ചു

—o—

ലണ്ടൻ, ജനു ൧൭—ബ്രിട്ടനിൽ പ്രവേശിക്കാൻ പാടില്ലെന്ന ഹോം ആഫീസിന്റെ നിരോധനത്തെ ലംഘിച്ചു് ഇന്നലെ പാരിസ്സിൽനിന്ന് വിമാനമാർഗ്ഗം ക്രായിഡനിലെത്തിയ പ്രൊഫസർയോനാന്നാൻ ജേക്കബ് സ്ലേർട്ടെങ്കോയെ അതേ വിമാനത്തിൽതന്നെ ക്രായിഡനിൽ നിന്നു പാരിസ്സിലേയ്ക്കു തിരിച്ചയയ്ക്കുകയുണ്ടായി. സ്ലേർട്ടെങ്കോ സ്വതന്ത്രപാലസ്റ്റൈൻ അമേരിക്കൻലീഗിന്റെ വൈസ്പ്രസിഡൻറാണ്. (റായിട്ടർ)

## കാൺപുരിലെ പണിമുടക്ക്

—o—

### വ്യവസായസ്തംഭനമൊഴിവാക്കുവാൻ ശ്രമം

കാൺപൂർ, ജനു ൧൭—വ്യാവസായിക പണിമുടക്കുനില യാതൊരുതരത്തിലും അഭിവൃദ്ധിപ്പെട്ടിട്ടില്ല. രണ്ടുവലിയ മില്ലുകളൊഴിച്ചു് മറെറല്ലാമില്ലുകളും ഫാക്ടറികളും അടച്ചിരിക്കയാണ്. ഒരു സംഘം കാൺഗ്രസ്സുകാർ ലക്നൗവിൽ ചെന്നു് പണ്ഡിതപന്തു്, റാഫിഅഹമ്മദ് കിദ്വായി എന്നിവരെ സന്ദർശിച്ചു് രാജ്യത്തു് കഠിനമായ വസ്ത്രക്ഷാമം നിലവിലിരിക്കുന്ന ഈ ഘട്ടത്തിൽ നില വഷളാകാതെയിരിക്കുന്നതിനു് ന്യായമായ ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഉറപ്പിച്ചു പ്രസ്താവിക്കയുണ്ടായി. വെടിവയ്പിനെപ്പററി ഒരു ജുഡിഷ്യൽ അന്വേഷണവും അറസ്ററു ചെയ്യപ്പെട്ടലേബർനേതാക്കന്മാരുടെ മോചനവും അവർ ആവർത്തിച്ചു് ആവശ്യപ്പെടുന്നു. ഉത്തരേന്ത്യയിലെ എംപ്ലായേഴ്സ് അസോസിയേഷന്റെ ഒരു യോഗം ഇന്നുവൈകുന്നേരം നടക്കുകയും യു. പി. ഗവർമ്മെൻറിനയച്ചുകൊടുക്കാനുള്ള സ്തംഭനനിവാരണനിർദ്ദേശങ്ങളെപ്പററി ചർച്ച നടത്തുകയുമുണ്ടായി. (ഏ-പി)

(എട്ടാംപേജിൽനിന്നും തുടർച്ച)

കേട്ടിട്ടുണ്ട്. ഞാനും മി. ഏ. ശങ്കരപ്പിള്ളയും അതിലേക്കായിത്തന്നെ വഴുതക്കാട്ടു് ഗണപതിക്ഷേത്രത്തിനു വടക്കുവശത്തു അദ്ദേഹം താമസിച്ചിരുന്ന ഗൃഹത്തിൽ പോകാറുണ്ടായിരുന്നു. പല ശ്ലോകങ്ങളും അതേമാതിരിതന്നെ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ പരിഭാഷയിൽ പിന്നീടു കാണുകയുണ്ടായി. ഈ പ്രസ്താവന താങ്കളുടെ യുക്തംപോലെ ഉപയോഗിക്കുന്നതു സമ്മതമാണ്. സ്വന്തം

ഏ. ഗോപാലമേനോൻ

ശ്രീ ഡി.പത്മനാഭനുണ്ണി അവർകൾക്കും ശ്രീ. ഏ. ഗോപാലമേനോൻ അവർകൾക്കും പിഷാരടിയെ നിറുത്താൻവേണ്ടി ഈ വിധം പ്രസ്താവനകൾപുറപ്പെടുവിച്ചുകൂടെ എന്നു പ്രതിപക്ഷത്തു നിന്നു ഒരു പ്രശ്നം ഉണ്ടായിക്കൂടെന്നില്ല. പക്ഷെ, സാക്ഷികളുടെ മാന്യതയേയും സ്വഭാവശുദ്ധിയേയും ആരറിയാതിരിക്കുമല്ലോ അതുകൊണ്ടു ചോദ്യംചെയ്യുന്നതു്. അതിനു സമാധാനം പറയാൻ കേരളീയസഹൃദയലോകം സന്നദ്ധമായിരിക്കും. കേരളശാകുന്തളവിചാരണയിൽ ഹാജരാക്കുന്ന മറെറാരാക്ഷേപപ്രമാണം അതു കേരളപാഠം സ്വീകരിച്ചുവെന്നുള്ളതാണ് അഭിരാമൻ, ശ്രീനിവാസൻ തുടങ്ങിയ ശാകുന്തളവ്യാഖ്യാതാക്കൾ കേരളീയപാഠത്തെ സന്ദർഭോചിതമായി സ്വീകരിച്ചിട്ടുള്ള സ്ഥിതിക്കു അവയെ ഉപജീവിക്കാതെ ഈ ഗ്രന്ഥാക്ഷരപാഠത്തിലേക്കെത്തിയ പോയിയെന്നാണ്. അതുകൊണ്ടു മേന്മയുണ്ടായിട്ടില്ലെന്നുതന്നെയല്ല പല അപകർഷങ്ങൾക്കും ഇടവരുത്തുകയും ചെയ്തുവെന്നു ശ്രീ മാരാർ തെളിയിക്കുന്നു. ഈ കേരളപാഠം സ്വീകരിക്കാനുണ്ടായ കാരണം മാത്രമല്ല, കേരളശാകുന്തളത്തെ സംബന്ധിച്ചു പല നൂതനവിവരങ്ങളും നൽകിക്കൊണ്ടു ശ്രീആററൂർ കൃഷ്ണപ്പിഷാരടി എനിക്കയച്ചുതന്ന പ്രസ്താവന ഇതിനു ശരിയായ സമാധാനമായിരിക്കുമെന്നുള്ളതിനാൽ അതിന്റെ ശരിപ്പകർപ്പു ഇവിടെ കൊടുക്കുന്നു.

ഗ്രന്ഥവിഹാരം

# സാഹിത്യസല്ലാപം

ഗ്രന്ഥകർത്താ:—കുട്ടികൃഷ്ണമാരാര്

പ്രസാധകന്മാർ:—പി. കെ. ബ്രദേർസ്, കോഴിക്കോട്.

വില രൂ: ൧ അ: ൮.

I

"അഗാധമായ ചിന്തയുടെ അടുക്കൽ, അഗാധചിന്തയോടുകൂടിത്തന്നെ പെരുമാറാതിരുന്നാൽ പ്രമാദങ്ങൾ അപരിഹാര്യമാണല്ലോ" എന്ന സത്യവാചകം ഉദ്ധരിച്ചുകൊണ്ടാണ് ശ്രീ. കുട്ടികൃഷ്ണമാരാർ തന്റെ ഉപക്ഷേപങ്ങളും ആക്ഷേപങ്ങളും ഹാജരാക്കിയിട്ടുള്ളത്. അദ്ദേഹം ഇപ്പോൾ ശിരോമണി അണിഞ്ഞുകാണുന്നില്ലെങ്കിലും അശ്വത്ഥാമാവിന്റേതുപോലെ അതു് ചൂഴ്ന്നെടുക്കയാൽ പ്രാണവേദന അനുഭവിക്കയല്ലെന്നു നമുക്കറിയാവുന്നതുകൊണ്ട് ഈ ശിരോമണിപ്രബന്ധത്തിനു സാഹിത്യസല്ലാപം എന്ന പേര് സമുപപന്നമാകുന്നവിധമാണ് ആദ്യമായി നമ്മുടെ ചിന്തയിൽ വരുന്നത്. സല്ലാപോഭാഷണംമിഥ എന്ന അർത്ഥത്തിനു ഗ്രന്ഥത്തിന്റെ ഉള്ളടക്കം നിബന്ധിച്ചുകാണുന്നില്ല. രണ്ടുപേർതമ്മിൽ ചെയ്യുന്നസംഭാഷണമാണല്ലോ സല്ലാപം. ശ്രീ. മാരാർ സാഹിത്യത്തോടു സല്ലാപംചെയ്കയാണെന്നു വരുതോ. (?) സാഹിത്യം മൂർത്തമല്ലെന്നു ഒരു പൂർവ്വപക്ഷമുണ്ടാകാം. സാഹിത്യദേവതയുമായി അദ്ദേഹത്തിനു സല്ലപിച്ചുകൂടെന്നില്ലല്ലോ എന്നാണെങ്കിൽ ദേവതയെ ആവാഹനംചെയ്വാനുള്ള തന്ത്രാധികാരം മാരാർക്കുണ്ടോയെന്നു ചോദിച്ചേക്കാം. അതെല്ലാം കണക്കാക്കേണ്ട കാര്യങ്ങളല്ലാതെ തള്ളിക്കളയാമെന്നുതന്നെയിരിക്കട്ടെ, എന്നിരുന്നാലും സല്ലാപത്തിന്റെ പ്രതീതി സാരമായ സാരസ്യമാധുര്യം—അതിൽ വ്യഞ്ജിക്കുന്ന ആ സുഖം അല്ല ഗ്രന്ഥകർത്താവിന്റെ വിവക്ഷ. സാഹിത്യത്തെപ്പററി അദ്ദേഹത്തിന്റെ ഗഹനചിന്തകൾ, നിശിതവിമർശനങ്ങൾ ഇവ സാഹിത്യസല്ലാപം ആകുമോ എന്നതിലെ ഈയുള്ളവനു സംശയമുള്ളൂ. ശ്രീ ആററൂർ കൃഷ്ണപ്പിഷാരടിയുടെ കേരളശാകുന്തളത്തെപ്പററിയാണ് മാരാരവർകൾ ആദ്യമായി സല്ലാപമാരംഭിക്കുന്നത്. "എന്റെ ഈ ദോഷോപന്യാസത്തെ സദയം അനുസ്മരിച്ചാൽകൊള്ളാമെന്ന അപേക്ഷയോടുകൂടി" മി. മാരാർതന്നെ അതിൽനിന്നും വിരമിച്ചുകാണുന്നു. ആ നിലയിലും സല്ലാപത്തിലല്ല വിപ്രലാപത്തിലാണ് അദ്ദേഹത്തിന്റെ ഉള്ളടക്കമെന്നു വ്യക്തമാകുന്നു.

ആ ദോഷോപന്യാസത്തിൽ കേരളശാകുന്തളത്തിന്റെ കർത്തൃത്വനിഷേധമാണ പ്രധാനപ്പെടുത്തിയിട്ടുള്ളത്. ഇന്നേക്ക പത്തുകൊല്ലത്തിനു മുമ്പ് പ്രസിദ്ധമായ കേരളശാകുന്തളത്തെ അഭിമുഖീകരിച്ചുള്ള അന്നത്തെ പയററിൽ തെക്കുള്ള നായന്മാർ അങ്കംവെട്ടുകയുണ്ടായിട്ടില്ലെന്നാണ എന്റെ ഓർമ്മ. മാതൃഭൂമിയിൽ ചേരിതിരിഞ്ഞുനിന്നു ചെയ്ത ആകയ്യാംകളിയിൽ എത്തിച്ചേരുന്നതിനു ഒരു 'തീട്ടൂരം' എനിക്ക അക്കാലത്തു കിട്ടിയിരുന്നുവെങ്കിലും ഉദാസീനമായ രംഗനിരീക്ഷണത്തിനുപോലും സാവകാശമില്ലാത്തനിലയായിരുന്നു എനിക്കപ്പോൾ. അതൊടുവിൽ തെററിപ്പാച്ചിലായിത്തീർന്നുവെന്നു സാഹിത്യസല്ലാപത്തിലെ വിശദീകരണംകൊണ്ടു മനസ്സിലാക്കാൻ സാധിക്കുന്നു. അന്നത്തെ വാദത്തിൽ സജീവമായി പങ്കെടുത്തിരുന്ന ശ്രീ. ഡി. പത്മനാഭനുണ്ണി അവർകൾ എന്റെ അന്വേഷണത്തിനു നൽകുന്ന മറുപടി ഇവിടെ ഉദ്ധരിക്കേണ്ടതുണ്ട്.

Dear Sir,.........

കേരളശാകുന്തളം ശ്രീ. പിഷാരടി മോഷ്ടിച്ചു പ്രസിദ്ധപ്പെടുത്തിയതാണെന്നു ഏകദേശം വ്യക്തമായി പ്രസ്താവിച്ചുകൊണ്ടു മാരാർ മാതൃഭൂമിയിൽ ഒരു ലേഖനം എഴുതിയതു കണ്ടപ്പോൾതന്നെ അതിനെ വെല്ലുവിളിച്ചുകൊണ്ട് മറെറാരു ലേഖനമെഴുതി ഞാൻ മാതൃഭൂമിക്കയച്ചുകൊടുത്തു. അതിൽ അർദ്ധമിക്കും ചില ഭാഗങ്ങൾ മാത്രമേ അവർ പ്രസിദ്ധപ്പെടുത്തിയുള്ളു. പിന്നീട് ഞാൻ ആ ലേഖനം ലക്ഷ്മീഭായിയിലും എം. എൻ. നായർ മാസികയിലും പ്രസിദ്ധപ്പെടുത്തി. കേരളശാകുന്തളം പിഷാരടിതന്നെയാണ് തർജ്ജമ ചെയ്തതെന്നു കാണിക്കുന്നതിന് ഒരു ഒന്നാംതരം തെളിവ് പിന്നീട് എന്റെ കൈവശം വന്നുചേർന്നു. അതു് കുഞ്ഞിക്കുട്ടൻതമ്പുരാന്റെ തർജ്ജമയാണ്. തമ്പുരാൻ ശാകുന്തളം മുഴുവൻ തർജ്ജമചെയ്കയോ അതിന്റെ ഒരു ഭാഗത്തിൽ കൈവയ്ക്കുകയോ അല്ല ചെയ്തതു്. അങ്ങുമിങ്ങുമായി ൧൨ ശ്ലോകം മാത്രമേ അദ്ദേഹം എഴുതിയിട്ടുള്ളു. നടുവത്തുമഹന്റെ ഒരു നോട്ടുബുക്കിലാണ് ഞാൻ ഇതു കണ്ടെത്തിയതു്. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ തർജ്ജമ എന്നു മുകളിൽതന്നെ എഴുതുകയും, താഴെ നമ്പർ ഇടാതെ ൧൨ ശ്ലോകം അതിൽ എഴുതുകയും ചെയ്തിരുന്നു. കയ്യുട തമ്പുരാന്റേതായിരുന്നില്ല. എന്നാൽ തമ്പുരാനും അതു കണ്ടിരിക്കണമെന്നു ഊഹിക്കത്തക്കവിധത്തിൽ തമ്പുരാന്റെ കയ്യുടയിൽത്തന്നെ ഒരു ധ്വജത്തെപ്പററി ഒരു ശ്ലോകം എഴുതിയിരുന്നു. മാരാരുടെ ലേഖനത്തിനു മറുപടിയായി വി. എം. കുട്ടികൃഷ്ണമേനോൻ (അപ്പൻതമ്പുരാന്റെ പുത്രൻ) ഒരു ലേഖനം കൈരളിയിൽ പ്രസിദ്ധപ്പെടുത്തി. മറെറാരു ലേഖനം മാതൃഭൂമിയിൽതന്നെ പി. വി. കൃഷ്ണവാര്യരും എഴുതിയിരുന്നു. വാര്യക്കു ഇതിൽ അല്പം സംശയം ഉണ്ടെന്നു ധ്വനിക്കത്തക്ക വിധത്തിലും എന്നാൽ പ്രത്യക്ഷത്തിൽ മാരാരെ നിന്ദിച്ചുമായിരുന്നു ആ ലേഖനത്തിന്റെ ഗതി. വാര്യരുടെ ഈ സംശയം തീർക്കുന്നതിനുവേണ്ടി തമ്പുരാന്റെ ൧൨ ശ്ലോകവും ഞാൻതന്നെ ചാലക്കുടിയിൽ ചെന്നു പകർത്തി എടുത്തു വാര്യക്കയച്ചുകൊടുക്കയും മാതൃഭൂമിയിൽതന്നെ അതെല്ലാം പ്രസിദ്ധപ്പെടുത്തണമെന്നു ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്റെ കത്തുകിട്ടിയപ്പോൾ വാര്യർ ചാലക്കുടിയിൽ ചെന്നു നടുവംമഹനോടുതന്നെ മേല്പടി നോട്ടുപുസ്തകം വാങ്ങിച്ചുകൊണ്ടുപോയതായി നടുവംമഹൻ പിന്നീടൊരിക്കൽ എന്നോടു പറയുകയുണ്ടായിട്ടുണ്ട്.

നിർഭാഗ്യവശാൽ ഞാൻ ആ ശ്ലോകങ്ങൾ പകർത്തിയെടുത്തില്ല. ആദ്യത്തെ ശ്ലോകം മാത്രമേ എനിക്ക ഇപ്പോൾ തോന്നുന്നുള്ളു. അതിവിടെ എഴുതിക്കൊള്ളട്ടെ.

'യാതൊന്നാദ്യം ചമച്ചു, വിധി, വിധിയു-
തമാംഹവ്യമാരേന്തിടുന്നു,
ഹോതാവാരാ, രുകാലദ്വയനിയമിക, ളെ-
ന്തായിടാം കേൾക്കയെങ്ങും,
മാതാവാരാണു സർവ്വത്തിനു, മഖിലജഗൽ-
പ്രാണനാം തത്വമേതെ-
ന്നോതാ, മാമൂർത്തിയെട്ടും വെളിവിലുടയ
വൻ നിങ്ങളെത്താങ്ങിടട്ടെ.,

നടുവം മഹൻ ഗംഗത്തമ്പുരാട്ടിയുടെ ശിഷ്യനും കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സതീർത്ഥ്യനും, രണ്ടുപേരും കൊടുങ്ങല്ലൂരും ചാലക്കുടിയിലുമായി വളരെക്കാലം ഓടിനടന്നവരും ആണെന്നു് അറിയാമല്ലോ. മററു തെളിവുകളുടെ കൂട്ടത്തിൽ ഗണനീയമായിട്ടുള്ളതു് മി: പിഷാരടിയുടെ നോട്ടുപുസ്തകംതന്നെയാണ്. അതിൽ ക്ലാസ്സുനോട്ടുകളുടെ ഇടയ്ക്കു് ചില ശ്ലോകങ്ങളും തർജ്ജിമചെയ്തും, വെട്ടിയും തിരുത്തിയും എഴുതിയിട്ടുള്ളതു കാണാം. അദ്ദേഹം ചില ശ്ലോകങ്ങൾ തർജ്ജമ ചെയ്യുമ്പോൾ അവ എ. ഗോപാലമേനോൻ, എം. ശങ്കരപ്പിള്ള മുതലായവരെ ചില സായാഹ്നങ്ങളിൽ ഗോപാലമേനോന്റെ വീട്ടിൽ കൊണ്ടുചെന്നു കേൾപ്പിക്കുകയും അവരുടെ ചില വിമർശങ്ങൾക്കു പാത്രീഭവിപ്പിക്കുകയും ചെയ്തിരുന്നു അതുകൊണ്ടു അവർക്കും ഇതിന്റെ വാസ്തവം അറിയാവുന്നതാണ്. രസികരത്നം എഴുതിയതും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയതും ഞാൻ തിരുവനന്തപുരത്തു പഠിക്കുന്ന കാലത്താണ്.

അതിൽ,

'നൂനം ഞാൻ തള്ളിയപ്പോൾ,'

എന്ന ശ്ലോകത്തിലെ ചില അഭംഗികൾ എന്റെ വിമർശം അനുസരിച്ചു മാററുന്നതിനും അദ്ദേഹം ശ്രമിച്ചു.

'ധ്രുവംസനീലോല്പല പത്രധാരയാ'

എന്ന കാളിദാസപ്രയോഗത്തിലുള്ള ധ്രുവശബ്ദത്തിനു നിശ്ചയാർത്ഥമുള്ളതിനു പുറമെ അതൊരു ഉൽപ്രേക്ഷാവാചകം കൂടിയാണെന്നു പിഷാരടി മൂലം പഠിപ്പിച്ചപ്പോൾ എനിക്ക പറഞ്ഞുതന്നിരുന്നു. എന്നാൽ തർജ്ജിമചെയ്തപ്പോൾ ആ ഉൽപ്രേക്ഷ അതിൽ വന്നില്ല. അതു ഞാൻ ചൂണ്ടിക്കാണിച്ചപ്പോഴാണ് 'കോലും മുറിക്കവതിനും മുനിയുന്നിടുന്നു' എന്ന പാഠം 'കോലും മുറിക്കവതിനാമുനിയുന്നിടുന്നോ' എന്നാക്കിത്തീർത്തതു്.

പി. വി. കൃഷ്ണവാര്യർ മരിച്ചുപോയല്ലോ. നടുവത്തിന്റെ നോട്ടുബുക്ക തിരിയെ കിട്ടുന്നതിനു വല്ല മാർഗ്ഗവുമുണ്ടോ എന്നു അന്വേഷിക്കുന്നുണ്ട്. കിട്ടിയാൽ അയച്ചുതന്നുകൊള്ളാം.

.......................സ്വന്തം

ഡി. പത്മനാഭനുണ്ണി

ഷേക്സ്പീയർ നാടകങ്ങളെ സംബന്ധിച്ചു് ബേക്കൺകക്ഷിയുള്ളപോലെ,—അതൊരു പ്രാചീനകാലസംഭവമായി സമാധാനിക്കാം—മലയാളത്തിലും ചില ഗ്രന്ഥങ്ങളുടെ കർത്തൃത്വത്തെപ്പററി ദുഷ്പ്രചരണം നിലവിലുണ്ട്. സി. വി-യുടെ മാർത്താണ്ഡവർമ്മ, അഴകത്തുകുറുപ്പിന്റെ രാമചന്ദ്രവിലാസം തുടങ്ങി പലതിലും ഈ ദുഷ്ക്കാലി പടർന്നുപിടിച്ചിട്ടുണ്ട്. എന്നാൽ ഗ്രന്ഥചോരണം മലയാളത്തിൽ തീരെ നടപ്പില്ലാത്തകാര്യമല്ല. മന്നാടിയാരുടെ ഉത്തരരാമചരിതം ഏതാനും ചിലരോടുചേർന്നൊരു പുമാൻ തങ്കയ്യിലാക്കി, "തൻകാര്യം നോക്കിയതു പ്രസിദ്ധമല്ലോ. അതുപോലെയല്ലെങ്കിലും നമ്മുടെ സാഹിത്യചക്രവർത്തികൾവരെ ചില കയ്യടക്കങ്ങൾ ചെയ്തുപോയിട്ടുണ്ട്. അവ പ്രകൃതോപയോഗമല്ലാത്തതിനാൽ വിടുന്നു. കേരളശാകുന്തളം അപഹരണസ്വത്താണെന്നുവരുത്താൻ മാരാരവർകൾ ഉന്നയിക്കുന്നതിൽ ഒന്നു് ആററൂർ ശാസ്ത്രകാരനായിട്ടല്ലാതെ കവിയായി, കാളിദാസന്റെ വിശ്വോത്തരമായ ദൃശ്യകാവ്യത്തെ ഭാഷാനുവാദംചെയ്യത്തക്ക ഒരു കവിയായി ഇതേവരെ നമുക്ക കാണാൻ സാധിച്ചിട്ടില്ല എന്നുള്ളതാണ്. കവിയായോ ശാസ്ത്രകാരനായോ പേരെടുത്തിട്ടില്ലാത്ത ഒരേതനായ ഏററത്തു കൃഷ്ണനാശാൻ ശാകുന്തളം തർജ്ജമചെയ്തിട്ടുണ്ടെന്നുള്ള വിവരം പലരുടെയും അറിവിൽപെട്ടിട്ടുള്ളതാണ്. ഇതുവരെയും പുറത്തുവന്നിട്ടുള്ള ശാകുന്തളതർജ്ജിമകളെഒക്കെ അതിശയിക്കുന്ന പല ശ്ലോകങ്ങളും ആശാന്റെ ശാകുന്തളത്തിൽ കാണാനും കഴിഞ്ഞിട്ടുണ്ട്. അനേകവർഷത്തെ ആശാന്റെ പരിശ്രമമാണ അതെന്നു ഇതെഴുതുന്ന ആൾക്ക നല്ലപോലെ ബോധ്യപ്പെട്ടിട്ടുമുണ്ട്. സാഹിത്യത്തിൽ അനപത്യനായി അന്തർദ്ധാനംചെയ്യേണ്ടിവന്ന ആശാന്റെ ഈ ഔരസസന്താനം അപരോക്ഷാനുഭൂതി കൈക്കൊള്ളുമ്പോൾ അതിന്റെ ജന്മാവകാശം ഇക്കാരണത്താൽ നിഷേധിക്കപ്പെട്ടുകൂടെന്നില്ലല്ലോ. കേരളശാകുന്തളത്തിന്റെ കർത്തൃത്വത്തിൽ ശ്രീ. പിഷാരടിയെ പിടിച്ചുമാററി സരസദ്രുതകവികിരീടമണിയെ പ്രതിഷ്ഠിക്കാനുള്ള മാരാരുടെ പാണികൊട്ടു തികച്ചും അവതാളത്തിലാകുകയാണ ചെയ്തിട്ടുള്ളതു്. കുഞ്ഞുക്കുട്ടൻതമ്പുരാന്റെ ഭാഷാസ്വാദലാഘവവും ശുദ്ധിയും കേരളശാകുന്തളത്തിൽ അവിസംവദനീയമായി പ്രതിബിംബിക്കുന്നുണ്ടെന്നാണ് സാഹിത്യസല്ലാപത്തിലെ ധ്വനി. ശ്രീ. ആററൂർ. മൂകാംകരോതി വാചാലം, എന്ന ഉപാസനാസിദ്ധി പ്രയോഗിച്ചാണല്ല ശാകുന്തളതർജ്ജമകൊണ്ടുവന്നിട്ടുള്ളതെന്നു് ചിലർക്കെങ്കിലും വിശ്വസിക്കാൻ സാധിക്കും. ആ സ്വാതന്ത്ര്യകക്ഷിയിൽനിന്നു ചിന്തിക്കുകയാണിതിനൊക്കെ ആദ്യമായി വേണ്ടതു്. പിഷാരടിഅവർകൾ ആരെയും അറിയിക്കാതെ ഒരുദിവസം രാവിലെ കേരളശാകുന്തളവുമായി സാഹിത്യക്ഷേത്രത്തിൽ കടന്നുവരികയായിരുന്നുവെന്നാണ് മാരാരുടെ സാക്ഷിമൊഴികൊണ്ടു കാണുന്നതു്. എന്നാൽ ഇക്കാര്യത്തിൽ മററു സാക്ഷികളുണ്ടോയെന്നു നോക്കുകയാണെങ്കിൽ, ശ്രീ എ. ഗോപാലമേനോൻ അവർകൾ എം. ഏ. ബി. കോം തരുന്ന രേഖയാണ അവയിൽവച്ചു ഏററവും പ്രധാനം. അദ്ദേഹം എന്റെ അന്വേഷണത്തിനു നൽകിയ മറുപടിയാണ താഴെ കൊടുക്കുന്നതു്.

തിരുവനന്തപുരം

൯-൧൧-൪൭.

......മിസ്റ്റർ ആററൂർ തിരുവനന്തപുരത്തു വന്ന ആദ്യകാലത്തു് (൧൦൮൧-ൽ ഞാൻ ശീമയ്ക്കുപോകുന്നതിനുമുമ്പാണ്) ശാകുന്തളത്തിലെ ശ്ലോകങ്ങൾ അദ്ദേഹം മലയാളത്തിൽ തർജ്ജമചെയ്തു പലപ്പോഴായി പല ഭാഗങ്ങളും തുടർച്ചയായി ഞാൻ വായിച്ചു

(ശേഷം ഏഴാംപേജിൽ)

ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
മഹത്തായ രണ്ടാംവാരം
മഹാന്നപ്പാഭാഗവതർ, വസന്ത, വസന്തകോകിലം
മുതലായവരഭിനയിച്ച
കുണ്ഡലകേശി
എന്ന മഹനീയചിത്രം

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
മഹത്തായ മൂന്നാംവാരം
എം. കെ. ത്യാഗരാജഭാഗവതർ, ററി. ആർ. രാജകുമാരി, എൻ. സി. വസന്തകോകിലം, കൃഷ്ണൻ, മധുരം, അഭിനയിച്ച
ഹരിദാസ്

ചവറ ബേബി ടാക്കീസിൽ
ററി. ആർ. രാജകുമാരി, കൊത്തമംഗലം ചിന്ന, വിദ്വാൻ ശ്രീനിവാസൻ, രാജഗോപാലയ്യർ അഭിനയിച്ച
കചദേവയാനി
തമിഴ് ചിത്രം.

അമ്പലപ്പുഴ ഗോപ ടാക്കീസിൽ
എം. കെ. ത്യാഗരാജഭാഗവതർ, ററി. ആർ. രാജകുമാരി, ശാമ, കൃഷ്ണൻ, മധുരം മുതലായവർ
അഭിനയിച്ച
ശിവകവി
എന്ന പുണ്യപുരാണതമിഴ് ചിത്രം

കൊല്ലം ലക്ഷ്മി ടാക്കീസിൽ
മഹത്തായ 3-ാംവാരം
റി. ആർ. രാജകുമാരി, വസന്തകോകിലം, ടി. എസ്. ബാലയ്യാ, ഹൊന്നപ്പാഭാഗവതർ, കാളി എൻ. രത്നം
വാല്മീകി

*In loving memory of the late*
**Mr. Zachariah David.**
"It is not tears of the moment shed-
When the heart by grief is torn-
But the tears that are shed in after years,
And the grief that is silently borne."
*Inserted by his sorrowing widow and children.*

(൪-ാംപേജിൽനിന്നും തുടർച്ച)

വരുന്നതു്, ഇപ്രകാരം ഉള്ള ഒരു ധാരണ മുതലാളിമാരിലും അവരുടെ ഉദ്യോഗസ്ഥന്മാരിലും ഉണ്ടാകാതിരിക്കാൻ ഇൻസ്പെക്ടർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. കമ്പനിനിബന്ധനകൾ മനസ്സിലാക്കാനും, അവിടെയുള്ള വൈകല്യങ്ങൾ ദൂരീകരിക്കാനും സംരക്ഷണമാർഗ്ഗങ്ങൾ നടപ്പിലാക്കാനും മാനേജരേയും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരേയും സഹായിക്കാൻ വരുന്ന ഒരു സാമുദായികപ്രവർത്തകൻ എന്ന നിലയിൽവേണം; ഇൻസ്പെക്ടർ മുതലാളിമാരുമായി അടുത്തുകൂടാൻ. എന്നാൽ അതേസമയംതന്നെ മുതലാളിയുടെ ഒരു ചെങ്ങാതിയായി അയാളുടെ അക്രമങ്ങൾകണ്ടു് കണ്ണടയ്ക്കാൻ ഒരിക്കലും പാടില്ല. ഇവിടെ കൈക്കൂലിക്കു വഴങ്ങുന്ന ഒരു നീചമനസ്സാണു് ഇൻസ്പെക്ടർക്കു് ഉള്ളതെങ്കിൽ, ഇൻസ്പെക്ഷന്റെ സകല ആദർശങ്ങളും ഉദ്ദേശങ്ങളും പ്രയോജനരഹിതമായിത്തീരും. എന്തുകൊണ്ടെന്നാൽ എന്തു കൈക്കൂലിതരാനും മുതലാളിക്കു് കഴിവുണ്ടു്; അതിനു് മടിക്കുകയും ഇല്ല.

വ്യവസായശാലയിൽ വന്നാലുടൻ ഇൻസ്പെക്ടർ നേരേ മാനേജരേയോ അല്ലാത്തപക്ഷം ലേബർ ഓഫീസറേയോ കാണുകയും വരവിന്റെ ഉദ്ദേശം ധരിപ്പിക്കുകയും ചെയ്യണം. വ്യവസായശാല ചുററിത്തിരിഞ്ഞുള്ള പരിശോധന ചിലപ്പോൾ ഒററക്കു രഹസ്യമായും, മററു ചില അവസരത്തിൽ മാനേജരോടുകൂടിയോ അല്ലെങ്കിൽ ലേബർഓഫീസർ സഹിതമോ നടത്തേണ്ടതാണു്. ഇതുരണ്ടും പരിശോധനയുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. ഒരവസരത്തിൽ തൊഴിലാളിക്കു് മിഷ്യനിൽനിന്നോ മററുവിധേനയോ, നേരിട്ട ഒരപകടത്തെക്കുറിച്ചു് അന്വേഷിക്കാനാണു് ഇൻസ്പെക്ടർ പോകുന്നതെന്നിരിക്കട്ടെ. അപ്പോൾ സംഭവം നടന്ന സ്ഥലത്തേക്കു് മാനേജരെക്കൂടി കൊണ്ടുപോകുന്നതു് ഉത്തമമായിരിക്കും. എന്തുകൊണ്ടെന്നാൽ ഈ അവസരത്തിൽ, അപകടം കുറച്ചു ഗൗരവാവഹമാണെങ്കിൽ, മാനേജരുടെമാനസികവികാരങ്ങളിൽ ഇൻസ്പെക്ടർക്കു് തന്റെ സാമർത്ഥ്യം ഉപയോഗിക്കാൻ സാധിക്കും. ഈ അവസരത്തിൽ ഇൻസ്പെക്ടർനൽകുന്ന നിർദ്ദേശങ്ങൾ മാനേജർ സ്വീകരിക്കുമെന്നു മാത്രമല്ല മേലാൽ അപകടനിവാരണവിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്യുക്കും. നേരേമറിച്ചു് തൊഴിലാളികളിൽനിന്നു് അവരുടെ കൂലിനിരക്കിനേക്കുറിച്ചോ ജോലിസമയത്തെക്കുറിച്ചോ ഉള്ള പരാതികളാണു് അറിയേണ്ടതെങ്കിൽ അപ്പോൾ മാനേജരോ അദ്ദേഹത്തിന്റെ പ്രതിനിധികളോ ഉണ്ടായിരിക്കുന്നതു് നന്നല്ല.

അപകടങ്ങൾ ഉണ്ടാകുമ്പോൾ അതു് ഉണ്ടായ സ്ഥലത്തേയും മാനേജരേയും കൂടാതെ, അപകടം നേരിട്ട തൊഴിലാളിയേയും, അതു് കാണ്മാൻ ഇടയായ മററു തൊഴിലാളികളേയും ചികിത്സിക്കുന്ന ഡാക്ടരേയും ഇൻസ്പെക്ടർ സന്ദർശിക്കേണ്ടതാണു്. കൂടാതെ ശരിക്കുള്ള കോമ്പൻസേഷൻ കൊടുക്കുന്നതിലും സുഖപ്പെട്ടുവരുമ്പോൾ തൊഴിലാളിയെ വീണ്ടും തൊഴിലിൽ പ്രവേശിപ്പിക്കുന്നതിലും ഇൻസ്പെക്ടർ ശ്രദ്ധപതിപ്പിക്കണം.

പരിശോധനയുടെ വിവരങ്ങൾ, അതിനായി പ്രത്യേകമുള്ള ഒരു ഫാറത്തിലോ, ഒരു നോട്ടുബുക്കിലോ കുറിച്ചു് എടുക്കേണ്ടതാണു്. മാനേജരോ പ്രതിനിധിയോ കൂടെ ഉള്ളപക്ഷം കുറവുകൾ അപ്പോഴപ്പോൾ ചൂണ്ടികാണിക്കുകയും, പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യാവുന്നതാണു്. അല്ലാത്തപക്ഷം അവകളേക്കുറിച്ചു് മാനേജരോടു് പിന്നീടു് സംസാരിക്കുകയും വേണ്ടിവന്നാൽ മാനേജരുമായി പ്രസ്തുതസ്ഥലങ്ങൾ വീണ്ടും സന്ദർശിച്ചു് കുറവുകളും പരിഹാരങ്ങളും പറഞ്ഞു മനസ്സിലാക്കുകയും ചെയ്യുന്നതു് നന്നായിരിക്കും.

ഓരോ പരിശോധനയുടേയും റിപ്പോർട്ടു് ഓഫീസ്സിൽ സൂക്ഷിക്കുകയും ചീഫ് ഇൻസ്പെക്ടർക്കു് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണു്.

ഇൻസ്പെക്ടറുടെ പ്രഥമവും പ്രധാനവുമായ ജോലി, മുതലാളിമാർ കമ്പനിനിബന്ധനകളേയും തൊഴിൽനിബന്ധനകളേയും ലംഘിക്കുന്നുണ്ടോ എന്നന്വേഷിച്ചു് കണ്ടുപിടിക്കുക എന്നുള്ളതാണു്. അപ്രകാരമുള്ള കുററങ്ങൾ കണ്ടുപിടിക്കുമ്പോൾ അവയെ മുതലാളിമാരേക്കൊണ്ടു് ശരിപ്പെടുത്തിക്കുകയാണു് അടുത്ത ജോലി; ഇതും വളരെ സാമർത്ഥ്യപൂർവം ചെയ്യേണ്ടതാണു്. കുററങ്ങൾ കണ്ടുപിടിച്ചാലുടൻതന്നെ കേസ്സു് ചാർജ്ജുചെയ്യുക എന്നുള്ള രീതി ചില ഇൻസ്പെക്ടർമാർ അംഗീകരിച്ചു കാണുന്നുണ്ടു്. ഇതു് ഏററവും പിശകായ ഒരു രീതിയാണു്. ഇതുകൊണ്ടു് മുതലാളിയുടെ നിസ്സഹകരണവും, തൊഴിലാളിയോടുള്ള വൈരാഗ്യവും വർദ്ധിപ്പിക്കാം എന്നല്ലാതെ മററു പ്രത്യേകപ്രയോജനങ്ങൾ ഉണ്ടാകാൻ ഇല്ല.

ഒരു കുററം കണ്ടുപിടിച്ചാൽ അതു് ഉടൻതന്നെ മാനേജരെ അറിയിക്കുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും വേണം. അതേ അവസരത്തിൽതന്നെ പ്രസ്തുത കുററത്തിന്റെയും നിർദ്ദേശിച്ചിട്ടുള്ള പ്രതിവിധികളുടേയും പകർപ്പുകൾ ചീഫ് ഇൻസ്പെക്ടർക്കു് അയയ്ക്കുന്നതും നന്നായിരിക്കും. നിർദ്ദേശങ്ങൾ നൽകിയതിനുശേഷം ഒരു പ്രത്യേകകാലദൈർഘ്യത്തിനുള്ളിൽ ഫാക്ടറി ഒന്നുകൂടി സന്ദർശിക്കേണ്ടതും, നിർദ്ദേശങ്ങളെ എത്രകണ്ടു് സ്വീകരിച്ചിട്ടുണ്ടെന്നു് അന്വേഷിക്കേണ്ടതും ആണു്. മററു സകലവിധ പ്രയത്നങ്ങളും വിഫലമാകുമ്പോൾ മാത്രമേ കോർട്ടുനടപടികൾക്കു് തുനിയാൻ പാടുള്ളു. കോർട്ടിൽ സാക്ഷികൊടുക്കേണ്ടതുംകേസ്സുനടത്തേണ്ടതും ഇൻസ്പെക്ടർ തന്നെ ആയിരിക്കണം.

പ്രയോജനപ്രദമായ ഫലങ്ങൾ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഫാക്ടറിഇൻസ്പെക്ടർമാരെ നിയമിക്കുന്നതിൽ ലേബർകമ്മീഷണർ പ്രത്യേകം ഗൗനിക്കേണ്ടതാണു്.

—o—

## വിശേഷവാർത്തകൾ

—o—

വെറും ജലദോഷം ബ്രിട്ടനു പ്രതിവർഷം ൪൦൦൦൦൦൦൦ 'തൊഴിൽദിവസങ്ങൾ' നഷ്ടപ്പെടുത്തിവരുന്നുണ്ടു്.

ലോകത്തിലെ ആദ്യത്തെ ആവിയന്ത്രം അലക്സാണ്ഡ്രിയായിൽവച്ചു ൨൦൦൦ ആണ്ടുകൾക്കുമുമ്പു ഹീറോ നിർമ്മിച്ച ഒരു കളിപ്പാട്ടമായിരുന്നു.

ഒരു ഘനമൈൽസമുദ്രജലത്തിൽ ൨൫൦൦ ടൺ 'മെററാലിക്കമഗ്നീഷിയം' ഉണ്ടു്.

ലണ്ടൻ ൨൯ വലിയ നഗരങ്ങളുടെ ഒരു സമൂഹമാണു്. ഇതിൽ ൨൮ എണ്ണം ബറോകളും, ൨൯-ാമത്തേതും ഏററവും ചെറുതുമായതു ഒരു സിററിയുമാണു്. അതു ലണ്ടൻ സിററിതന്നെയാണു്.

മഹായുദ്ധത്തിനു മുമ്പു് ൧൦,൦൦൦,൦൦൦ ബ്രിട്ടീഷുകാരും ൪൭,൦൦൦,൦൦൦ അമേരിക്കക്കാരും ൨൭,൦൦൦,൦൦൦ ജപ്പാൻകാരും ൧൮,൦൦൦,൦൦൦ ജർമ്മൻകാരും കണ്ണടകൾ ഉപയോഗിച്ചു വന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പും ഉദ്യോഗകാലാവധി കഴിയുന്ന അവസരത്തിലും ഹൈവെക്കോംബിലെ മേയരുടെയും കാർപ്പറേഷൻ അംഗങ്ങളുടെയും തൂക്കം എടുക്കുന്ന ഒരു ചടങ്ങു ഇപ്പോഴും നടപ്പിലിരിക്കുന്നു.

ലണ്ടനിൽ ൧൦ വർഷക്കാലമായി ഉപയോഗത്തിലിരിക്കുന്ന ഒരു ക്ലാക്കിലെ സമയം ടെലഫോൺ മാർഗ്ഗം ആഴ്ചയിൽ ൫൦൦൦൦൦ ലണ്ടൻനിവാസികൾക്കു അറിവുകൊടുത്തുവരുന്നു.

സാധാരണകാലങ്ങളിൽ ലോകത്തിനു് ഒരു വർഷത്തിൽ ൨൦,൦൦൦,൦൦൦ ടൺ കടലാസു ഉപയോഗത്തിനു വേണ്ടിവരുന്നു.

"ററിട്ടാനിയം'' എന്ന (൩൨൦൦൦ ടൺ) ആവിക്കപ്പൽ നന്നാക്കുന്നതിനു മരപ്പലകകൾക്കു പകരം തട്ടുകൾക്കു വിവിധനിറങ്ങളിലുള്ള 'പ്ലാസ്റ്റിക്ക്' പലകകളാണുപയോഗിക്കുന്നതു്. ക്യാനഡായുടെയും ഐക്യനാടുകളുടെയും ഇടയ്ക്കുള്ള അതിർത്തിസ്ഥലത്തിനു 49th Parallel എന്നാണു പേർപറയുന്നതു്.

ലോകത്തിൽ പ്രതിവർഷം ഖനനം ചെയ്യുന്ന സ്വർണ്ണം ൨൧,൦൦൦,൦൦൦ ഔൺസു (ട്രോയി) ആണത്രേ.

—o—

# ഇൻഡ്യൻ വ്യോമസേന

എൻ. ശങ്കരൻനായർ ബി. ഏ, തിരുവല്ലാ

ഇൻഡ്യൻ വ്യോമസേന (Indian Air Force) റോയൽ വ്യോമസേന (Royal Air Force) യുടെ സന്താനമാണെന്നു പറയാവുന്നതാണു്. ഒന്നാംലോകമഹായുദ്ധകാലത്താണു് ആർ. എ. എഫ്. രൂപീകരിക്കപ്പെട്ടതു്. ആദ്യം അതു ബ്രിട്ടീഷ്കരസൈന്യത്തിന്റെ ഒരു വിഭാഗംമാത്രമായിരുന്നു. ൧൯൧൮-ൽ മാത്രമാണു് അതിനെ കരസൈന്യത്തിൽനിന്നുവേർപെടുത്തി ഇപ്പോഴത്തെ നിലയിലുള്ളറോയൽവ്യോമസേനയാക്കിത്തീർത്തതു്.

൧൯൧൯-മുതൽ ൧൯൩൨-വരെ ഇൻഡ്യയുടെ വ്യോമമാർഗ്ഗസംരക്ഷണം കയ്യേററിരുന്നതു ചില ആർ. എ. എഫ്. സ്ക്വാഡ്രനുകൾ (Squadrons) ആയിരുന്നു. ഇൻഡ്യയുടെ വടക്കുപടിഞ്ഞാറൻഅതിർത്തിപ്രദേശങ്ങളിൽ അധിവസിച്ചിരുന്ന അപരിഷ്കൃതവർഗ്ഗക്കാരുടെ അക്രമങ്ങൾമൂലം അവിടം സുരക്ഷിതമല്ലാതിരുന്നതിനാൽ അവരെ അമർത്തുന്നതിനായി ഈ വ്യോമസേന നിയോഗിക്കപ്പെട്ടിരുന്നു.

ഈ കാലങ്ങളിലെല്ലാം, ഇൻഡ്യയുടെ സുരക്ഷിതത്വത്തിനായി സ്വന്തമായ ഒരു വ്യോമസേന അത്യന്താപേക്ഷിതമാണെന്നുള്ള വിചാരം രാജ്യസ്നേഹികളായ നേതാക്കന്മാരിൽ കടന്നുകൂടിയിരുന്നു. ഇൻഡ്യാഗവമ്മെൻറും ഇതിനോടു് അനുകൂലമായിരുന്നു. അതിനാൽ ഇതിന്റെ സാദ്ധ്യതകളേപ്പററി അന്വേഷിക്കുന്നതിനായി ൧൯൨൫-ൽ ജനറൽ സ്കീനിന്റെ അദ്ധ്യക്ഷതയിൽ സ്കീൻകമ്മിററി (Skeene Committee) എന്നറിയപ്പെടുന്നതായ സമിതി നിയമിക്കപ്പെട്ടു. ഈ കമ്മിററിയിൽ പരേതനായ പണ്ഡിതമോട്ടിലാൽ നെഹ്റു, മി: എം. ഏ. ജിന്നാ എന്നീ വിഖ്യാതരായ ഭാരതീയനേതാക്കന്മാർ അംഗങ്ങളായിരുന്നു. ൧൯൨൭-ൽ ഈ കമ്മിററി റിപ്പോർട്ടു സമപ്പിച്ചു. ഇൻഡ്യയ്ക്കു സ്വന്തമായി ഒരു വ്യോമസേന രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ അവർ ശക്തിയായി ചൂണ്ടിക്കാണിച്ചു. എന്നാൽ അഞ്ചുവർഷംകൂടി കഴിഞ്ഞതിനുശേഷമേ ഇതു സാദ്ധ്യമായുള്ളു. ൧൯൩൨ ലെ ഇൻഡ്യൻ വ്യോമസേനാനിയമം (Indian Air Force Act) മൂലം ഇൻഡ്യൻ വ്യോമസേന രൂപീകൃതമായി.

ഒരു വ്യോമസേന രൂപീകരിക്കുക എന്നതു് ക്ഷിപ്രസാദ്ധ്യമല്ലല്ലോ. ഇൻഡ്യാക്കാർക്കു് ഇതു് ഒരു പുതുമയായിരുന്നു. വ്യോമസേനാരൂപീകരണത്തിനും സേനാപരിശീലനത്തിനും ഇൻഡ്യയിൽ അന്നു യാതൊരു സൗകര്യങ്ങളും ഇല്ലായിരുന്നു. അതിനാൽ വൈമാനികരുടെ പരിശീലനം ആദ്യം ഇംഗ്ലണ്ടിലെ "വ്യോമസേനാകലാശാല'' എന്ന അപരനാമത്താൽ അറിയപ്പെടുന്ന ക്രാൻവെൽ (Cranwell) പരിശീലനകേന്ദ്രത്തിലായിരുന്നു. ൧൯൩൦-ൽ ആദ്യമായി ആറുയുവാക്കൾ വൈമാനികരായി പരിശീലനം ലഭിക്കുന്നതിനായി ഇൻഡ്യവിട്ടു. ഇവരാണു് പുതിയ ഇൻഡ്യൻ വ്യോമസേനയുടെ അടിസ്ഥാനക്കല്ലിട്ടവർ.

ഇവർ പരിശീലനം കഴിഞ്ഞു് ഇൻഡ്യയിൽ എത്തിച്ചേരുന്നതോടെ ഒന്നാം ഫ്ളൈററ് (Flight) കറാച്ചിയിൽ ആരംഭിച്ചു. അതിന്റെ കമാൻറിങ്ങ് ഓഫീസർ (Commanding Officer) ഫ്ളൈററ് ലെഫ്ററനൻറ് ബൂഷിയർ (Flight Lieutenant Boucher) ആയിരുന്നു. പരിശീലനം ലഭിച്ച ഇൻഡ്യാക്കാർ അന്നു ദുർല്ലഭമായിരുന്നതിനാൽ ഒന്നാം ഫ്ളൈററിൽ കുറെ ബ്രിട്ടീഷുകാരുമുണ്ടായിരുന്നു. ഈ ഫ്ളൈററ് ഒരു സൈനികസഹകരണഘടകം എന്ന നിലയിലാണു് ആദ്യം രൂപവല്ക്കരിച്ചതു്. ൧൯൩൩ മുതൽ ൧൯൩൯-വരെ അഭ്യസ്തവിദ്യരായ യുവാക്കന്മാരെ സേനയിൽചേർത്തു വേണ്ട പരിശീലനം നൽകുന്നതിൽ അവർ ശ്രദ്ധപതിപ്പിച്ചു. അതിനാൽ ഇൻഡ്യൻവ്യോമസേനയുടെ ആദികാലചരിത്രം പ്രായേണ സംഭവരഹിതമാണു്.

എന്നാൽ ൧൯൩൭-ൽ ഇപ്പിയിലെ ഫക്കീറിന്റെ (Fakir of Ipi) ആളുകളിൽനിന്നുണ്ടായ ഉപദ്രവം ഇല്ലാതാക്കുന്നതിനായി ഏ. ഫ്ളൈററ് (A. Flight) വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശത്തേക്കു അയയ്ക്കപ്പെട്ടു: അവർക്കു സ്വന്തമായിരുന്ന നാലു 'വാപാതി' (Wapitis-ഒരുതരം വിമാനം) കളുമായി മെറാൻഷായിൽ ചെന്നുചേരുകയും അക്രമികളെ അമർത്തുകയുംചെയ്തു.

൧൯൩൮-ൽ രണ്ടു ഫ്ളൈററുകൾകൂടി കറാച്ചിയിൽ രൂപീകൃതമായി. ഫ്ളയിംഗ് ഓഫീസർ മജുംദാരുടെ (F. O. Majumdar) നേതൃത്വത്തിൽ സി. ഫ്ളൈററ് അതിർത്തി പ്രദേശങ്ങളിലെ സംരക്ഷണകൃത്യം ഏറെറടുത്തു് അതുസ്തുത്യർഹമാംവണ്ണം നിവ്വഹിച്ചു.

൧൯൩൯-ൽ ഇൻഡ്യൻ വ്യോമസേനയിലുണ്ടായിരുന്ന ബ്രിട്ടീഷുകാരെയെല്ലാം R. A. F. ലേക്കു തിരിച്ചുവിളിച്ചു. സ്ക്വാഡ്രൻ ലീഡർ (ഇപ്പോൾ ഗ്രൂപ്പ്കാപ്ററൻ) മുക്കർജി ഒന്നാംസ്ക്വാഡ്രന്റെ കമാൻറിംഗ് ഓഫീസർ ആയി. ൧൯൩൯ സെപ്ററംബറിൽ ബ്രിട്ടൻ ജർമ്മനിയോടു യുദ്ധപ്രഖ്യാപനം ചെയ്തതോടെ വടക്കുപടിഞ്ഞാറൻ അതിർത്തിദേശത്തുണ്ടായിരുന്ന R. A. F. സ്ക്വാഡ്രൻ മുഴുവൻ തിരിച്ചുവിളിക്കപ്പെടുകയും അവയുടെ സ്ഥാനം I. A. F. (Indian Air Force) കയ്യേൽക്കുകയും ചെയ്തു. കാലക്രമേണ ഇൻഡ്യൻ കടൽത്തീരപ്രദേശസംരക്ഷണത്തിനായി ഇൻഡ്യയിലെ പ്രധാനപ്പെട്ട ആറു തുറമുഖങ്ങളിൽ I. A. F. വോളണ്ടിയർ റിസേർവ്വുസംഘം രൂപീകരിക്കപ്പെടുകയും ചെയ്തു.

I. A. F ആദ്യമായി ഖ്യാതിസമ്പാദിച്ചതു ൧൯൪൨-ൽബർമ്മായിൽ വച്ചായിരുന്നു. സ്ക്വാഡ്രൻ ലീഡർ (Squadron Leader) മജുംദാറിന്റെ നേതൃത്വത്തിലുള്ള ഒന്നാം സ്ക്വാഡ്രൻസമരത്തിൽ ഒന്നാംകിടയിൽ നിന്നു. ജപ്പാൻകാരുടെ പ്രതിരോധമദ്ധ്യേ ബർമ്മായിലും സയാമിലും അവർ അവരുടെ വീരപരാക്രമങ്ങൾ ലോകസമക്ഷം കാണിച്ചു. ൧൯൪൩-ലും—൧൯൪൪—ലും ആരക്കാനിലും മണിപ്പൂരിലും വച്ചു നടന്ന സമരങ്ങളിൽ I. A. F. പ്രശംസനീയമായ ഒരു പങ്കുവഹിച്ചു.

അക്കാലങ്ങളിലും അതിനുശേഷവും ഇൻഡ്യൻ വ്യോമസൈനികർ D. F. C. A. F. C, D. S. O. മുതലായി അനേകം ബിരുദങ്ങളും ബഹുമതികളും സമ്പാദിച്ചിട്ടുണ്ടു്.

൧൯൪൫-ഏപ്രിൽ ൧-ാംനു-മുതൽ I. A. F. ന്റെ പേർ R. I. A. F. എന്നു മാററപ്പെടുകയും അതിനാൽ അതു് ഇപ്പോൾ 'റോയൽ ഇൻഡ്യൻ വ്യോമസേന' (Royal Indian Air Force) യായി പ്രശോഭിക്കുകയും ചെയ്യുന്നു.

ഇപ്പോൾ R. I. A. F. ൽ ൧൨ സ്ക്വാഡ്രൻ ഉണ്ടു്. മററു രാജ്യങ്ങളേ അപേക്ഷിച്ചുനോക്കുമ്പോൾ ഇതുവളരെ നിസ്സാരമാണു്. ഇവയുടെ എണ്ണം വർദ്ധിപ്പിക്കണം എന്നുള്ളതാണു ഗവമ്മെൻറിന്റെ ഉദ്ദേശം. അതിനായി കൂടുതൽ ആളുകളെ ചേർത്തു പരിശീലിപ്പിച്ചുവരുന്നു. ഇൻഡ്യൻ വ്യോമസേനയുടെ ഭാവി ഇൻഡ്യയുടെ ഭാവിഭരണക്കൂടത്തെയും അതിന്റെ നയത്തേയും ആശ്രയിച്ചിരിക്കും. ഏതായാലും R. I. A. F. ന്റെ ഉത്ഭവം, വളർച്ച എന്നിവ പരിശോധിച്ചുനോക്കുമ്പോൾ അതിന്റെ ഭാവി ശുഭകരമായിരിക്കും എന്നു് ആശിക്കാവുന്നതാണു്.



# റഷ്യയിലെ വനിതകൾ

(എ. ഐവാനോവ്)

സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവും ആയ ജീവിതത്തിൻെറ വിവിധമണ്ഡലങ്ങളിലും പുരുഷനും സ്ത്രീക്കും ഒരേവിധത്തിലുള്ള അവകാശാധികാരങ്ങളാണ സോവിയറ്റ്റഷ്യയിൽ അനുവദിക്കപ്പെട്ടിട്ടുള്ളതു്. പുതിയ റഷ്യൻഭരണവ്യവസ്ഥാപ്രമാണത്തിലെ ൧൨൨-ാംവകുപ്പു സ്ത്രീകളുടെ അവകാശങ്ങളെപ്പററി വിശദീകരിക്കുന്നുണ്ടു്. ജോലിചെയ്യുന്നതിനും ചെയ്യുന്നജോലിക്കു കൂലിവാങ്ങുന്നതിനും, വിശ്രമിക്കുന്നതിനും വിജ്ഞാനം സമ്പാദിക്കുന്നതിനും, മാതാവിൻെറയും ശിശുവിൻെറയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രസവത്തിനുമുമ്പും പ്രസവാനന്തരവും ശമ്പളത്തോടുകൂടി അവധിയിൽ പ്രവേശിക്കുന്നതിനും ഉള്ള അവകാശം സ്ത്രീകൾക്കു നൽകിക്കാണുന്നു.

## ഭരണസമിതികളിൽ

യു. എസ്. എസ്. ആർ (സോവിയററ് റഷ്യ) ലെ സുപ്രീംസോവ്യററ എന്ന ഭരണസമിതിയിൽ അംഗങ്ങളായി ൨൭൭ സ്ത്രീകളാണുള്ളതു. യൂണിയനിലെയും, സ്വതന്ത്ര റിപ്പബ്ളിക്കുകളിലെയും സുപ്രീംസോവിയററുകളിൽ ആകെ ൧൫൦൦ സ്ത്രീകളോളം സാമാജികരായുണ്ടു്. ഇതു ആകെയുള്ള അംഗങ്ങളിൽ ൩൦ ശതമാനമാണ് പ്രാദേശികസോവിയററുകളിൽ അംഗങ്ങളായുള്ള സ്ത്രീകളുടെ സംഖ്യ അഞ്ചുലക്ഷത്തോളംവരും.

സോവിയററ്യൂണിയൻെറ രാഷ്ട്രീയജീവിതത്തിൽസ്ത്രീകൾ വഹിക്കുന്ന പങ്ക് എത്രത്തോളം പ്രാധാന്യമുള്ളതാണെന്നു 'ചുവാഷ്' എന്ന സ്വതന്ത്ര റിപ്പബ്ളിക്കിൻെറ ചരിത്രം പരിശോധിച്ചാൽ ഏറെക്കുറെ മനസ്സിലാക്കാൻ സാധിക്കും. ചരിത്രപ്രസിദ്ധമായ റഷ്യൻവിപ്ലവത്തിനുമുമ്പു അവിടത്തെ ജനസംഖ്യയിൽ ൮൫ ശതമാനം അക്ഷരജ്ഞാനമില്ലാത്തവരായിരുന്നു. സ്ത്രീകളിൽ ൯൫ ശതമാനത്തോളവും അക്ഷരജ്ഞാനമില്ലാത്തവരായിരുന്നു. ൧൯൨൦-ൽ 'ചുവാഷ്' ഒരു റിപ്പബ്ളിക്കു ആയിത്തീർന്നു. കഴിഞ്ഞ കാൽശതാബ്ദംകൊണ്ടു പ്രസ്തുത രാജ്യത്തിൽനിന്നു അക്ഷരജ്ഞാനമില്ലായ്മ തിരോധാനം ചെയ്തുകഴിഞ്ഞു. അവിടെ ഇപ്പോൾ സ്കൂളുകളും കാളേജുകളും ധാരാളമായുണ്ടു്. ചുവാഷിയായിൽനിന്നു സോവിയററുകളിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ത്രീകളുടെ എണ്ണം ൨൦൦൦ ആണ്. ഇതിൽ യു. എസ്. എസ്: ആർ. സുപ്രീംസോവ്യററ അംഗങ്ങളായ ൩൮ സ്ത്രീകളുൾപ്പെടുന്നു. പ്രസ്തുത റിപ്പബ്ളിക്കിലെ സുപ്രീംസോവ്യററിൽ ൧൯൩൭ മുതൽ അദ്ധ്യക്ഷയായി തുടർന്നുവരുന്നതു സോയാത്രൻപ്രീവാ എന്ന മഹതിയാണ്.

പ്രാസ്കോവ്യ കലീൻകിനാ എന്ന ചുവാഷ്‌വനിതയുടെ ചരിത്രം സോവ്യററ റഷ്യയിലെ സ്ത്രീകളുടെ പുരോഗതിയ്ക്കു ഒരു ദൃഷ്ടാന്തമാണ്. ഒരു ഗ്രാമീണബാലികയായിരുന്ന കലീൻകിനായുടെ മാതാപിതാക്കൾ അവൾക്കു ഒൻപതുവയസ്സുതികയുന്നതിനുമുമ്പുതന്നെ പരലോകപ്രാപ്തരായി. ൧൯൧൭ ലെ വിപ്ലവാനന്തരം കലീൻകിനാ ഒരു ഭോജനശാലയിലെ അരിവെയ്പുകാരിയായി ജോലിയിൽ പ്രവേശിച്ചു. അവർ എഴുത്തും വായനയും പഠിച്ചുതുടങ്ങി. താമസിയാതെ വലിയ ഒരു ഭോജനശാലയുടെ മാനേജരായി ഉയർത്തപ്പെട്ടു. വിദ്യാഭ്യാസം അവൾ തുടർന്നുകൊണ്ടുതന്നെയിരുന്നു. ൧൯൩൨-ൽ കലീൻകിനാ പ്രസ്തുത റിപ്പബ്ളിക്കിലെ പ്രധാന നഗരത്തിലെ മുനിസിപ്പൽ കൗൺസിലിൻെറ പ്രസിഡൻറ് സുപ്രീംസോവ്യററിലെ ഒരു അംഗവും ആയി തിരഞ്ഞെടുക്കപ്പെട്ടു. ൧൯൪൦-ൽ കലീൻകിനാ "അക്കഡെമി അഫ് ഫുഡ് ഇൻഡസ്ട്രി"യിലെ പരീക്ഷ പാസ്സാകുകയും ചുവാഷ്റിപ്പബ്ളിക്കിലെ ഭക്ഷ്യകാര്യമന്ത്രിയായി നിയമിതയാകുകയും ചെയ്തു.

യാക്കൂട്ട് റിപ്പബ്ളിക്ക സുപ്രീംസോവ്യററിൻെറ അദ്ധ്യക്ഷപദം അലങ്കരിക്കുന്നതു സോഫീസിഡോറോവാ എന്ന മഹതിയാണ്. ടക്ക്മീനിയൻ റിപ്പബ്ളിക്കിലെ നീതിന്യായമന്ത്രി ന്യൂറീകാഡ്ജയെവാ എന്ന മറെറാരു മഹിളയാണ്.

൧൯൪൦-ൽ വ്യവസായികവകുപ്പുകളിലെ ഉദ്യോഗങ്ങളിൽ ൩൮.൪ ശതമാനം വഹിച്ചിരുന്നതു സ്ത്രീകളായിരുന്നു. റയിൽവേ എൻജിനിയേഴ്സ് ആയിത്തന്നെ നാലായിരത്തിൽപരം സ്ത്രീകൾ ഉദ്യോഗം വഹിച്ചുവന്നു.

ഫാക്ടറികൾ, മില്ലുകൾ, എണ്ണഖനികൾ മുതലായവയിൽ ഉയർന്ന ഉദ്യോഗം വഹിക്കുന്നവരായി അനേകശതം സ്ത്രീകൾ സോവ്യററ്റഷ്യയിലുണ്ടു്.

൧൯൪൧-ൽ ൩൯൦൦൦൦ സ്ത്രീകൾ അദ്ധ്യാപികാവൃത്തിയിലും ൬൨൦൦൦ ഡാക്ടർ പണിയിലും ൧൯൦൦൦൦ എൻജിനീയർവകുപ്പിലും ഏർപ്പെട്ടു സേവനം നടത്തിയിരുന്നു. ഗവേഷണശാലകളിൽ ൩൩൦൦൦ സ്ത്രീകൾ പ്രവർത്തനം നടത്തുന്നു സ്റ്റാലിൻ സമ്മാനം ലഭിച്ച ശാസ്ത്രജ്ഞരിൽ ൪൨ പേർ വനിതകളാണ്. സ്ത്രീകളായ എൻജിനീയർമാർ വിവിധതരത്തിലുള്ള അനേകം യുദ്ധോപകരണങ്ങൾ കണ്ടുപിടിക്കയുണ്ടായിട്ടുണ്ടു്.

## മാതാവും ശിശുവും

റഷ്യ മാതൃത്വത്തിനു നൽകുന്ന സ്ഥാനം അതുല്യമത്രേ. ഗർഭിണികൾക്കും മാതാക്കൾക്കും അനുവദിക്കപ്പെട്ടിരുന്ന ധനസഹായം ൧൯൩൬ ജൂലൈ ൨൭-ാംതീയതിയിലെ നിയമംമൂലം വർദ്ധിപ്പിക്കപ്പെട്ടു. കൂടുതൽകുട്ടികളുള്ള സ്ത്രീകൾക്കും, അവിവാഹിതരായ മാതാക്കൾക്കുമുള്ള വേതനത്തിൻെറ സംഖ്യയും പ്രസ്തുതനിയമം വർദ്ധിപ്പിക്കുകയുണ്ടായി. 'മദർഹീറായിൻ', 'ഗ്ലോറി അഫ് മദർഹുഡ് ആർഡർ', 'മദർഹുഡ് മെഡൽ' മുതലായ ബഹുമതികളും ബഹുമതിമുദ്രകളും മാതൃത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ടു. മേൽസൂചിപ്പിച്ച നിയമപ്രകാരം സ്ത്രീകൾക്കു ലഭിക്കുന്ന സൗജന്യങ്ങൾ താഴെപ്പറയുന്നവയാണ്.

സ്ത്രീതൊഴിലാളികൾക്കു മുഴുവൻശമ്പളത്തിൽ പ്രസവത്തിനുമുമ്പും പ്രസവാനന്തരവുംആയി ൭൭ ദിവസത്തെ അവധി (മുമ്പ് ൬൩ ദിവസം ആയിരുന്നു.) ഒരു സ്ത്രീയുടെ മൂന്നാമത്തെ പ്രസവത്തിനു ൪൦൦ റൂബിൾ പാരിതോഷികം. നാലാമത്തെ പ്രസവത്തിനു ൧൩൦൦ റൂബിൾ പാരിതോഷികവും പ്രതിമാസം ൮൦ റൂബിൾ അലവൻസും. അഞ്ചാമത്തെ ശിശു ജനിക്കുമ്പോൾ ൧൭൦൦ റൂബിൾ പാരിതോഷികവും പ്രതിമാസം ൧൨൦ റൂബിൾ അലവൻസും. പ

(ശേഷം പന്ത്രണ്ടാം പേജിൽ)

# കാൺസംബ്ളിയിലെ കക്ഷിനില

## കാൺഗ്രസിൻെറ "മുഗീയഭൂരിപക്ഷവും" ഗ്രൂപ്പുകളിൽ ലീഗിൻെറ വെറും ഭൂരിപക്ഷവും

ജനുവരി ൨൦-ാംനു- വീണ്ടും സമ്മേളിക്കുന്ന ഇൻഡ്യൻ കാൺസ്റ്റിററുവൻറ് അസംബ്ളിയിലെ കക്ഷിനില താഴെ കാണുംപ്രകാരമാണ്:—

നാട്ടുരാജ്യങ്ങൾക്കുൾപ്പടെ അസംബ്ളിയിലെ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള അംഗസംഖ്യ ൩൮൫-ൽ നാട്ടുരാജ്യങ്ങൾക്കുള്ള ൯൩ സ്ഥാനങ്ങളിലേക്കു തിരഞ്ഞെടുപ്പു നടക്കുകയോ അംഗങ്ങളെ നിശ്ചയിക്കുന്ന രീതി നിർണ്ണയിക്കുകയോ ഉണ്ടായിട്ടില്ല. ബാക്കി ബ്രിട്ടീഷ് ഇൻഡ്യയ്ക്കു മാത്രമായുള്ള അംഗങ്ങൾ ൨൯൬-ൻെറ ഘടന ഇപ്രകാരമാണ്.

| | |
|---|---|
| കാൺഗ്രസ്സ് | 205 |
| മുസ്ലീംലീഗ് | 73 |
| സ്വതന്ത്രർ (സാമാന്യം) | 11 |
| സ്വതന്ത്രർ (മുസ്ലീം) | 3 |
| സിക്കുകാർ | 4 |

ആകെയുണ്ടായിരുന്ന ൨൧൦ പൊതുസീററുകളിൽ മത്സരിച്ചതിൽ കാൺഗ്രസ്സിനു ൧൯൯ സീററുകൾ ലഭിക്കുകയും ൧൧ സീററുകൾ സ്വതന്ത്രർക്കു കിട്ടുകയുമാണുണ്ടായതു്. ഡൽഹി, അജ്മീർ മേർവാരാ, കൂർഗ്, ബലൂചിസ്റ്റാൻ എന്നീ നാലു സംസ്ഥാനങ്ങൾക്ക് റിസർവുചെയ്തിരുന്ന സ്ഥാനങ്ങളിൽ മൂന്നെണ്ണം കാൺഗ്രസ്സ് കരസ്ഥമാക്കി.

ആകെയുള്ള ൭൮ മുസ്ലീം സ്ഥാനങ്ങളിൽ ൩ കാൺഗ്രസ്സിനും മൗലാനാ അബ്ദുൽകലാം ആസാദ്, ഖാൻഅബ്ദുൽഗാഫർഖാൻ, റാഫി അഹമ്മദ്കിദ്വായി എന്നിവരാണ് വിജയികൾ—൨ എണ്ണം സ്വതന്ത്രമുസ്ലീം സ്ഥാനാർത്ഥികളായി നിന്നു പഞ്ചാബ് യൂണിയനിസ്റ്റ്കക്ഷി അംഗമായനവാബ് സർ മുസ്സഫർ ആലിഖാൻ കാസിൽബാഷ്, ബംഗാൾ പ്രധാനമന്ത്രിയായിരുന്ന മി: എ. കെ. ഫസ്‌ലുൽ ഹക്ക് എന്നിവർക്കുമാണ് ലഭിച്ചതു ഇവരിൽ മി: ഹക്ക് ലീഗുകക്ഷിയിൽപിന്നീടു ചേരുകയുണ്ടായി. മുസ്ലീംലീഗിനു ആകെ ൭൩ സ്ഥാനങ്ങളും ലഭിച്ചു.

ബംഗാളിൽനിന്നു വിജയം സിദ്ധിച്ച മി: സോമനാഥലഹരി മാത്രമാണ കമ്മ്യൂനിസ്ററുകളുടെ പ്രതിനിധിയായി കാൺസംബ്ളിയിൽ പ്രവേശിച്ചിട്ടുള്ളതു്.

## ഗ്രൂപ്പുകളിൽ

കാൺസംബ്ളിയുടെ മൂന്നു വിഭാഗങ്ങളിൽ 'എ' ഗ്രൂപ്പിൽ കാൺഗ്രസ്സിനു ൧൬൪ ലീഗിനു ൧൯-ാം സ്വതന്ത്രർക്ക് ൭-ാം സ്ഥാനങ്ങൾ ഉള്ളതുകൊണ്ടു് പ്രസ്തുത വിഭാഗത്തിൽ കാൺഗ്രസ്സിനാണ ഭൂരിപക്ഷം. 'സി' വിഭാഗത്തിൽകാൺഗ്രസ്സിനു ൩൨-ാം ലീഗിനു ൩൫-ാം സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ടു്. സ്വതന്ത്രരായ മൂന്നു സാമാജികന്മാർ ഈ വിഭാഗത്തിൽ വിജയികളായവന്നിട്ടുള്ളവർ മി. ഫസ്‌ലുൽഹക്ക്, മി. സോമനാഥലാഹിരി, ഡാ: അംബദ്കർ എന്നിവരാണ്. ഇവരിൽ മി. ഹക്കുകൂടി ലീഗിൽ ചേർന്നിനാൽ ലീഗിനു ൩൬ സ്ഥാനങ്ങൾ ആയിട്ടുണ്ടു്. 'ബി' വിഭാഗത്തിൽ കാൺഗ്രസ്സിനു ൯-ാം ലീഗിനു ൧൯-ാം സ്ഥാനങ്ങൾ വീതമാണുള്ളതു്. ഈ വിഭാഗത്തിൽ ബാക്കിയുള്ള ൪ അംഗങ്ങൾ സ്വതന്ത്രരാണ്.

## പ്രാവിൻസുകളിൽ

മൂന്നു വിഭാഗങ്ങളിലും ഉൾപ്പെട്ട പ്രാവിൻസുകളിലെ കക്ഷിനില ചുവടെ ചേർത്തിരിക്കുന്നു.

### "എ" ഗ്രൂപ്പ്

(കാ:കാൺഗ്രസ്സ്. ലീ: ലീഗ്. സ്വ: മു: സ്വതന്ത്രമുസ്ലീം. സ്വ: സ്വതന്ത്ര അമുസ്ലീം)

| പ്രാവിൻസ് | കാ | ലീ | സ്വ മു | സ്വ |
|---|---|---|---|---|
| യു. പി | 45 | 7 | — | 3 |
| സി. പി. | 16 | 1 | — | — |
| മദ്രാസ് | 45 | 4 | — | — |
| ബാംബെ | 19 | 2 | — | — |
| ബീഹാർ | 28 | 5 | — | 3 |
| ഒറിസ്സാ | 8 | — | — | 1 |
| ഡൽഹി | 1 | — | — | — |
| കൂർഗ് | 1 | — | — | — |
| അജ്മീർ മീർവാറാ | 1 | — | — | — |
| ആകെ | 164 | 19 | — | 7 |

### "ബി" ഗ്രൂപ്പ്

| പ്രാവിൻസ് | കാ | ലീ | സ്വ-മു | സ്വ | സി |
|---|---|---|---|---|---|
| പഞ്ചാബ് | 6 | 15 | 1 | 2 | 4 |
| അതിർത്തി | 2 | 1 | — | — | — |
| ബലൂചിസ്റ്റാൻ | — | — | 1 | — | — |
| സിൻഡു | 1 | 3 | | | |
| ആകെ | 9 | 19 | 2 | 2 | 4 |

### "സി" ഗ്രൂപ്പ്

| പ്രാവിൻസ | കാ | ലീ | സ്വ-മു | സ്വ |
|---|---|---|---|---|
| ബംഗാൾ | 25 | 32 | 1 | 2 |
| ആസ്സാം | 7 | 3 | — | — |
| ആകെ | 32 | 35 | 1 | 2 |

ഇന്ത്യയിലെ പ്രസിദ്ധ രാഷ്ട്രീയനേതാക്കന്മാരിൽ ഭൂരിപക്ഷവും കാൺസംബ്ളി അംഗങ്ങളായിട്ടുണ്ടു്. കാൺഗ്രസ്സ്കക്ഷി അംഗങ്ങളല്ലെങ്കിലും രാഷ്ട്രീയലോകത്തിൽ സമുന്നത സ്ഥാനങ്ങൾ വഹിക്കുന്ന അനേകം മഹാന്മാരെയും പണ്ഡിതകേസരികളെയും കാൺഗ്രസ് ടിക്കററിൽ നിർത്തി അസംബ്ളിയിൽ പ്രവേശിപ്പിക്കുന്നതിനു കാൺഗ്രസ്സിനു സാധിച്ചിട്ടുണ്ടു്,

—൦—


# മാധവസർസപാരില

(നറുനീണ്ടിസത്തു്)

വളരെ നവീനരീതിയിൽ നറുനീണ്ടി (നന്നാറി)യും മററു രക്തസംവർദ്ധകങ്ങളായ ഔഷധങ്ങളും ചേർത്തു ശേഖരിച്ചതായ ഞങ്ങളുടെ "സരസപാരില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും മൂത്രം എരിച്ചിൽ, മൂത്രതടസ്സം; സ്ത്രീപുരുഷന്മാക്കുണ്ടാകാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും; രക്തവർദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ച്; കുളർമയും സുഖവും സിദ്ധിക്കുന്നതിന്നു എപ്പോഴും ഉപയോഗപ്രദം.

എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും; വില ബോട്ടൽ 3 ക. മാത്രം. **Catalogue free**

സ്റ്റാക്കിസ്റ്റ്സ്; കോഴിക്കോട്ട്; പി. കുട്ടൻബ്രദേഴ്സ്.

P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബാംബെ എന്നീ സ്ഥലങ്ങളിൽ സോൾഏജൻറന്മാരേയും സ്റ്റാക്കിസ്ററുമാരേയും ആവശ്യമുണ്ടു്. ഉടനെ അപേക്ഷിക്കുക.

മാധവഫാർമസി (എറണാകുളം) ലിമിററഡ്, എറണാകുളം

# വനിതാസൌന്ദര്യം *

(കുഞ്ഞിയമ്മ)

വനിതാസൌന്ദര്യത്തെപ്പറ്റി മിസ് ലീലാബായി വൃശ്ചികം ൧൦-ാംനു-യിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ എഴുതിയിരുന്ന ലേഖനം വായിച്ചു. വനിതാസൌന്ദര്യത്തെപ്പററി ഒരഭിപ്രായം ഒരു വനിത പ്രസിദ്ധപ്പെടുത്തിയതു് നയതന്ത്രപരമായ ഒരു മിസ്റ്റേക്ക് ആയിപ്പോയി എന്നാണ് എനിക്കു ആദ്യമായി പറയാനുള്ളതു്. ഒരു പുസ്തകത്തെപ്പററി സ്തുതിപാടിക്കൊണ്ടു നടക്കേണ്ടതു് ഗ്രന്ഥകൎത്താവല്ലാ വായനക്കാരാണ്. വായനക്കാർ സ്തുതിച്ചില്ലെങ്കിൽ ചതുരുപായങ്ങൾ പ്രയോഗിച്ചെങ്കിലും അവരേക്കൊണ്ടു സ്തുതിപ്പിക്കാൻ ശ്രമിക്കണം. അതുപോലെ വനിതാസൌന്ദര്യത്തെപ്പറ്റി ഒരു വനിത പറയുന്നതു് ആത്മപ്രശംസയായി നിന്ദിക്കപ്പെടാൻ ഇടയുണ്ടു്. പുരുഷർ വേണം സ്തുതിക്കാൻ, ഇതിനു പുരുഷന്മാർ സാധാരണ തയ്യാറായിരിക്കും. അല്ലെങ്കിൽത്തന്നെ അവരേക്കൊണ്ടു് എഴുതിക്കാൻ ഒരു വിഷമവും ഇല്ല. അഥവാ വല്ലവക്കും വിഷമം തോന്നുന്നെങ്കിൽ എന്നേ അറിയിച്ചാൽ, ഓമനക്കുട്ടൻചേട്ടനേക്കൊണ്ടു എഴുതിക്കയും ചെയ്യാം.

ഞാൻ അങ്ങനെയേ ചെയ്യാറുള്ളൂ. മുഖസ്തുതിപറയാറില്ല. എന്റെ തലമുടിയെപ്പാറി സ്തുതിക്കാൻ എനിക്കു തോന്നുമ്പോൾ ഞാൻ ഓമനക്കുട്ടൻചേട്ടനോടു ചോദിക്കും 'എന്റെ തലമുടിയെല്ലാം പൊഴിഞ്ഞുപോയി. ഇല്ലേ? ഇപ്പോൾ അരയററമേയുള്ളു!' അപ്പോൾ അദ്ദേഹം പറയും 'ഇല്ലാ ഒട്ടും പൊഴിഞ്ഞിട്ടില്ല: ഉൾക്കട്ടികൂടിയിട്ടുണ്ടു്. കാലിന്റെ പാദം വരെ എത്താൻ ആയിരിക്കുന്നു!' എന്റെ യൌവനത്തെപ്പററി എനിക്കുതന്നെ ഒരു മതിപ്പുതോന്നുമ്പോൾ ഞാൻ പറയും 'രണ്ടു പെററില്ലേ? കിഴവിയായിപ്പോയി!' അപ്പോൾ ഓമനക്കുട്ടൻചേട്ടൻ ഉശിരോടെ മറുപടിപറയും 'കുഞ്ഞിക്കു ൧൮ വയസ്സിൽ കൂടുതലുണ്ടെന്നു ആരും പറയുകയില്ല. പ്രസവിച്ചതാണെന്നുപറഞ്ഞാൽ കൂടി ആരും വിശ്വസിക്കയില്ല!' വനിതാസൌന്ദര്യത്തെപ്പററി നമുക്കു പറവാനുള്ളതും ഏകദേശം ഈ പ്ലാൻ അനുസരിച്ചു ഏതെങ്കിലും ഒരു പുരുഷനേക്കൊണ്ടു പറയിക്കയായിരുന്നു ഉത്തമം.

എനിയും പ്രകൃതത്തിലേക്കു കടക്കാം. 'സൌന്ദര്യം പ്രകൃതിദത്തമായ ഒരനുഗ്രഹമാണ്' എന്നു ലേഖകപറയുന്നതിൽ വളരെ വാസ്തവമുണ്ടു്. എന്നാൽ അതു സത്യത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. വനിതാസൌന്ദര്യത്തിന്റെ ഒരു ഭാഗം പ്രകൃതിദത്തമാണെങ്കിൽ മാറെറാരുഭാഗം കൃത്രിമനിൎമ്മിതമാണ്. പട്ടണത്തിൽ കാണുന്ന സുന്ദരിയായ ഒരു പരിഷ്കാരിപ്പെണ്ണിനെ നല്ലപോലെ ഇഞ്ചതേപ്പിച്ചു് ചൂടുവെള്ളത്തിൽ കുളിപ്പിച്ചാൽ അവളുടെ സൌന്ദര്യത്തിന്റെ മുക്കാൽ ഭാഗവും നഷ്ടമാകുന്നതുകാണാം. പൌഡറിന്റെ വെളുപ്പും, റൂഷിന്റെ rouge ചുടുപ്പും, ഫെസ്ക്രീമിന്റെ മിനുപ്പും ലിപ്സ്റ്റിക്കിന്റെ ചുവപ്പും കെസ്റ്റോസിന്റെ എടുപ്പും പട്ടണത്തിലെ വനിതാസൌന്ദര്യത്തിന്റെ അവിഭിന്നാംശങ്ങളാണെങ്കിലും പ്രകൃതിദത്തങ്ങളല്ല. നമ്മുടെയൊക്കെ കണ്ണെഴുത്തും ചാന്തുപൊട്ടും വെററിലമുറുക്കും ഇതുപോലെ തന്നെയാണ്. പട്ടുസാരിയും സിൽക്കബ്ളൌസും സ്വൎണ്ണമാലയും വൈരക്കമ്മലും എല്ലാം പ്രകൃതിദത്തമല്ലാത്ത വനിതാസൌന്ദര്യത്തിന്റെ അംശങ്ങളാണ്. സൌന്ദര്യത്തിനു ഇവയൊന്നും ആവശ്യമില്ലെന്നു നാം ഒരിക്കലും പുരുഷന്മാർ കേൾക്കെ പറഞ്ഞുകൂടാ. ഇവവാങ്ങാതെ ഇരിക്കാൻ ഒഴികഴിവുകൾ നോക്കിക്കൊണ്ടിരിക്കുന്ന അവർ ഇതുകേട്ടാൽപിന്നെ എന്തെങ്കിലും വാങ്ങിച്ചു തരുമോ? ഇല്ലെന്നു തീൎച്ചയായും പറയാം. വനിതാസൌന്ദര്യം സ്വൎണ്ണവും സിൽക്കും കൊണ്ടാണു നിൎമ്മിതമായിരിക്കുന്നതു് എന്നുവേണം അവരേ ധരിപ്പിക്കാൻ.

'ലോകം സൌന്ദര്യത്തെ ആരാധിക്കുന്നു' എന്നു മിസ് ലീലാബായി പറയുന്നു. ഇതു് ആപൽക്കരമായ ഒരു ധാരണയാണെന്നു ഞാൻ സഹോദരിമാരെ ഉത്ബോധിപ്പിച്ചുകൊള്ളുന്നു. സൌന്ദര്യത്തെ സ്വായത്തമാക്കാൻ, കടിച്ചുതിന്നാൻ, ഛിന്നഭിന്നമാക്കാൻ, നശിപ്പിക്കാൻ, ലോകം ശ്രമിക്കുന്നു എന്നുപറഞ്ഞാൽ അതു കൂടുതൽ ശരിയായിരിക്കും. ഒരു കൊച്ചുകുട്ടി ഒരു നല്ല പൂവുകണ്ടാൽ അതിനേ സ്നേഹാദരങ്ങളോടെ സമീപിക്കുന്നു. സ്വന്തമാക്കുന്നു, മണപ്പിക്കുന്നു, പിച്ചിക്കീറുന്നു, താഴെയിട്ടു ചവിട്ടുന്നു. ഇങ്ങനെയാണ് അതിന്റെ 'സൌന്ദര്യാരാധന' അവസാനിക്കുന്നതു്. വനിതാസൌന്ദര്യത്തെപ്പററിയുള്ള പുരുഷന്റെ ആരാധനയും മിക്കപ്പോഴും ഈ മട്ടിൽ അവസാനിക്കുമെന്നു പലരുടെയും അനുഭവങ്ങൾ നമ്മെ കാണിക്കുന്നു. ഈ ആരാധകരെ എപ്പോഴും ഒരു തീണ്ടാപ്പാടു് അകററിനിൎത്തണം. അടുക്കാൻ അനുവദിച്ചാൽ ഭജനം മൂത്തു ഊരാണ്മയാകും. നമ്മുടെ സൌന്ദര്യത്തെത്തന്നെ അവർ വിഴുങ്ങും. സൂൎയ്യാസ്തമനം, സൂൎയ്യോദയം, ചന്ദ്രോദയം മുതലായ സൌന്ദര്യവിശേഷങ്ങൾ മനുഷ്യന്റെ പിടിയിൽ പെടാത്തവിധം അകലെ ആയിപോയതു് അവയുടെ ഭാഗ്യമെന്നേ പറയേണ്ടു. അല്ലെങ്കിൽ അവ ഇതിനകം നാനാവിധമാക്കപ്പെട്ടുമായിരുന്നു.

'അവളുടെ സൌന്ദര്യമാണ് ലോകത്തിൽ അവളെ വിലപിടിപ്പിക്കേണ്ടതു്' എന്നു ലേഖക സ്ത്രീയേപ്പാറി പറയുന്നു. മരുന്നുകുപ്പിയുടെ പുറമേ പൊതിയുന്ന വൎണ്ണക്കടലാസാണ് മരുന്നിനെ വിലപിടിപ്പിക്കേണ്ടതു് എന്നു പറയുന്നതുപോലെ ഇരിക്കുന്നു ഇതു്. എല്ലാവരേയും ഒന്നു ആകർഷിക്കാനും ചില വിഡ്ഢികളെക്കൊണ്ടു ഒരു പ്രാവശ്യം വാങ്ങിപ്പിക്കാനും വൎണ്ണക്കടലാസിനു കഴിയും. എന്നാൽ മരുന്നു് നിഷ്പ്രയോജനമാണെന്നു കാണുമ്പോൾ മരുന്നും വൎണ്ണക്കടലാസും ഒന്നുപോലെ പുറംതള്ളപ്പെടും. സൌന്ദര്യം വനിതയുടെ വെറും പാക്കിംഗ് പേപ്പറാണ്. അതിന്റെ മോടികൊണ്ടു് പുരുഷന്റെ ദൃഷ്ടികളെ ആകർഷിക്കാനും, ഒരു പക്ഷേ ഒരു വിഡ്ഢിയേ ഭർത്താവായി ലഭിക്കാനും സാധിച്ചേക്കാം. എന്നാൽ ഭർത്തൃലബ്ധികൊണ്ടുമാത്രം വനിതക്കു ജന്മസാഫല്യം കിട്ടുന്നില്ലല്ലോ. വൈവാഹികജീവിതപ്പോരിൽ വിജയം നേടുന്നതിനു പല വിശേഷഗുണങ്ങളും മിടുക്കും പാടവങ്ങളും അവൾക്കു ഉണ്ടായിരിക്കണം. അവയാണ് അവളേ വാസ്തവത്തിൽ വിലപിടിപ്പിക്കുന്നതു്. സൌന്ദര്യമുള്ള എത്ര മണ്ടികൾ കണ്ണീരും കയ്യുമായി കഴിയുന്നു! സൌന്ദര്യമില്ലാത്ത എത്ര മിടുക്കികൾ ഭർത്തൃഭരണം പ്രശംസാർഹമാംവണ്ണം നടത്തി വിജയക്കൊടി നാട്ടുന്നു!

'ധനപതിയായ ഒരു വിരൂപിയെ ഒരു പുരുഷൻ ആത്മാൎത്ഥമായി സ്നേഹിക്കുന്നില്ല. എന്നാൽ ഒരു സൌന്ദര്യധാമം നിൎദ്ധനയെന്നിരുന്നാലും ഒരു പുരുഷനു് അവളെ ഹൃദയംഗമമായി സ്നേഹിക്കാൻ കഴിയും' എന്നതു് മിസ്സുകളുടെ ഇടയിൽ പ്രചരിക്കുന്ന ഒരു മിഥ്യയാണ്. സൌന്ദര്യം തൊലിപ്പുറത്തു മാത്രമുള്ളതാണ്. സ്നേഹം കുറേക്കൂടെ ഉള്ളിലേക്കു കടക്കും. സ്നേഹവും തൊലിപ്പുറത്തെ സൌന്ദര്യവുമായി വലിയ ബന്ധമൊന്നുമില്ല. ഒരുപക്ഷേ സ്നേഹം എന്നതിനു പകരം കാമം എന്ന വാക്കുപയോഗിച്ചാൽ കാൎയ്യം ഏറെക്കുറെ ശരിയായിരിക്കാം. ടാർസ്കക്ഷേത്ര്യയിലെ വനിതകൾക്കു ചൂട്ടും മഴക്കാറവുംകൊണ്ടു് പാറിയെന്നു ലേഖക പറയുന്നതുപോലെ ·(അപ്പോൾ എനിക്കൊരു സംശയം. ചൂടുകാലത്തു വനിതകളുടെ സൌന്ദര്യം കായുകയും മഴക്കാലത്തു കൂടുകയും ചെയ്യുമോ? ഒന്നുപരീക്ഷിച്ചു നോക്കണം?)—ഏതെങ്കിലും കാരണങ്ങൾകൊണ്ടു ഓരോ വനിതയുടേയും സൌന്ദര്യം അസ്തമിക്കുന്ന ഒരു കാലമുണ്ടു്. അന്നു പുരുഷന്മാരുടെ ആരാധനയും സ്നേഹവും അസ്തമിക്കുമല്ലോ. എന്നാൽ അന്നും കെട്ടുപോകാതെ പ്രശോഭിക്കുന്ന സ്നേഹത്തെ പ്രദാനം ചെയ്യുന്ന ഒരു പുരുഷഹൃദയം സ്വായത്തമാക്കിയ എന്നേപ്പോലുള്ള വനിതകൾ ധാരാളമുണ്ടു്. എല്ലാ പെണ്ണുങ്ങ

(ശേഷം അഞ്ചാംപേജിൽ)

* അ. കേ. ഭാൎയ്യാസംഘം ആ. പ്രസിഡണ്ട് ശ്രീ. കുഞ്ഞിയമ്മയുമായി 'വനിതാ' പ്രതിനിധി നടത്തിയ ഒരഭിമുഖസംഭാഷണത്തിന്റെ സംഗ്രഹം—വി. കെ. രാജരാജവൎമ്മ.

(രണ്ടാംപേജിൽനിന്നും തുടർച്ച)

ങ്ങനെയാണ് അദ്ദേഹത്തിനു തോന്നിയതു്) ഒതുങ്ങിനിന്നിരുന്നില്ല. സാർവ്വരാഷ്ട്രീകമായ പാഠങ്ങളെയെല്ലാം ഒരു രാഷ്ട്രീയവ്യയററാലിയുടെ ആത്തിയോടെയാണ് അദ്ദേഹം ചവച്ചിറക്കിയതു്. ജയപ്രകാശിന്റെ നോട്ടം വാൎദ്ധായിലേയ്ക്കു മാത്രമല്ലായിരുന്നു. മാഡ്രിസും ചുങ്കിങ്ങിലേക്കുംകൂടി അദ്ദേഹം ദൃഷ്ടിപതിച്ചിരുന്നു. ജവഹരിലാൽ, അദ്ദേഹത്തിന്റെ കാൺഗ്രസ്സിലെ സ്ഥാനം, ജയപ്രകാശിനെ പലവിധത്തിലും സഹായിച്ചിട്ടുണ്ടെന്നു് കഥാപുരുഷൻതന്നെ പറയുന്നുണ്ടു്. അതു് അദ്ദേഹത്തിനു് താങ്ങുംതണലുമായിരുന്നു. എന്തുകൊണ്ടാണതു് എന്നുള്ള ചോദ്യം പലേടത്തും മുഴക്കപ്പെട്ടു. ജയപ്രകാശിന്റെ ആദർശം ഭാരതീയതയാകുന്ന ഉരകല്ലിൽ ഉരച്ചെടുത്തതാണ് എന്ന ഒററവാചകം മതി അതിനു മറുപടിയായി.


ജീവിതത്തിന്റെ മുഖ്യഘട്ടങ്ങൾ ജയിൽജീവിതത്തിൽ അടിഞ്ഞുപോയെങ്കിൽ അവ പൂൎണ്ണമായും വ്യൎത്ഥമാക്കപ്പെട്ടില്ല എന്നെങ്കിലും സമാധാനിക്കാം. ജയിലുകളിൽവച്ചു് ഏററവും ദയനീയമായ ലാഹോർഫോർട്ടിൽ അദ്ദേഹത്തിനു കഴിച്ചുകൂട്ടേണ്ടിവന്നു. ധർമ്മപത്നി പ്രഭാവതീദേവി കണ്ണുനീർ വാൎത്തു. അദ്ദേഹംതന്നെ വിവരിക്കുന്ന ആ ദിനചര്യകൾ ഏല്ക്കേണ്ടിവന്ന കഷ്ടപ്പാടുകളുടെ കാഠിന്യം കണ്ണുനീർവാൎക്കാതെ ഒരുവനും വായിക്കാൻ സാധിക്കുന്നതല്ല. പഞ്ചാബ് അസംബ്ളിയിലും കേന്ദ്രഅസംബ്ളിയിലും ചോദ്യോത്തരങ്ങൾ ഇക്കാരണത്തിൽ മുഖരിതമാകാതിരുന്നില്ല.

൧൯൪൨ ആഗസ്റ്റ് ൯—ഇൻഡ്യാചരിത്രത്തിൽ ഒരു അവിസ്മരണീയദിനമല്ലേ. അന്നുണ്ടായ കുഴപ്പങ്ങൾക്കു് കാൺഗ്രസ്സ് ഖക്കിംഗ്കമ്മിററിയെ ഉത്തരവാദിയാക്കി. എന്നാൽ അതിന്റെ സിംഹഭാഗവും ജയപ്രകാശിന്റെ വിശ്രമമെന്നറിയാത്ത തോളിൽ ഇറക്കിവച്ചിട്ടു് വൎക്കിംഗ്കമ്മിററി ഒഴിഞ്ഞുമാറി. സംഗതികളുടെ യഥാൎത്ഥ്യം എന്തൊക്കെയായിരുന്നാലും ഇൻഡ്യൻജനതയുടെ ഒരു പ്രമുഖവിഭാഗത്തിന്റെ ഹൃദയത്തിൽ ജയപ്രകാശന്റെ നാമധേയം തിളങ്ങുന്നതാണ്. ൧൯൪൨ നവംബർ ഒരു പ്രഭാതത്തിൽ, ജയപ്രകാശ് ബീഹാറിലെ ഹസാർബാഗ് ജയിലിൽനിന്നും അപ്രത്യക്ഷനായ വാൎത്ത ലോകത്തെ അമ്പരപ്പിച്ചില്ലേ? ആ വിവരങ്ങൾ വർഷങ്ങൾ പലതു കഴിഞ്ഞെങ്കിലും ഇന്നു രഹസ്യമായിട്ടു അവശേഷിക്കുന്നു.

ബോസ് കയിയാവുദ്ദീൻ ആയ കഥ വായിക്കുന്നതിൽ ഒട്ടും കുറഞ്ഞ ആകാംക്ഷയോടല്ല അരുണയുടേയും പട്ടവൎദ്ധന്റെയും ലോഹിയായുടെയും നേതാവായ ജയപ്രകാശിന്റെ ജയിൽവാസവും തിരോധാനവും കഥ വായിക്കുന്നതു്.

ഇക്കഴിഞ്ഞ ഏപ്രിൽ ൧൧-ാംനു- സായാഹ്നം ജയപ്രകാശ് വിമോചിതനാക്കപ്പെട്ടുവെന്ന വാൎത്തകൊണ്ടു് എത്രയെത്ര ഹൃദയങ്ങളുടെ നെടുവീൎപ്പുകളിലാണ് അന്തരീക്ഷം മുഖരിതമാക്കപ്പെട്ടതു്.

—o—


CONSTITUENT ASSEMBLY OF INDIA

These persons whose signatures are recorded in this book having been chosen to be Members of the Constituent Assembly of India under the terms of the Statement dated 16 May 1946 made by The British Cabinet Mission and His Excellency the Viceroy have taken their seats at a meeting of the said Assembly


## കാൺസ്റ്റിററ്യുവൻറ അസംബ്ളി അംഗരജിസ്റ്റർ


രജിസ്റ്ററിന്റെ ആദ്യവശത്തു മന്ത്രിസഭാമിഷന്റെ പ്രഖ്യാപനത്തെപ്പററിയുള്ള സൂചന അടങ്ങിയിട്ടുണ്ടു്. ഇൻഡ്യയുടെ ചിഹ്നം മുകളിൽ ചേൎത്തുകാണുന്നു.


# ശ്രീ ചട്ടമ്പി സ്വാമികൾ *

വിസ്മൃതപ്രായമായൊരദ്വൈതസിദ്ധാന്തത്തേ
വിശ്രുതമതിൻ ജന്മക്ഷേത്രത്തിലുണൎത്തിയോൻ
വീണുപോയൊരു നായർവംശത്തിൻമഹിമയേ
വീണ്ടെടുത്തഭിമാനമേററിയോൻ മഹാമാനി
ജാതിവ്യത്യാസധ്വാന്തഭാസ്കരൻപൌരാണിക
ജ്ഞാനസമ്പത്താൽലോകംവെന്നൊരുമഹാവിദ്വാൻ
ദുഷ്പ്രചാരകസംഘവിക്രമാന്തകത്തേററം
നിഷ്പ്രഭമാക്കിധൎമ്മമുദ്ധരിച്ചുള്ളവീരൻ
ചട്ടമ്പിസ്വാമിയെന്ന പേരിനാലുലകത്തിൽ
ശ്രേഷ്ഠമാംഖ്യാതിപെററ'ഷൺമുഖദാസ'യോഗി
മുനിയെന്നാലും വാക്കിൻവൈഭവത്താലശ്രേഷ്ഠൻ
യമിയെന്നാലും പോരാടീടുവാൻതുനിഞ്ഞുള്ളോൻ
പുണ്യകേരളഭൂമിക്കിന്നുരണ്ടാമൻ രാമൻ
നിൎണ്ണയം ജയിക്കുന്നു നമ്മുടെ ഭാഗ്യത്തിനാൽ
ശ്രീ ബാലഭട്ടാരക പൂജ്യപാദ-
സമാധിയാൽ പാവനമിപ്രദേശം
ലസിച്ചിടട്ടേ മലയാളനാട്ടിൻ
തീൎത്ഥസ്ഥലങ്ങൾക്കണിരത്നമായി.

* ബിക്കാനീർ പ്രൈംമിനിസ്റ്റർ സർദാർ, കെ. എം. പണിക്കർ, ശ്രീ. ചട്ടമ്പിസ്വാമികളുടെ സമാധിസ്ഥലം സന്ദർശിച്ച അവസരത്തിൽ എഴുതിയതു്.



മുകളിൽ ഇടത്ത്—ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ: ഹാർട്ടിക്കൾച്ചറൽ ലണ്ടൻഹാളിൽവച്ച് ശസ്ത്രക്രിയയ്ക്കുള്ള ഏറ്റവും പരിഷ്കൃതമായ ഉപകരണങ്ങൾ പ്രദശിപ്പിക്കപ്പെട്ടു. മുകളിൽ കാണുന്നത് ശസ്ത്രക്രിയയ്ക്കുമുമ്പ് രോഗികളെ ബോധംകെടുത്തുന്നതിനുള്ള ഒരു യന്ത്രമാണ്.

വലത്ത്—ഭൂഗർഭറെയിൽവേ. ലണ്ടൻ ഭൂഗർഭറെയിൽവെ ലിവർപൂൾസ്ട്രീററിൽനിന്നു സ്റ്റാറഫോർഡിലേക്ക ഈയിടെ നീട്ടുകയുണ്ടായി. ട്രാൻസ്പോർട്ടുമന്ത്രി മി. ബാർൻസ് ആണ ഇതിൻെറ ഉൽഘാടനം നിർവ്വഹിച്ചത്. ഒരു സ്വർണ്ണത്താക്കോൽ സിഗ്നലിൽ ഇട്ടു തിരിച്ചപ്പോൾ പച്ചഅടയാളം പ്രദർശിക്കപ്പെടുകയും ആദ്യത്തെ വണ്ടി സ്റ്റാററ്ഫോർഡിലേക്ക കടന്നുപോകുകയും ചെയ്തു. മി. ബാർൻസിൻെറ സമീപത്തു നിൽക്കുന്നതു ലണ്ടൻ കൗണ്ടികൗൺസിൽചെയർമാൻ മി. ജൺക്ലിഫ് ആണ്.

താഴെ—സൗത്ത് ആഫ്രിക്കൻസന്ദർശനം. ബ്രിട്ടീഷ് രാജാവും രാജകുടുംബാംഗങ്ങളും ഫെബ്രുവരിയിൽ സൗത്ത് ആഫ്രിക്കയിലേയ്ക്കു യാത്രചെയ്യുന്നതിന് "വാൻഗാർഡ്" എന്ന 45000-ടൺകപ്പൽ ആണുപയോഗിക്കുന്നത്. പ്രസ്തുത കപ്പൽ ഒരു പരീക്ഷണയാത്ര നടത്തുന്ന അവസരത്തിൽ വിമാനത്തിൽനിന്നെടുത്തഫോട്ടോ.

## റഷ്യയിലെ വനിതകൾ

—o—

(പത്താംപേജിൽനിന്നും തുടർച്ച)

അഞ്ചാമത്തെ സന്താനത്തിൻെറ ജനനംമുതൽ പിന്നീടുള്ള ഓരോ പ്രസവത്തിനും ൫൦൦ റൂബിൾ പാരിതോഷികവും പ്രതിമാസം ഓരോ ശിശുവിനും ൩൦ റൂബിൾ അലവൻസും.

### പ്രസവവും ശിശുസംരക്ഷണവും

൧൯൧൪-ൽ യു. എസ്. എസ്. ആർ-ലെ ആശുപത്രികളിൽ ൬൪൫,൦൦൦ സ്ത്രീകൾക്ക പ്രസവസംബന്ധമായ ശുശ്രൂഷകൾ ചെയ്യുന്നതിന സൗകര്യങ്ങൾ ഏർപ്പെടുത്തപ്പെട്ടിരുന്നു. ൧൯൧൩-ൽ ആകെ ൬൭൦൦ പേൎക്ക മാത്രമേ ഈവിധ സൗകര്യങ്ങൾ നൽകുന്നതിന ഏർപ്പാടുണ്ടായിരുന്നുള്ളു. ശിശുക്കൾക്കായിനാട്ടിൻപുറത്തെ വാഡുകൾ ഉൾപ്പെടെ ആകെ ൭൭൦൦ ആരോഗ്യകേന്ദ്രങ്ങളും കഴിഞ്ഞ യുദ്ധത്തിനുമുമ്പു പ്രവൎത്തനം നടത്തിക്കൊണ്ടിരുന്നു. സാർഭരണകാലത്ത് ശിശുക്കൾക്ക റഷ്യയിൽ ആകെ ൯ ആശുപത്രികളാണുണ്ടായിരുന്നത്.

ഒരുമാസംമുതൽ മൂന്നുവർഷംവരെ പ്രായമുള്ള ശിശുക്കൾക്കായി ഏർപ്പെടുത്തപ്പെട്ടിട്ടുള്ള 'നഴ്സറി'കളുണ്ട് ശിശുസംരക്ഷണത്തിനായി റഷ്യയുടെ നാനാഭാഗങ്ങളിലും ധാരാളമായിക്കാണുന്ന സ്ഥാപനങ്ങൾ. ൧൯൪൧ ജനുവരി ൧-ാംതീയതിയിലെ കണക്കനുസരിച്ചു റഷ്യയിൽ ൭൬൪,൧൭൬ ശിശുക്കൾക്ക സംരക്ഷണവും ശുശ്രൂഷയും വിനോദവും നൽകുന്നതിനായി ൧൩൧൩൬ നഴ്സറികൾ നടപ്പിലിരുന്നു. കൃഷിക്കാലത്തു പൊതുകൃഷിസ്ഥലങ്ങളിലെ ജോലിക്കാരുടെ ശിശുക്കളെ സൂക്ഷിച്ചു ശുശ്രൂഷിക്കുന്നതിനായി ൪,൦൦൦,൦൦൦ ശിശുക്കൾക്ക പ്രവേശനം അനുവദിക്കുന്നതിന സൗകര്യങ്ങളോടുകൂടിയ ൧൪൩൬൭ സ്ഥാപനങ്ങളും പ്രവൎത്തനം നടത്തിയിരുന്നു.

ശിശുസംരക്ഷണത്തിനായി ഏർപ്പെടുത്തപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവൎത്തനങ്ങളുടെ ഫലം റഷ്യയിൽ ബാലമരണം ഇല്ലെന്നുള്ളതാണ്. മൂന്നുവയസ്സിനുമേൽ പ്രായമുള്ള കുട്ടികളെ ശുശ്രൂഷിക്കുന്നതിനുള്ള സ്ഥാപനങ്ങളുടെ പേർ 'കിൻഡർഗാർട്ടൻസ്' എന്നാണ്. യുദ്ധാരംഭത്തിനുമുമ്പ് ൧൨൦൦൦൦൦ കുട്ടികളെ കിൻഡർഗാർട്ടൻസിൽ പ്രവേശിപ്പിച്ചിരുന്നു. വെക്കേഷൻകാലത്ത് ഇത് 'സമ്മർക്യാമ്പ്'കളിൽ ൨൦൦൦൦൦൦ കുട്ടികൾക്ക പ്രവേശനം അനുവദിക്കപ്പെട്ടിരുന്നു. ആരോഗ്യകേന്ദ്രങ്ങളിൽ ൧൯൪൦-ൽ ൪൭൦൦൦൦ കുട്ടികൾക്ക ചികിത്സ നൽകപ്പെട്ടിരുന്നതായും കാണുന്നു.

സോവ്യററഷ്യയിലെ മാതാക്കളുടെയും ശിശുക്കളുടെയും സംരക്ഷണകാൎയ്യത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി ൧൯൪൧-ൽ സേവനം നടത്തിയ ഡാക്ടർമാരുടെ എണ്ണം ൨൭൦൦൦ ആണ്. സാർഭരണകാലത്തു റഷ്യയിൽ ആകെയുണ്ടായിരുന്ന ഡാക്ടർമാരുടെ എണ്ണം ഇതിൽ ൭൦൦൮-ൽ കുറവായിരുന്നു.

അവിവാഹിതരായ മാതാക്കൾ റഷ്യയിൽ പുറംതള്ളപ്പെട്ടിട്ടില്ല. സന്താനങ്ങളുടെ സംഖ്യയനുസരിച്ച് അവൎക്ക സ്റ്റേററിൽനിന്ന അലവൻസു നൽകപ്പെടുന്നു. വിവാഹിതരായ സ്ത്രീകൾക്ക അനുവദിക്കപ്പെട്ടിട്ടുള്ള സൗജന്യങ്ങൾക്ക അവരും അർഹരാണ്.

ധനസഹായംകൂടാതെ മററു ബഹുമതികളും സോവ്യററ റഷ്യയിലെ മാതാക്കൾക്ക അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അഞ്ചാമത്തെ ശിശുവിൻെറ ജനനംമുതൽ മാതാവിനു മെഡലുകൾ, ആർഡർകൾ മുതലായ ബഹുമതികൾ ലഭിക്കുന്നു. പത്തും അതിൽ കൂടുതലും ശിശുക്കളെ പ്രസവിച്ച മാതാവ് 'മദർഹീറോയിൻ' എന്ന ഉന്നതബഹുമതിക്ക അർഹയാണ്.

ഫാസിസ്റ്റ് കാട്ടാളന്മാർ റഷ്യയിലെ ശിശുസംരക്ഷണകേന്ദ്രങ്ങളിൽ അനേകം എണ്ണം നശിപ്പിക്കുകയുണ്ടായി. പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നശിപ്പിക്കപ്പെട്ടവയുടെ പുനരുദ്ധാരണത്തിനുമായി ൧൯൪൪-ൽ റഷ്യൻഗവണ്മെൻറ ൨൭൦൦൦൦൦ റൂബിൾ അനുവദിച്ചു. ൧൯൪൬-ലെ ബഡ്ജററിൽ ആകെച്ചിലവിൻെറ ൪.൬ ശതമാനം വരുന്ന ൧൪,൭൦൭,൦൦൦,൦൦൦ റൂബിൾസ് പൊതുജനാരോഗ്യത്തിന നീക്കിവച്ചിട്ടുണ്ട്. ഇതിൽ ൨൭ ശതമാനം സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണത്തിനായി ചിലവാക്കപ്പെടുന്നതാണ്.

സോവ്യററിലെ സ്ത്രീകൾക്ക അനുവദിക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയാവകാശങ്ങൾ അനുഭവിക്കുന്നതിന സ്റ്റേററ നൽകുന്ന സൗകര്യങ്ങളാണ മേൽ വിവരിച്ചിട്ടുള്ളവ.

—o—

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.